ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതിക്ഷേത്രം
പി.ഒ.തളി, വരവൂർ വഴി, തൃശ്ശൂർ ജില്ല 680585
ഫോൺ: 9846236688, 9645150312

ചരിത്രതാളുകളിലൂടെ

IVrd Edition August 2025

ചിരം ദേവീരൂപം മമമനകുസുമേ ശോഭയോടെ വിളങ്ങാൻ,
വരാൻ ദേവീ നാമം അടിയനുടെ രസനേ നിത്യവും ചൊല്ലീടാനായ്
സദാ ദേവീപാദേ കുസുമതതി ചൊരിഞ്ഞർച്ചനം ചെയ്തീടാനായ്,
വിരുട്ടാണത്തമ്മേ കനിയണമടിയനെന്നുമീ ഭാഗ്യമേറ്റം

ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതിക്ഷേത്രത്തെ പറ്റി കുറച്ചു വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു പുസ്തകം 2014 വർഷത്തിൽ ഭക്തജനങ്ങൾക്കായി സമർപ്പിക്കുകയുണ്ടായി. ആയിരം കോപ്പി ഉണ്ടാക്കിയത് ഒരു വർഷംകൊണ്ടുതന്നെ തീർന്നിരുന്നു. മറ്റു പലവിധ സാഹചര്യങ്ങളാൽ ഇതിന്റെ രണ്ടാമത്തെ പതിപ്പ് പുറത്തിറക്കുവാൻ അല്പം വൈകി. പഴയകാര്യങ്ങളെ ഒന്നുകൂടി അപ്ഡേറ്റ് ചെയ്ത് വീണ്ടും ഈ പുസ്തകത്തിന്റെ രണ്ടാമത്തെ പതിപ്പ് പുറത്തിറക്കിയിരുന്നു. ഈ പുസ്തകത്തിന്റെ 2ാമത്തെ പതിപ്പും തീരാറായി. ഈ സാഹചര്യത്തിൽ ഇതിലെ ഉള്ളടക്കങ്ങളെ പുതുക്കി വീണ്ടും 3ാമത്തെ പതിപ്പായി പുറത്തിറക്കുവാൻ സാധിച്ചതിൽ അത്യധികം സന്തോഷിക്കുന്നു. ഭക്തജനങ്ങൾ ഈ പുസ്തകത്തെ സദയം സ്വീകരിച്ച് ഈ സദുദ്യമത്തെ വിജയിപ്പിക്കുവാൻ ദേവീ സേവയിൽ അഭ്യർത്ഥിക്കുന്നു.

അമ്മേ ശരണം, ദേവീ ശരണം,
വിരുട്ടാണം ഭഗവതി ക്ഷേത്രം

IVrd Edition August 2025, Printed at Pooja Press for
Sree Veerasthanam Viruttanam Bhagavathi Khesthram
Private Circulation only

ആമുഖം

അമ്മയുടെ പാദാരവിന്ദങ്ങളിലേയ്ക്ക്

ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതിക്ഷേത്രത്തിന്റെ ഐതിഹ്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, നിത്യനിദാന പൂജാദികർമ്മങ്ങൾ, ആണ്ടുവിശേഷങ്ങൾ തുടങ്ങി പലവിധ കാര്യങ്ങളെ ഉൾക്കൊള്ളിച്ച് ഇദം പ്രഥമമായി ഒരു സ്മരണിക 2010 ൽ പ്രസിദ്ധീകരിച്ച് സമർപ്പിക്കുകയുണ്ടായി. അതിന്റെ പ്രചരണം വളരെ വിപുലമായിരുന്നു. ചുരുങ്ങിയ കാലയളവിൽ അന്നുണ്ടാക്കിയ കോപ്പികൾ മുഴുവനും വിതരണം ചെയ്തു കഴിഞ്ഞതിനെ തുടർന്ന് അതിന്റെ രണ്ടാം എഡിഷൻ ഉണ്ടാക്കാൻ ചിന്തിച്ചു. അതിന്റെ അപ്രായോഗ്യത മനസ്സിലാക്കിയപ്പോൾ അതേ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് അന്ന് വിട്ടുപോയ പല കാര്യങ്ങളും ചേർത്ത് പരസ്യങ്ങൾ ഒഴിവാക്കി തികച്ചും ക്ഷേത്രത്തിന്റെ കാര്യങ്ങൾ മാത്രം വിശദമായി ഏതു പ്രായക്കാർക്കും മനസ്സിലാകത്തക്കവിധം ഒരുക്കുകയാണ്. ഇതൊരു അടിസ്ഥാന വിവരണമായി കണക്കാക്കുവാനും കാലാകാലങ്ങളിൽ ഉണ്ടാവുന്ന മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പുനഃപ്രസിദ്ധീകരിക്കുവാനും ഉദ്ദേശിക്കുന്നു. ഈ പുസ്തകത്തിലേക്ക് ചരിത്രകഥകൾ, ലേഖനങ്ങൾ, ഭക്തിഗാനങ്ങൾ എന്നിവതന്നവർക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു. പലവിധതിരക്കുകൾക്കിടയിലും ഇത്രയും ഭംഗിയായി അച്ചടിച്ച് തന്ന പൂജ പ്രിൻടേർസിനോടും പ്രത്യേകിച്ച് ശ്രീ പ്രമോദ് / അഭിലാഷിനോടും നന്ദി പറയട്ടെ കേട്ടറിവും അനുഭവവേദ്യമായ പലവിധ കാര്യങ്ങളും പലയിടത്തുമായി ഈ പുസ്തകത്തിൽ വിതറി കിടക്കുന്നുണ്ടാവാം. അവയെല്ലാം വേവിധം കോർത്തിണക്കി കാര്യങ്ങൾ ഗ്രഹിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ പുസ്തകം ഭക്തജനങ്ങൾക്ക് സഹായകരമാകും എന്ന് വിശ്വസിക്കുന്നു.അതുപോലെ ഇതിലെ പാകപിഴകൾ പൊറുക്കുവാനും സന്മനസ്സോടെ ഇതിനെ സ്വീകരിച്ച് വരും തലമുറകൾക്ക് ഈ ക്ഷേത്രത്തെപ്പറ്റിയും ദേവിയുടെ മഹാത്മ്യത്തെ കുറിച്ചും അറിവ് പകരാൻ ഈ പുസ്തകം 4 ാം പതിപ്പ് ഉപയോഗപ്പെടുമെന്ന് കരുതട്ടെ. വിരുട്ടാണത്തമ്മയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ചുകൊണ്ട്.

വി.കെ.എസ്. അടികൾ

അവതാരിക

ഭാരതഭൂമിയുടെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ എവിടെ നോക്കിയാലും ശൈവ വൈഷ്ണവ ശാക്തേയങ്ങളായ ധാരാളം ദേവന്മാരെ ആരാധിക്കുന്ന അനവധി ക്ഷേത്രങ്ങൾ കാണാം. ഒരു കുടുംബത്തിന്റെ നിലനിൽപ്പിനും, ഐശ്വര്യത്തിനും, അഭിവൃദ്ധിക്കും, സുഖാനുഭവങ്ങൾക്കും വേണ്ടി ശില്പശാസ്ത്രമനുസരിച്ച് ഗൃഹനിർമ്മാണം ചെയ്ത് ധാർമ്മിക ജീവിതം നനയിക്കുകയാണെങ്കിൽ ഗൃഹസ്ഥാശ്രമ ജീവിതം ശ്രേയസ്കരമാകുന്നു. അതുപോലെ ദേവാലയ നിർമ്മാണം ചെയ്ത് ദേവപ്രതിഷ്ഠ നടത്തി ശാസ്ത്രവിധിയനുസരിച്ച് ക്രിയാദികൾ നടത്തുകയാണെങ്കിൽ നാടിനും നാട്ടുകാർക്കും വിശിഷ്യാ ഭക്തജനങ്ങൾക്കും ഐശ്വര്യാഭിവൃദ്ധി, സമാധാനചിത്തത, ആത്മീയ പുരോഗതി മുതലായവ ഉണ്ടാകുമെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു.

യോഗശാസ്ത്രപരവും, വൈദികവും താന്ത്രികവുമായ ക്രിയാഭാഗങ്ങൾ വളരെ സമഞ്ജസമായി സമ്മേളിച്ച ഒരു സുരക്രിയയാണ് സാധാരണ നാം ചെയ്യാറുള്ള ക്ഷേത്രദർശനം. അതിന്റെ പ്രാധാന്യവും ഗൗരവവും മനസ്സിലാക്കി ക്ഷേത്രദർശനം ചെയ്യുന്നതു തന്നെ പൂർണ്ണമായ ഒരു ഉപാസനയാണ്. മറ്റൊരു ഉപാസനയും ചെയ്യുവാൻ അശക്തരായ സാധാരണക്കാരുടെ ആദ്ധ്യാത്മിക ഉന്നമനത്തിന് വേണ്ടിയാണ് ഗ്രാമങ്ങൾ തോറും ക്ഷേത്രങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതും അത് നാടിന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ ഉത്കർഷത്തിനു വേണ്ടി നമ്മുടെ പൂർവ്വികന്മാർ പ്രദാനം ചെയ്ത ഒരു വരദാനമാണ്. ഇത് സശ്രദ്ധം ആചരിച്ചാൽ നമുക്കും നമ്മുടെ കുടുംബത്തിനും, രാജ്യത്തിനു തന്നെയും ഉത്തരോത്തരം അഭിവൃദ്ധിയുണ്ടാകും എന്നതിന് സംശയമില്ല. അതാണ് ഹൈന്ദവ ധർമ്മത്തിന്റെ ആദ്ധ്യാത്മിക ലക്ഷ്യം. ആർഷഭാരതത്തിലെ പരശുരാമക്ഷേത്രമായ കേരളത്തിൽ നിരവധി ക്ഷേത്രങ്ങളിൽ താന്ത്രികകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ ഈശ്വരാനുഗ്രഹം സിദ്ധിച്ച വ്യക്തി എന്ന നിലയിൽ ശ്രീവീരസ്ഥാനം

വിരുട്ടാണം ഭഗവതിക്ഷേത്രം താന്ത്രികാനുഷ്ഠാനങ്ങളാലും, പൂജാവിധികളിലെ പ്രത്യേക തകളാലും ക്ഷേത്രതട്ടകനിവാസി കൾക്കും ഭക്തജനങ്ങൾക്കും ശാന്തിയും സമാധാന വും ആദ്ധ്യാത്മിക ഉന്നതിയും പ്രദാനം ചെയ്യുന്ന ഒരു മഹാചൈതന്യകേന്ദ്രമാണ് എന്ന് നിസംശയം പറയുവാൻ സാധിക്കും. പരമശിവ ചൈതന്യ സംഭൂതരായ ശ്രീ വീരഭദ്രസ്വാ മിയും ഭദ്രകാളിയും ഒരേ ശ്രീകോവിലിൽ ഒന്നിച്ച് വാണരുളുന്ന അത്യപൂർവ്വ ക്ഷേത്രങ്ങ ളിൽ ഒന്നാണ് വിരുട്ടാണം ഭഗവതിക്ഷേത്രം. ചൈതന്യവർദ്ധക ചടങ്ങുകളിൽ ഏറ്റവും ബൃഹത്തും അത്യുൽകൃഷ്ടവുമായ നവീകരണകലശം വിധിപ്രകാരം 2010 മെയ് 1626 വരെ (1185 ഇടവം 2 മുതൽ 12 വരെ) നടത്തുവാൻ ഈ ക്ഷേത്രത്തിനുകഴിഞ്ഞു എ ന്നുള്ളതും അതിൽ താന്ത്രിക സ്ഥാനം വഹിക്കുവാൻ ദേവിയുടെ അനുഗ്രഹം ഉണ്ടായി എന്ന് സ്മരിക്കുന്നതോടൊപ്പം തന്നെ ക്ഷേത്ര ഊരാളൻമാരും, പുനരുദ്ധാര ണസമിതിയും, ഭക്തജനങ്ങളും ഈ മഹത്കർമ്മം വിജയകരമായി നിർവ്വഹിക്കുന്ന തിൽ ഭക്ത്യാദരപൂർവ്വം ആത്മാർത്ഥമായി പങ്ക് വഹിച്ചതിൽ ഞാൻ അതിയായി സ ന്തോഷിക്കുന്നു. ഈ ക്ഷേത്രത്തിന്റെ പരിപാലനം, സംവർദ്ധനം, പുനരുദ്ധാരണം എന്നീ കാര്യങ്ങളിൽ വൈവ്യക്തികത വെടിഞ്ഞ് സർവ്വാത്മനാ പ്രവർത്തിച്ചതിന്റെ ഫലമാ യി ഈ ക്ഷേത്രം മഹാക്ഷേത്രങ്ങളുടെ ഗണനയിൽ എത്തിച്ചേരട്ടെ എന്ന് ആശിക്കുക യും ആയതിന് ദേവിയുടെ അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യു ന്നു. കൂടാതെ ഈ ക്ഷേത്രത്തിന്റെ ആധികാരിക വിവരങ്ങൾ അടങ്ങിയ ഈ പുസ്ത കം എല്ലാ ഭക്തജനങ്ങൾക്കും ഉപകാരപ്രദവും അനുഗ്രഹീതവുമാകുമെന്ന് കരുതുന്നു.

കല്ലൂർ ശ്രീകുമാരൻ നമ്പൂതിരിപ്പാട്
ക്ഷേത്രം തന്ത്രി

ഉള്ളടക്കം

1.	ആമുഖം അമ്മയുടെ പാദാരവിന്ദങ്ങളിലേക്ക്	3
2.	അവതാരിക	5
3.	ക്ഷേത്രമഹാത്മ്യം	13
4.	നിറയുന്ന തട്ടകതനിമ	14
5.	ഭദ്രകാളി സ്തുതി	34
6.	അടികൾ	36
7.	ശ്രീ വീരസ്ഥാനത്തമ്മ സ്തുതി	40
8.	ഒരു പ്രാർത്ഥന	41
9.	കളമെഴുത്തുപാട്ട്	42
10.	ചാന്താട്ടം	49
11.	ആറങ്ങോട്ടുകര ചരിത്ര പുസ്തകതാളുകളിൽ നിന്ന്	52
12.	സുപ്രഭാതം	55
13	.ഉത്സവം	63
14.	പൊങ്ങലടി	64
15.	നാലുപാദം/പാനയംകളി	65
17.	അമ്മേ ഭഗവതി ശരണം	66
16.	വിരുട്ടാണമ്മയോട്	67
18.	എട്ടാംകളം ഐതിഹ്യം	68
19.	പെരിങ്കന്നൂർ ഹരിജൻ വേല	69
20.	ചരിത്ര പുരുഷൻമാർ	71
21.	കൊട്ടിപ്പാറ/ദേശമംഗലം ഭജന സമിതി ഇഉയിലെ കീർത്തനങ്ങൾ	72
22.	വീരസ്ഥാനത്തമ്മേ ശരണം	79
23.	ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രം	80
24.	പുനരുദ്ധാരണം ചരിത്ര താളുകളിലേയ്ക്ക്	87
25.	നവീകരണ കലശം	95
26.	ആത്മീയ പ്രഭാഷണങ്ങൾ	96
27.	പഞ്ചലോഹതിടമ്പ്, ബിംബപ്രയാണം	97
28.	സമർപ്പണം (സ്മരണിക)	98
29.	സ്മരണിക 2010	100
30.	വികസന താളുകൾ	103
31.	സാധാരണ ദിവസത്തെ പൂജാവിധികൾ	104
32.	ദേവീ ക്ഷേത്രം നവീകരണം	105
33.	വഴിപാട് വിവരം	111
34.	ക്ഷേത്ര സേവകർ	113

കെ.രാധാകൃഷ്ണൻ
സ്പീക്കർ
കേരളനിയമസഭ



നിയമസഭ കോംപ്ലക്സ്
വികാസ് ഭവൻ.പി.ഒ
തിരുവനന്തപുരം.
ഫോൺ : 4712513007
ഓഫീസ് : 2308890
വീട് : 4712513014
04884251606
ഫാക്സ് : 914712512131
തിയതി : 19-04-2010

ആശംസാസന്ദേശം

ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതിക്ഷേത്രത്തിന്റെ നവീകരണകലശം മെയ് മാസം 16 മുതൽ 26 വരെ തിയ്യതികളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നതായി അറിഞ്ഞു. പ്രസ്തുത സംരംഭത്തോടനുബന്ധിച്ച് സ്മരണിക പ്രകാശനം ചെയ്യുന്നതിൽ വളരെ സന്തോഷിക്കുന്നു.

നവീകരണകലശത്തിനും സ്മരണികയ്ക്കും എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം

കെ.രാധാകൃഷ്ണൻ

ശ്രീ.വി.കെ.എസ്.അടികൾ
ശ്രീ.വീരസ്ഥാനം വിരുട്ടാണം ഭഗവതി ദേവസ്വം
വിരുട്ടാണം ക്ഷേത്രം
പി.ഒ.തളി, വരവൂർ വഴി, തൃശ്ശൂർ


PH: 23418310
23418311(Fax)

दल्लिली मेट्रो रेल कोर्पोरेशन लि०

DELHI METRO RAIL CORPORATION LTD

(AJOINT VENTURE OF GOVERNMENT OF INDIA AND GOVT. OF DELHI)

E.SREEDHARAN
MANANGING
DIRECTOR



METRO BHAWAN,
FIRE BRIGADE
LANE,
BARAKHAMBA
ROAD, NEW DELHI -
110001

അമ്മേശരണം

നാട്ടുകാരനെന്നനിലയ്ക്ക് വിരുട്ടാണം ഭഗവതി ക്ഷേത്രത്തിലെ 10ം ഘട്ടത്തെ പുനരുദ്ധാരണ പ്രവർത്തികൾ മംഗളമായും ഭംഗിയായും കഴിഞ്ഞു എന്ന് അറിഞ്ഞതിൽ എനിക്ക് വലിയ സന്തോഷവും സംതൃപ്തിയും ഉണ്ട്. ഭക്തജനങ്ങളുടേയും അമ്പല കാര്യവാഹി കളുടേയും ഉത്സാഹത്തോടുകൂടിയ പരിശ്രമം കൊണ്ടും ഭഗവതിയുടെ അനുഗ്രഹം കൊണ്ടും മാത്രമാണ് ഇത് സാധിച്ചത്. ഇതുപോലെ തന്നെ അടുത്തഘട്ടത്തിലെ ഉദ്ധാരണ പ്രവർത്തികളും സമഗ്രമായി ഇതേ ഉത്സാഹത്തോടുകൂടി എല്ലാവരും ഒത്തുചേർന്ന് ഭംഗിയായി നടത്തുവാൻ ഞാൻ പ്രത്യാശിക്കുന്നു. മെയ് 16നു മുതൽ 26 കൂടി ദിവസങ്ങളിലായി നടക്കുവാൻ പോകുന്ന നവീകരണകലശ ക്രിയകൾ വളരെ ഭക്തിയോടും ചിട്ടപ്രകാരവും എല്ലാവരും കൂടി ഒത്തൊരുമിച്ച് മംഗളമായ പരിണാമത്തിൽ എത്തിക്കുമെന്നുള്ള ആത്മവിശ്വാസത്തോടെ,

അമ്മയുടെ ഭക്തൻ.
ഇ.ശ്രീധരൻ


DHANWANTHARI
AYURVEDA BHAVAN (pvt) Ltd, NELLUVAI

PATTAMBI ROAD, NELLUVAI,
THRISSUR, Dt: KERALA, 680584, INDIA
Email : dhanwayur@yahoo.com
PH: 91 4885265588,255641,
9888341219, 9847145496

ആശംസകൾ

വിരുട്ടാണത്തെ ഭഗവതി

വിരുട്ടാണത്തെ ഭഗവതിക്ഷേത്രത്തിൽ ദ്രവ്യ കലശം നടന്നിരിക്കുകയാണല്ലോ. അതിനോടനുബന്ധിച്ച് ക്ഷേത്ര ചരിത്രം വിവരിക്കുന്ന ഒരു പുസ്തകം ഇംഗ്ലീഷിലും മലയാളത്തിലും ഇറക്കുന്നതായി അറിയാൻ സാധിച്ചു അത് വളരെ ശ്ലാഘനീയമാണ്. അതുവഴി കേരളത്തിന് പുറത്തുള്ള ഭക്തർക്ക് ഈ അമ്പലത്തെ കുറിച്ച് അറിയുവാനും ഇവിടെ വന്ന് ഭഗവതിയുടെ അനുഗ്രഹം നേടുന്നതിനും സാധിക്കുമല്ലോ. ക്ഷേത്രത്തെ വിണ്ടും ഉയർന്നനിലയിലേക്ക് എത്തിക്കുക എന്നതാണ് ദ്രവ്യകലശം കൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് താഴ്ന്നുപോയ ക്ഷേത്രത്തിലെ ഊർജത്തെ ഉയർന്ന ഊർജതലത്തിലേക്ക് മാറ്റുക. ഭക്തജനങ്ങൾ ഇക്കാര്യം മനസിലാക്കി ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഭക്തി കൊണ്ട് വിനയവും സ്നേഹവും വളരുന്നു. അത് ആസക്തി ഇല്ലാതാക്കും. അതുവഴി സമൂഹവും നന്നാവുന്നു. സമൂഹത്തിൽ ശാന്തിയും സമാധാനവും വിളയാടുന്നു. മാത്രമല്ല അമ്പലം അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ അധികാരികൾ വളരെ ആത്മാർത്ഥതയോടെ അതിനായി പ്രവർത്തിക്കുന്നുണ്ട്. പ്രത്യേകിച്ച് ഇവിടുത്തെ അന്നദാന മണ്ഡപം. നിത്യനിദാന ചടങ്ങുകൾ കളംപാട്ട് ഗോപുരം, കുളപ്പുര തുടങ്ങി എല്ലാ തരത്തിലും അമ്പലത്തിന്റെ സർവ്വതോൻമുഖമായ അഭിവ്യദ്ധിക്ക് അധികാരികൾ വളരെയധികം ശ്രദ്ധിക്കുന്നുണ്ട് അതിൽ വളരെ സന്തോഷവുമുണ്ട് അതിന് അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ഭഗവതിയുടെ ചൈതന്യം എല്ലാ ഭക്തന്മാരിലേക്കും ഉണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.



ഡോക്ടർ സി.എം ശ്രീകൃഷ്ണൻ
(റിട്ടയേഡ് പ്രൊഫസർ കോട്ടക്കൽ ആയുർവേദ കോളേജ്)
ചീഫ് ഫിസിഷ്യൻ & മാനേജിങ് ഡയറക്ടർ ധന്വന്തരി ആയുർവേദ ഭവൻ പ്രൈവറ്റ് ലിമിറ്റഡ്
നെല്ലുവായ് : 9886341219

पचपादपरम्परा परिपोषति पूर्ववाम्नाय (तेथे स्वामियार्) मठ

THEKKE SWAMIYAR MADHAM

PAZHAYA NADAKKAVU, THEKKE MADHAM ROAD, THRISSUR-680001,
KERALA , Phone: +91-487-2446969, 09447441192
Email:- pathmapada@gmail.com

ആശംസകൾ

യാ ദേവീ സർവ്വേ ഭൂതേഷു.....

ശാസ്ത്രവിധിയനുസരിച്ചുള്ള ആചാരാനുഷ്ഠാനങ്ങൾ നിഷ്ഠയോടെയും ചിട്ടയോടെയും പരിപാലിച്ചു വരുന്ന ക്ഷേത്രമാണ് വീരസ്ഥാനം വിരുട്ടാണം ഭഗവതീക്ഷേത്രം. അതുകൊണ്ടു തന്നെ നാടിനും നാട്ടുകാർക്കും ശ്രേയസ്കരമായി ക്ഷേത്രം അഭിവൃദ്ധിപ്പെടുകയും അഭയവരദയായ ദേവി ഏവരുടേയും ആശ്രയ സ്ഥാനമായി വരാജിക്കുകയും ചെയ്തുവരുന്നുണ്ട്. ക്ഷേത്രാഭിവൃദ്ധിയ്ക്ക് വിധിക്കപ്പെട്ട അഞ്ചു കാര്യങ്ങളും അനുവർത്തിക്കുന്നതോടൊപ്പം ഭക്തന്മാരുടെ പ്രാർത്ഥനയും കൂടി ഉണ്ടാകുന്നതാണ് ശ്രേയസ്സിന് ആധാരം. എങ്കിലും, അറിഞ്ഞോ അറിയാതേയോ സംഭവിക്കാവുന്ന ചില പ്രവൃത്തികൾ അപചയത്തിന് കാരണമായെന്നു വരാം. ശരീര കോശങ്ങളെ പുഷ്ടിപ്പെടുത്തി ഓജസ്സ് വർദ്ധിപ്പിക്കുവാൻ പതിവുള്ള ചികിത്സാ പദ്ധതികൾ പോലെ, പ്രതിഷ്ഠയ്ക്കു സംഭവിച്ചിരിക്കാവുന്ന ന്യൂനതകളും ക്ഷയവും പരിഹരിച്ച് പൂർണ്ണ ചൈതന്യം ഉണ്ടാക്കുവാനാണ് പരിഹാരക്രിയകളും ദ്രവ്യകലശവും നടത്തുന്നത്. അതനുസരിച്ച് വിരുട്ടാണത്തമ്മയുടെ ചൈതന്യം വർദ്ധിപ്പിക്കുവാൻ പാകത്തിൽ ദ്രവ്യകലശം ഭംഗിയായി നടത്തുവാൻ കഴിഞ്ഞ കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഭാഗ്യമുണ്ടായതിലുള്ള സംതൃപ്തിയും കൃതാർത്ഥതയും ക്ഷേത്ര ഭരണാധികാരികളേയും ഭക്തന്മാരേയും ധന്യരാക്കി നിർവൃതിയിലാക്കിയിരിക്കുന്നു. അതുകൊണ്ടുതന്നെ, ആടിക്കൊണ്ട് ദൈവം കൂടെക്കൊള്ളുമെന്നതിനാൽ ഓരോരുത്തരുടേയും പ്രാർത്ഥനയ്ക്കനുസരിച്ച് അഭീഷ്ട വരദയായ ദേവിയുടെ അനുഗ്രഹം ഉണ്ടാകുമെന്ന് ഉറപ്പാണ്. ഭക്തന്മാരുടെ സമർപ്പണ ഭാവം കൊണ്ട് ദേവീ ചൈതന്യം തുടർന്നും നിലനിൽക്കുവാൻ സാധിക്കട്ടെ. എല്ലാവർക്കും ശാന്തിയും സമാധാനവും സംതൃപ്തിയും ഉണ്ടാകുവാൻ പ്രപഞ്ചനിയാമകശക്തിയായ ദേവിയുടെ കൃപാകടാക്ഷം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. യാ ദേവീ സർവ്വഭൂതേഷു.... ദ്രവ്യകലശത്തെത്തുടർന്ന് ക്ഷേത്ര മാഹാത്മ്യവും ചരിത്രവും അനുഭവങ്ങളും സാക്ഷ്യപ്പെടുത്തിക്കൊണ്ട് ദേവീദാസനായ ശ്രീ. വി. കെ. എസ്. അടികൾ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥത്തിന് എല്ലാ വിധ ആശംസകളും നേരുന്നു

വടക്കുമ്പാട് നാരായണൻ,
മാനേജർ, തെക്കേമഠം.

സദ്ഗുരു സ്വാമി പരമേശ്വരാനന്ദ സരസ്വതി
സാമാരക ഗ്രന്ഥശാല ജ്ഞാനാനന്ദ കുടീരം
ഇരുന്നിലകോട്, മുള്ളൂർക്കര - 680583



ആശംസകൾ

'സർവ്വമംഗള മംഗല്യേ സർവാർത്ഥ സാധികേ
ശരണ്യേ ത്ര്യംബികേ ദേവീ നാരായണീ നമോസ്തുതേ'

ധർമ്മമാണ് മനുഷ്യ സമൂഹത്തെ നേർവഴിയിലൂടെ നടത്തുന്നത്. അതിനാലാണ് ധർമ്മേണ ഗമനമൂർദ്ധ്വം ഗമനമധസ്താത് ഭവത്യധർമ്മേണ (ധർമ്മ ചരണത്താൽ മനുഷ്യർക്ക് ഉയർച്ചയുണ്ടാകുന്നു, അധർമ്മം പ്രവർത്തിക്കുന്നതിലൂടെ അധഃപതനവും) എന്ന് സനാതന മൂല്യങ്ങളെ നന്നായി അറിയുന്ന ഋഷിമാർ സമൂഹത്തോട് പറഞ്ഞത്. വ്യക്തിയുടേയും, കുടുംബത്തിന്റേയും, സമൂഹത്തിന്റേയും, രാഷ്ട്രത്തിന്റേയും ധർമ്മങ്ങളെ മനസ്സിലാക്കി ഒരാൾ തന്റെ കടമകളേയും കർത്തവ്യങ്ങളേയും ഉൾക്കൊണ്ട് പ്രവർത്തിച്ചാൽ മാത്രമെ അവനവനും സമൂഹത്തിനും പ്രയോജനപ്പെടുകയുള്ളൂ. ഈ കർത്തവ്യങ്ങളെ വേണ്ട രീതിയിൽ അറിയാത്തതിനാലോ, ഓരോരുത്തരും അത് പാലിക്കപ്പെടാത്തതോ ആണ് ഇന്ന് സമൂഹത്തിൽ കാണുന്ന മൂല്യ ച്യുതികൾക്ക് കാരണം. ഈ സാഹചര്യത്തിലാണ് നമ്മുടെ ക്ഷേത്രങ്ങളുടേയും അനുഷ്ഠാന രീതികളുടേയും എല്ലാം മഹത്വം പ്രസക്തമാകുന്നത്. കാരണം ക്ഷേത്രങ്ങളി ലൂടെയാണ് നമ്മുടെ ആത്മീയ മൂല്യങ്ങളും ധാർമ്മിക ബോധവും സാംസ്കാരിക പൈതൃകങ്ങളും പ്രചരിക്കേണ്ടത്. ഈ ഉത്തരവാദിത്വം വേണ്ട രീതിയിൽ മനസ്സിലാക്കി തന്നെയാണ് നമ്മുടെ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രം പൂർണ്ണമായും പ്രവർത്തിക്കുന്നത്. നാടിന്റെ ആദ്ധ്യാത്മിക ചൈതന്യ വർദ്ധനവിനും, സമൂഹത്തിൽ ധാർമ്മിക ബോധ പ്രചരണത്തിനും സാമൂഹിക ഐക്യത്തിനും ഊന്നൽ നൽകി പ്രവർത്തിക്കുന്ന ക്ഷേത്ര ഭാരവാഹികൾക്കും, ഭഗവതിയുടെ അനുഗ്രഹം എപ്പോഴും ഉണ്ടായിരിക്കട്ടെ എന്നും, നാൾക്കുനാൾ ക്ഷേത്രവും നാടും ഭക്തജനങ്ങളും അഭിവൃദ്ധിപ്പെടട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട്

ആശംസകളോടെ

സദ്ഗുരു സ്വാമി
പരമേശ്വരാനന്ദ സരസ്വതി

SRI RAMAKRISHNA THAPOMANDIRAM P.O.

DESAMANGALAM, KOTTIPPARA, THRISSUR,
KERALA, S. INDIA, PIN-679532

അമൃത സ്വരൂപികളെ

സർവസംഗ പരിത്യാഗികളും ആത്മാരാമന്മാരുമായ മഹത്തുക്കൾ നമുക്ക് തന്ന വരദാനമാണ് ക്ഷേത്രങ്ങൾ. കാരണം സത്യത്തിലെത്തുന്നതിനുവേണ്ടി, ജന്മസാഫല്യം നിറവേറുന്നതിനു വേണ്ടിയുള്ളതാണ് ക്ഷേത്രങ്ങൾ. അങ്ങനെ ആയിരിക്കണം ക്ഷേത്ര ആചാരങ്ങൾ. നമ്മുടെ ആശ്രമം നിലനിൽക്കുന്ന ദേശമംഗലം എന്ന ദേശം വിരുട്ടാണമ്മയുടെ അനുഗ്രഹാശിസുകൾ നിറഞ്ഞതാണ്. ഭഗവതിയുടെ ആറാംകുളം കൊട്ടിപ്പാറക്കൽ പൂരം നമ്മുടെ ആശ്രമപരിസരത്താണ് കാലങ്ങളായി ആഘോഷിക്കപ്പെടുന്നത്. 'ക്ഷേത്രവും, അവിടുത്തെ ഭാരവാഹികളുമായി വളരെയടുത്ത ആത്മബന്ധമാണുള്ളത്, ഭക്തജനങ്ങൾക്ക് അവരുടെ നന്മക്കുവേണ്ടി ആചാര അനുഷ്ഠാനങ്ങളും, സത്സംഗങ്ങളും എന്നിവ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. ഭഗവതിയുടെ അനുഗ്രഹത്താൽ ഇന്നു ക്ഷേത്രവും അവിടുന്ന് പ്രവഹിക്കുന്ന ചൈതന്യവും ഓരോ ജീവനും അനുഭവിച്ചറിയുന്നു.ക്ഷേത്രവും അതിനുചുറ്റും ഭക്തജനങ്ങൾക്ക് വരുന്നതിനും ഭജനമിരിക്കുന്നതിനും കുറച്ചുസമയം അമ്മയുടെ സവിധത്തിൽ കഴിയുന്നതിനുമായി ഒരുപാടു കാര്യങ്ങളാണ് കുറഞ്ഞസമയംകൊണ്ട് അമ്മയുടെ സേവകർ ചെയ്തിരിക്കുന്നത്. അതുമാത്രംമതി അമ്മയുടെ തൃപ്പാദത്തിലുള്ള സമർപ്പണത്തിന്റെ ഭക്തിയറിയുവാൻ. ക്ഷേത്രത്തിന്റെയും ഭഗവതിയുടെയും ചരിത്രങ്ങളും, നിലവിൽ നടത്തപ്പെട്ട സത്കർമ്മങ്ങളും, തുടർന്നുള്ള നടപടിക്രമങ്ങളും, ആചാര അനുഷ്ഠാനങ്ങളും അടങ്ങിയ ഒരു ചരിത്രപുസ്തകം ലഭിക്കുകയെന്നുപറഞ്ഞാൽ തീർച്ചയായും വലിയ അനുഗ്രഹമാണ്. എക്കാലവും നമ്മുടെ ജീവിതത്തിനു അതൊരു വഴികാട്ടിയുമായിക്കും. അമ്മയുടെ പാദസേവകരായ എല്ലാവരുടെയും പാദത്തിൽ ഈയുള്ളവന്റെ നമസ്ക്കാരം.



സ്വാമി ശുദ്ധ വിഗ്രഹ സ്വരൂപ തീർത്ഥ പാദർ

ॐ

PURUSHOTHAMANANDA TRUST

OMKARASHRAMAM, KATTUVATTOOR, DESAMANGALAM P.O,
THRISSUR Dt,KERALA-679532, PH: 04884 279060,
Email: omkarashramam@gmail.com


ഹരി:ഓം തത്

വിരുട്ടാണം ഭഗവതി ക്ഷേത്രത്തിന്റെ ചരിത്ര പശ്ചാത്തലവും, അവിടെ നടന്നുവരുന്ന ദൈവിക അനുഷ്ഠാനങ്ങളുടെ വിവരണങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഗ്രന്ഥം പ്രസിദ്ധീകരിയ്ക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തട്ടകത്തിന്റെ ആധ്യാത്മികവും, സാമൂഹ്യവും, സാംസ്കാരികവുമായ ഉന്നമനത്തിനായി വിവിധ കർമപദ്ധതികളാണ് ക്ഷേത്രഭാരവാഹികൾ ആവിഷ് കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. സനാതനധർമം വിളംബരം ചെയ്യുന്ന സന്ദേശങ്ങൾ സമൂഹത്തിനു പകർന്നു നല്കുന്ന പവിത്ര സ്ഥാനങ്ങളാണ് ദേവസന്നിധികൾ. ആ നിലയിൽ വിരുട്ടാണം ഭഗവതി ക്ഷേത്രവും, അവിടുത്തെ പ്രവർത്തനങ്ങളും ചിരകാലം നാടിന് ക്ഷേമവും, ഐശ്വര്യവും പ്രദാനം ചെയ നിലകൊള്ളട്ടെ. സർവാഭീഷ്ടവരദായിനിയായ ജഗദംബികയുടെ അനുഗ്രഹത്തിന് ഏവരും പാത്രീഭവിയ്ക്കുമാറാകട്ടെ.

പ്രാർഥനയോടെ,

സ്വാമി നിഗമാനന്ദ തീർത്ഥപാദർ

No. 197060210



പ്രിയപ്പെട്ട അനുഗ്രഹീത ആത്മാക്കളെ:

ഹരി: ഓം തത് സത്, വിശ്വമാകെ വ്യാപിച്ചുകിടക്കുന്ന ഈശ്വരചൈതന്യത്തെ ആരാധിക്കുക സാധാരണകാർക്കു സുഗമമാക്കാനാണ് ദേവസന്നിധികളായക്ഷേത്രങ്ങൾ രൂപപ്പെട്ടത്. പ്രകൃതി നല്കിയിട്ടുള്ള പാറകൾ പൊളിച്ച് ശില്പി രൂപപ്പെടുത്തുന്നതാണല്ലോ വിഗ്രഹങ്ങൾ. മരം കൊണ്ടും മണ്ണുകൊണ്ടുമുള്ള പ്രതിമകളും ഉണ്ട്. ഈശ്വരസൃഷ്ടമായ ജഗത്തിൽ എങ്ങും ഒരേപോലെ ആ ദിവ്യ ചൈതന്യം തന്നെയാണ് മുറ്റിനിൽക്കുന്നതെന്ന് കാണാൻ മനസ്സിനു പെട്ടന്ന് സാധിക്കുന്നില്ല; എന്നാലോ ആ ലക്ഷ്യത്തിലേയ്ക്കു നീങ്ങുകയും വേണം. സാധാരണക്കാരെ അതിന് സഹായിക്കണമെന്ന് ഉദ്ദേശിച്ചാണ് ദേവപ്രതീകമായ വിഗ്രഹത്തെ ശ്രീകോവിലിൽ പ്രതിഷ്ഠിച്ച് ചുറ്റമ്പലവും മതിൽക്കെട്ടുമൊക്കെ നിർമ്മിച്ചു പൊതുദേവഗൃഹമായി നിലനിർത്തുന്നത്.

ക്ഷേത്രസങ്കൽപത്തിന്റെ പിന്നിൽ അമൂല്യവും അനിഷേധ്യവുമായ തത്വസിദ്ധാന്തങ്ങളാണ് ഉള്ളതെന്ന് എല്ലാവരും നല്ലപോലെ മനസ്സിലാക്കണം. അപ്പോഴെ ഭക്തിയും ഭഗവാനും ആരാധനാകേന്ദ്രങ്ങളും സംപുഷ്ടവും പ്രബലവുമായി ജനതയ്ക്ക സമാധാനവും ശാന്തിയും വിജ്ഞാനവും നൽകുന്ന അനുഗ്രഹകേന്ദ്രങ്ങളായി തുടരുകയുള്ളൂ. അതിനാൽ ഈ വസ്തുതകൾ ജ്ഞാന യജ്ഞങ്ങൾ മുഖേന ജനങ്ങളെ അറിയിക്കുന്നതുകൂടി ക്ഷേത്രത്തിന്റെ ഉദ്ദേശവും ലക്ഷ്യവുമാകണം.

ശില്പി പണി തീർത്ത വിഗ്രഹത്തിനു ദേവചൈതന്യം പകർന്നു കൊടുക്കുന്നത് മനുഷ്യമനസ്സാണ്. മന്ത്രതന്ത്രങ്ങളിലൂടെയാണ് ഇത് ചെയ്യുന്നത്. ഇങ്ങനെ അവരോധിച്ചിട്ടുള്ള ചൈതന്യം ഭക്തജനങ്ങൾ വന്ന് ആരാധിച്ച് പ്രാർത്ഥനകളും

അഭിലാഷങ്ങളും നിറവേറ്റിപോകുന്നതിനൊത്തു കുറഞ്ഞുകുറഞ്ഞു വരുമെന്ന വസ്തുത പ്രത്യേകം ഓർമ്മവെയ്ക്കേണ്ടതു തന്നെ. അതിനാലാണ് 12 കൊല്ലം കൂടുമ്പോൾ വിഗ്രഹത്തിന് ചൈതന്യവും അനുഗ്രഹശക്തിയും വർദ്ധിക്കാനായി നവീകരണമെന്ന വ്യവസ്ഥയുള്ളത്. നവീകരണമെന്നപദം തുലോം അർത്ഥവത്താണ്. പ്രതിഷ്ഠയ്ക്കുശേഷമുള്ള ഓരോ ദിനമാസ വർഷങ്ങളിലും ദേവസന്നിധിയിൽ എന്തെല്ലാം അശുദ്ധിയോ അവിഹിതമോ സംഭവിച്ചിട്ടുണ്ടോ അതെല്ലാം പരിഹരിച്ച് വിഗ്രഹത്തിൽ കൂടുതൽ ദേവചൈതന്യം അവരോധിക്കുന്നതാണ് നവീകരണത്തിന്റെ ഉദ്ദേശം. ഏത് ദേവപ്രതിഷ്ഠയ്ക്കും ഇത് അത്യാവശ്യമാണ്.

നവീകരണസംരംഭത്തെ പോലെതന്നെ ചൈതന്യവും അനുഗ്രഹശക്തിയും നൽകുന്ന മറ്റ പ്രധാന കാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. അതിൽപെട്ടതാണ് അന്നദാനം, ആണ്ടു വിശേഷങ്ങൾ, ആചാര്യതപസ്, സർവ്വോപരി ഭക്തി, ഭഗവാൻ ക്ഷേത്രം എന്നീ വിഷയങ്ങളെകുറിച്ചു ജനങ്ങളെ വേണ്ടത്ര ഉദ്ബോധിപ്പിക്കുക എന്നതൊക്കെ. അന്നം ദേഹത്തിനു പോഷണം നൽകുന്നുവെങ്കിൽ ജ്ഞാനമാണ് മനസ്സിനും ബുദ്ധിക്കുമുള്ള പോഷണം. ക്ഷേത്രാങ്കണത്തിൽ നടത്തുന്ന ഇത്തരം ജ്ഞാന യജ്ഞങ്ങൾ അവിടുത്തെ സാന്നിദ്ധ്യത്തിന് അസാധാരണമായ ചൈതന്യാനുഗ്രഹശക്തി ചൊരിയുന്നു. വിരുട്ടാണം ഭഗവതിയുടെ ചൈതന്യവും അനുഗ്രഹവും ചുറ്റും എത്രയും പ്രസരിച്ചു നിരവധി ജനങ്ങൾ ആ ദിവ്യ സന്നിധിയിൽ വരുവാനും മംഗളാനുഗ്രഹങ്ങൾ നേടാനും ഇടവരട്ടെ. സ്നേഹാനുഗ്രഹങ്ങൾ

അന്തരാത്മ

സ്വാമി ഭൂമാനന്ദതീർത്ഥർ

പാണ്ഡവഗിരി, വെങ്ങിണിശേരി, പോസ്റ്റ് പാറളം, തൃശ്ശൂർ 680575,
: 0487 2278363, 2278302

ക്ഷേത്രമഹാത്മ്യം

ശ്രീ വീരസ്ഥാനം വിരട്ടാണം ഭഗവതി ക്ഷേത്രത്തിലെ ശ്രീകോവിലിന്റെ 999 ഗുണനങ്ങളിൽ തെക്ക് ഭാഗത്ത്, കിഴക്കു നിന്ന് യഥാക്രമം ഏങ്കക്കാട്, ദ്വയക്കാവ്, മൂന്നാംചിറ, ചതുരക്കോട് എന്നീ ഭഗവതി ക്ഷേത്രങ്ങളും വടക്ക് ഭാഗത്ത് 999 ഹരണസംഖ്യയിൽ ആറാംകോട് (ആറങ്ങോട്ടുക്കര), ഏഴാംകോട് (എഴുമങ്ങാട്), തിരുഎട്ടാംകോട് (തിരുമിറ്റക്കോട്) ഒമ്പതാംകോട് (മലയാളഅക്കം 9ന്റെ പ്രതി) വട്ടോളി / വൈള്ളടിക്കുന്ന് എന്നിവിടങ്ങളിലെ ഭഗവതി ക്ഷേത്രങ്ങളും ദേവിമാരായിരിക്കെ ഈശാനത്തിൽ കാളണ്ഠശിവൻ (ദേശമംഗലത്തും) ചുറ്റപ്പെട്ട് അവരുടെ മദ്ധ്യേ ശ്രീ വീരോഢ്ഭവാണ മഹാദേവി സിന്ധിതാ എന്ന പേരിൽ വർത്തിക്കുന്നു.

ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രം

(നിറയുന്ന തട്ടകതനിമ)

ശ്രീ.പി. ബാലൻ നായർ വിരുട്ടാണം



ആമുഖം

ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രം ഏറെ പുരാതനവും പ്രസിദ്ധവുമായ ക്ഷേത്രങ്ങളിലൊന്നായി തൃശ്ശൂർ ജില്ലയിലെ വരവൂർ പഞ്ചായത്തിന്റെയും പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് പഞ്ചായത്തിന്റെയും അതിർത്തി യിൽ പ്രശാന്തസുന്ദരമായ വിരുട്ടാണം ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്നു. തൃശ്ശൂർ പാലക്കാട് ജില്ലകളിലെ അതിർത്തിയിൽ പെടുന്ന ഒരുപാട് തട്ടകങ്ങളിലെ ദേവീ ഭക്തരുടെ ആദ്ധ്യാത്മികോന്നതിയ്ക്കുള്ള അഭയകേന്ദ്രമാണ് ഈ ക്ഷേത്രം. ഒരേ ശ്രീകോവിലിൽ ഒരേ പീഠത്തിൽ രണ്ട് പ്രതിഷ്ഠകൾ (ദേവിയും വീരഭദ്രനും) ഉള്ള ദേവീ ക്ഷേത്രങ്ങൾ അപൂർവ്വമാണ്.

മറ്റ് മിക്ക ദേവീ ക്ഷേത്രങ്ങളിലും കുവരാത്ത വളരെയേറെ താന്ത്രിക ചടങ്ങുകൾ ഉള്ളതാണ് ഇവിടുത്തെ മറ്റൊരു പ്രത്യേകത. കുംഭമാസത്തിലെ 10 ദിവസത്തെ ഉൽസവവും അതിനോടനുബന്ധിച്ച വിശേഷാൽ താന്ത്രിക ചടങ്ങുകളും മുളയിടൽ, നവകം, പഞ്ചഗവ്യം, അഭിഷേകം, രണ്ട് നേരം കാഴ്ച ശീവേലിയും, ശ്രീ ഭൂതബലി തുടങ്ങി കളമെഴുത്ത് പാട്ട്, ചാന്താട്ടം എന്നിവയും ഇതിൽപെടുന്നു. ശ്രീ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലെ കാരായ്മ ശാന്തി അവകാശമുള്ളവരും മേഴത്തൂർ അഗ്നിഹോത്രിയുമായി പുരാതനബന്ധമുള്ളവരും കേരളത്തിലെ അപൂർവ്വമായ ശക്തി ഉപാസക

ഗോത്രത്തിൽപെട്ടവരുമായ അടികൾമാരാണ് ക്ഷേത്രത്തിലെ ഊരാളൻമാരും ശാന്തിക്കാരും.അതീവ രഹസ്യവും തലമുറകളായി കൈമാറി വരുന്നതുമാണ് ഇവർക്ക് സിദ്ധിച്ചിട്ടുള്ള താന്ത്രിക പൂജാവിധികൾ. ഭക്തർ മനം നൊന്ത് വിളിച്ചാൽ വിളിപുറത്തെത്തുന്ന ശാന്തസ്വരൂപിണിയാണ് ശ്രീവീരസ്ഥാനം വിരുട്ടാണത്തമ്മ അറിയപ്പെടുന്നത്.

ഐതിഹ്യങ്ങൾ : ക്ഷേത്രത്തിന്റെ യഥാർത്ഥ ചരിത്രമോ, പഴക്കമോ അറിയാൻ രേഖകളില്ല 2000 വർഷങ്ങൾക്ക് മുമ്പ് മഹാ തപസ്വിയായ ഒരു ഋഷീശ്വരൻ പ്രതിഷ്ഠ നടത്തിയിട്ടുള്ള ക്ഷേത്രമാണിതെന്ന് പ്രശ്നം വെച്ച സമയത്ത് അനുമാനിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ക്ഷേത്രത്തിന് തെക്കുവശം സുമാർ 200 മീറ്റർ അകലത്തിൽ പാമ്പിൻകാവിന്റെ അടുത്തായിരുന്നു അടികൾമാരുടെ തറവാട്. അക്കാലത്ത് ഈ ക്ഷേത്രം ഒരു രാജകുടുംബത്തിന്റെ അധീനതയിലായിരുന്നു. അടികളുടെ ഭക്തിയിൽ പ്രസാദിച്ച് ഈ ക്ഷേത്രം അടികൾക്കു കൊടുക്കുവാൻ ഭഗവതി ഇച്ഛിക്കുകയും തുടർന്ന് രാജകുടുംബത്തിൽ ചില അനിഷ്ഠകാര്യങ്ങളും ദോഷങ്ങളും കതിന്റെ ഫലമായി പ്രശ്നം വെച്ച് നോക്കിയപ്പോൾ ഈ ക്ഷേത്രം അടികൾക്ക് കൊടുക്കുന്നതാണ് ഭഗവതിക്ക് ഇഷ്ടമെന്ന് കതുകൊണ്ട് ഈ ക്ഷേത്രവും ക്ഷേത്ര സംബന്ധമായ സ്വത്തുക്കളും കൊടുത്തെന്നുമാണ് ഒരു വിശ്വാസം. അതിനുശേഷം രാജാവ് നാടുവിട്ടു. തുടർന്ന് അടികൾ കുടുംബത്തിന്റെ തറവാട് ക്ഷേത്രത്തിനടുത്തേയ്ക്ക് മാറ്റി. ക്ഷേത്രത്തിന്റെ കിഴക്കുവശത്തെ നെൽപാടങ്ങൾക്ക് അറ്റത്തായി തെക്ക് വടക്ക് നീണ്ടുകിടക്കുന്ന കുന്നിന് തച്ചുകുന്ന് അഥവാ തച്ചൊന്ന് എന്നു വിളിക്കുന്നു. അതിൽ ചേരമാൻ പെരുമാളുടെ കോട്ട ഉണ്ടായിരുന്നതായും സമീപ പ്രദേശമായ തളിയിൽ അദ്ദേഹം ദർശനം നടത്തിയിരുന്ന 108 ശിവാലയങ്ങൾ ഉണ്ടായിരുന്നതായും അതിൽ പ്രമുഖ സ്ഥാനം ശ്രീ തിരുമത്തളിയപ്പൻ ശിവക്ഷേത്രത്തിനായിരുന്നെന്നും കരുതപ്പെടുന്നു

ഈ ക്ഷേത്രത്തിന്റെ ഉൽസവത്തെക്കുറിച്ച് രസകരമായ മറ്റൊരു ഐതിഹ്യം ഇങ്ങിനെയും കേൾക്കുന്നു. കൂടല്ലൂർ (നാറീരി) മനയ്ക്കലെ തളിയിലുള്ള കൃഷികാര്യങ്ങൾ നോക്കിയിരുന്ന അടിയത്തെ മൂത്താരുടെ ഓലകുടയ്ക്ക് കൃഷി സ്ഥലത്തുവെച്ച് ഭാരകൂടുതൽ തോന്നിയപ്പോൾ കുട താഴെ വച്ചതും വിവരം മനയ്ക്കലെ തമ്പുരാനെ അറിയിക്കുകയും തമ്പുരാൻ ജ്യോൽസ്യരെ വരുത്തി പ്രശ്നവിചാരം ചെയ്യുകയും ഉണ്ടായി. ദേവീ ചൈതന്യം കുടയിൽ കുടികൊള്ളുന്നതായി മനസ്സിലാക്കിയ തമ്പുരാൻ ക്ഷേത്രം വക കാണം ചാർത്തി കൊടുക്കുകയും ഉണ്ടായി. ദേവി പുറത്തേക്ക് ഇറങ്ങുമ്പോൾ അടിയത്തു വീട്ടുകാർ വിളക്ക്പിടിയും അടിച്ചു തളിയും ചെയ്തുവെന്ന്

പഴയ തലമുറയിലെ കാളിയമ്മ പറഞ്ഞുകേട്ടത് കേട്ടറിവാകുന്നു.

ക്ഷേത്രഭരണം : വിരുട്ടാണത്ത് കുന്നത്ത് മഠത്തിലെ അടികൾമാരാണ് ക്ഷേത്രത്തിന്റെ ഊരാളസ്ഥാനവും ശാന്തി നടത്തിപ്പും. കുടുംബത്തിലെ സ്വത്തുവകകൾ ഭാഗം വെച്ചതോടൊപ്പം ശാന്തിയും ഇപ്പോഴുള്ള അഞ്ച് താവഴിക്കാർ ഒരു ട്രസ്റ്റിന്റെ അധീനതയിൽ നടത്തിപോരുന്നു.

പ്രതിഷ്ഠകൾ: ഒരേ ശ്രീകോവിലിൽ ഒരേ പീഠത്തിൽ രണ്ട് പ്രതിഷ്ഠകൾ(ഭഗവതിയുംവീരഭദ്രനും) ഉള്ള അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണിത്. കൂടാതെ ഗണപതി, ഭദ്രകാളി, ഭുവനേശ്വരി, സുബ്രഹ്മണ്യൻ നാലമ്പലത്തിന് പുറത്ത് ശിവന്റേയും ക്ഷേത്രപാലകന്റെയും പ്രതിഷ്ഠകൾ ഉണ്ട്.

പഴയ ശ്രീകോവിൽ : ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുന്നോടിയായി ശ്രീ. നാഗ്ലശ്ശേരി രാഘവൻ നായരുടെ നേതൃത്വത്തിൽ ജ്യോതാഷ പണ്ഡിതന്മാരുടെ ദേവപ്രശ്നം 1996 മെയ് മാസം 9 ന് ക്ഷേത്രത്തിൽ വെച്ച് നടക്കുകയുായി. ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ പേരു കത്തൊൻ കഴിയാത്ത ഏതോ ഋഷീശ്വരനാൽ നിർവ്വഹിക്കപ്പെട്ട താണെന്ന നിഗമനമാണ് ഉണ്ടായത്. പഴയ ശ്രീകോവിലിന്റെ അടിത്തറ കുഴിച്ചപ്പോൾ വിസ്മയം ജനിപ്പിക്കുന്ന രീതിയിലുള്ള നിർമ്മാണ പാടവമാണ് കണ്ടത്. ഭൂമി നിരപ്പിൽ വെറുതെ കല്ലുകൾ വെച്ചായിരുന്നു ചുമരിന്റെ അടിത്തറ. അടിത്തറ പാടത്തിന്റെ വക്കായിരുന്നിട്ടും ഭൂമികുലുക്കങ്ങൾ സർവ്വസാധാരണ മായിട്ടുപോലും ക്ഷേത്ര ശ്രീകോവിലിന് പറയത്തക്ക കേടുപാടുകളൊന്നും സംഭവിച്ചിരുന്നില്ല. തറയിലെ ഇളക്കിയ കല്ലിൻമേലുള്ള രേഖകൾ പ്രകാരം ക്ഷേത്രത്തിന് സുമാർ 2000 വർഷം പഴക്കം കണക്കാക്കാം. കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തിവന്നതൊഴിച്ചാൽ സമീപകാലം വരെ മറ്റ് പറയത്തക്ക വികസനങ്ങളൊന്നും നടന്നിട്ടില്ല. മണ്ഡലകാലത്തെ കളമെഴുത്തുപാട്ട്, മകരചൊവ്വ ഉൽസവം എന്നിവ താവഴികളിലെ മുഖ്യ വ്യക്തികളുടെ മേൽനോട്ടത്തിൽ നടത്തിപോന്നു. 1983 മുതൽ 1993 വരെ ബ്രഹ്മശ്രീ പ്രഭാകരൻ അടികളുടെ ചുമതലയിലായിരുന്നു. 1990 സെപ്തംബർ 14 ന് (1166 ചിങ്ങം 29ന്) പുണർതം നക്ഷത്രത്തിൽ കാലത്ത് ചെറിയ വാദ്യഘോഷങ്ങളോടെ ശ്രീ വീരസ്ഥാനം വിരുട്ടാണത്തമ്മയ്ക്ക് ഒരു ഭക്തന്റെ വകയായി കാണിപയ്യൂര് നിർമ്മിച്ച വെള്ളി കൊണ്ടുള്ള തിരുമുഖം ചാർത്തി. പിന്നീട് ശ്രീ ആനന്ദൻ അടികൾ വീരഭദ്ര സ്വാമിക്ക് വെള്ളി കൊണ്ട് ചന്ദ്രകലകൾ ചാർത്തിച്ചു.

ദേവപ്രശ്നത്തിലെ മറ്റു ചില വിവരങ്ങളും ഈ സമയത്ത് ഇവിടെ കുറിക്കുന്നത് നമ്മുടെ വരും തലമുറക്ക് വിജ്ഞാനം പകരാൻ ഉതകുന്നതാവുമെന്ന് പ്രത്യേകിച്ച് പറയേതില്ലല്ലോ. ക്ഷേത്രം തന്ത്രി കല്ലൂർ മന ബ്രഹ്മശ്രീ നീലകണ്ഠൻ നമ്പൂതിരിപ്പാട്

17.04.2005 ന് കാലത്ത് ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതിക്ഷേത്രം പുനരുദ്ധാരണ യജ്ഞം ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം തന്നെ 8 ദേശത്തും നിന്നുമുള്ള പ്രാദേശിക കമ്മിറ്റി അംഗങ്ങളെ വിളിച്ചു വരുത്തി ഒരു ക്ഷേത്ര പുനരുദ്ധാരണ സമിതിക്ക് രൂപം നൽകുകയും ഉണ്ടായി. തുടർന്ന് ജനറൽ ബോഡി മീറ്റിംങ്ങും സംഘാടകരേയും തിരഞ്ഞെടുത്തു.

05.09.2005 ന് പഴയ ശ്രീകോവിൽ പൊളിച്ചു പണിയുന്നതിന്റെ ഭാഗമായി ഭഗവതിയുടേയും വീരഭദ്രന്റേയും ദാരുബിംബങ്ങൾ ബാലാലയത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു. 06.09.2005 ന് ശ്രീകോവിൽ പൊളിച്ചു പണി തുടങ്ങി. പഴയ ശ്രീകോവിലിന്റെ തറ കല്ലുകൾ വെറുതെ ഭൂമി നിരപ്പിൽ വെച്ചിരുന്നതായാണ് കത്. പുതിയ ശ്രീകോവിലിന് നല്ല താഴ്ചയിൽ അസ്ഥിവാരം കീറി 21.09.2005 ന് തറകല്ലിടൽ ചടങ്ങ് നടന്നു. കോൺക്രീറ്റ് ബെൽട്ട് ഇട്ട് ചുമരുകൾ മൊത്തം കരിങ്കല്ലിൽ തീർത്താണ് പുതിയ ശ്രീകോവിലിന്റെ പണി തുടങ്ങിയത്. ഉൽസവത്തിനു മുമ്പായി 06.03.2006 ന് പ്രതിഷ്ഠകൾ ബാലാലയത്തിൽ നിന്നും ശ്രീകോവിലിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു. ശ്രീകോവിലിന് ചെമ്പോല മേഞ്ഞ് 16.09.2006 ന് സമർപ്പണം നടന്നു. നാലമ്പലം പുതുക്കിപ്പണി 08.05.2007 ന് ബലിക്കൽപ്പുര ആദ്യ ചടങ്ങ് പൊളിച്ചു പണിയോടെ തുടങ്ങി. ശ്രീകോവിൽ കട്ടിള, സോപാനം എന്നിവ പിച്ചള പൊതിയൽ പണി 08.05.2006 ന് തുടങ്ങി. 2009 ഓഗസ്റ്റ് 2 മുതൽ 9 കൂടി ഭാഗവത കോകിലം ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരിപ്പാട് യജ്ഞാചാര്യനായി ശ്രീമദ് ഭാഗവത സപ്താഹയജ്ഞം ഗംഭീരമായി നടന്നു. ക്ഷേത്രത്തിന് തെക്കു കിഴക്കുള്ള സ്ഥലം ക്ഷേത്രത്തിലേയ്ക്ക് വാങ്ങിച്ചതിൽ ഒരു താൽക്കാലിക കല്ല്യാണ മണ്ഡപവും ക്ഷേത്ര കലകൾ നടത്തുന്നതിനായുള്ള സ്റ്റേജും നിർമ്മിക്കുക യുണ്ടായി. ഇതിന്റെ ഭൂരിഭാഗം ചിലവും ശ്രീ വി.കെ.എസ്.അടികളും ബാക്കി എല്ലാം താവഴി അംഗങ്ങളും ചേർന്നാണ് ഏറ്റെടുത്തത്.

തുടർന്ന് മാസത്തിൽ ഒരു ആദ്ധ്യാത്മിക പരിപാടിയുടെ ഭാഗമായി അഖണ്ഡ നാമജപം സമ്പൂർണ്ണ നാരായണീയപാരായണം എന്നിവ നടന്നു വരുന്നു. 06.12.2009 ന് കാലത്ത് താലപ്പൊലി വാദ്യഘോഷത്തോടെയും പൂർണ്ണകുംഭം നൽകിയും സംപൂജ്യ സ്വാമിജി ഉദിത് ചൈതന്യയെ ക്ഷേത്രത്തിലേക്ക് വരവേൽക്കുകയുണ്ടായി. തിങ്ങിനിറഞ്ഞ ഭക്തജനങ്ങൾക്കായി അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക പ്രഭാഷണവും ഉണ്ടായി. അന്നേ ദിവസം പുതിയ തിടമ്പ് പ്രഭാമണ്ഡലം എന്നിവയ്ക്ക് ഓർഡർ കൊടുത്തു. തൃക്കരിപ്പൂർ, വേക്കാടം ശ്രീ ദുർഗ്ഗ ആശ്രമത്തിലെ സ്വാമിജി ദുർഗ്ഗാ പ്രിയാനന്ദ സരസ്വതിയുടെ ഭക്തിപ്രഭാഷണം 10.01.2010 കാലത്ത് 6 മണി മുതൽ വൈകീട്ട് 6 മണി വരെ ക്ഷേത്രത്തിൽ

വരെ ക്ഷേത്രത്തിൽ വെച്ച് നടത്തുകയുണ്ടായി. 17.02.2010 മുതൽ 26.02.2010 കൂടി ഭാഗവതരത്നം ശ്രീമതി ആലപ്പാട്ട് അമ്മിണിയമ്മ യജ്ഞാചാര്യയായി ശ്രീമദ് ഭാഗവത നവാഹയജ്ഞം ക്ഷേത്രം ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. ഇംഗ്ലീഷ് മാസം രണ്ടാമത്തെ ഞായറാഴ്ച ക്ഷേത്രം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പരിസരത്തുള്ള രോഗികളെ സൗജന്യമായി ചികിൽസിക്കുന്നതിന് ഒരു അലോപ്പതി ഡോക്ടറുടെ (ഡോ.ഇ.സുഷമ) സേവനം ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെ മൂന്നാമത്തെ ഞായറാഴ്ച ഒരു ഹോമിയോ ഡോക്ടറുടെ (ഡോ. ടി.എൻ.രാജൻ) സേവനവും രോഗികൾക്ക് ഏറെ ആശ്വാസം പകരുന്നതാണ്. 02.03.2010 ന് ഉൽസവം പള്ളിവേട്ട ദിവസം ക്ഷേത്രാങ്കണത്തിൽ വെച്ച് ദേവിയുടെ പുതിയ പഞ്ചലോഹത്തിടമ്പ് വാർക്കുകയുണ്ടായി.

ഇതിനോടകം ബലിക്കൽപ്പുര, വലിയ ബലിക്കല്ല്, നാലമ്പലത്തിന്റെ നിലം, ഗ്രാനൈറ്റ് പണി, ചുമരുകളുടെ തേപ്പ്, ക്ഷേത്രപാലകന്റെ ശ്രീകോവിൽ പുതുക്കി പണി എന്നിവയെല്ലാം കഴിഞ്ഞിട്ടുണ്ട്. മഹാഗണപതി, ശിവൻ, ക്ഷേത്രപാലകൻ, ഭദ്രകാളി, ഭുവനേശ്വരി, സുബ്രഹ്മണ്യൻ എന്നീ ഉപദേവതകളുടെ പുതിയ ബിംബങ്ങൾ ഉണ്ടാക്കിയത്, പുതിയ പഞ്ചലോഹത്തിടമ്പിനോടൊപ്പം ഷൊർണ്ണൂരിലെ ആര്യങ്കാവ് ക്ഷേത്രത്തിൽ നിന്നും ബിംബ പ്രയാണ ഘോഷയാത്രയോടെ മെയ് 9 ന് കാലത്ത് 7 മണിക്ക് പുറപ്പെട്ട് ക്ഷേത്ര തട്ടകങ്ങളായ ദേശമംഗലം, കൊയ്യൂർ, തലശ്ശേരി, വരവൂർ, പിലാക്കാട്, ആറങ്ങോട്ടുകര, ഇരിങ്കുറ്റൂർ, തിരുമിറ്റക്കോട്, രായമംഗലം, ചെട്ടിപ്പടി, പെരിങ്കന്നൂർ, ചാത്തന്നൂർ, കറുകപുത്തൂർ, ഇട്ടോണം, തിച്ചൂർ എന്നിവിടങ്ങളിൽ കൂടി സന്ധ്യയോടെ ക്ഷേത്തിലേക്ക് എത്തിച്ചേരുന്നു.

ക്ഷേത്രത്തിലെ ഇടിഞ്ഞു പൊളിഞ്ഞു കിടന്നിരുന്ന തീർത്ഥക്കുളം വറ്റിച്ച് അടിയിലെ ചേറു മുഴുവനും നീക്കി പടിഞ്ഞാറുവശം മൊത്തം കരിങ്കല്ലു കൊണ്ട് കെട്ടി മറ്റു പടവുകളിലെ കേടുപാടുകളും തീർത്ത് സുന്ദരമാക്കി. ശാന്തിക്കാർ ക്കായി ഒരു പ്രത്യേക കടവു കൂടെ ഇതിനോടൊപ്പം ഉണ്ടാക്കി. തീർത്ഥക്കുളത്തെ നവീകരണത്തിനു ശേഷം പരിപാവനമായി സംരക്ഷിക്കണമെന്ന ക്ഷേത്ര ട്രസ്റ്റിയുടെ അപേക്ഷയും ഇതോടൊപ്പം അറിയിക്കുന്നു.

ക്ഷേത്രത്തിലെ വിശേഷ ദിവസങ്ങൾ

1. വിഷുക്കണി : മേടമാസം 1 ന് പുലർച്ചെ വലിയ ഓട്ടുരുളിയിൽ ഭഗവതിക്ക് വിഷുക്കണി

ഒരുക്കി കാണിച്ചശേഷം ഭക്തർക്ക് കണി കാണുവാനായി സൗകര്യം ഒരുക്കാറുണ്ട്. അതിനുശേഷം തിമുമുറ്റത്ത് അത്യാവശ്യം കമ്പിത്തിരി, മേശപ്പൂ, മറ്റു പടക്കങ്ങൾ കത്തിക്കാറുണ്ട്.

2. ചാന്താട്ടം : മേടമാസത്തിലെ ഉത്രം നക്ഷത്രത്തിൽ വീരഭദ്രനും ഭഗവതിക്കും ചാന്താട്ടം നടത്തി വരുന്നു. ഭക്തർക്ക് ചാന്താട്ടം വഴിപാടായും നടത്തുവാൻ സൗകര്യമുണ്ട്. ചാന്താട്ടത്തിനുശേഷം ഭക്തർക്ക് പ്രസാദമായി ആടിയ ചാന്ത് നൽകി വരാറുണ്ട്.

3. രാമായണ മാസാചരണം : കർക്കിടക മാസത്തിൽ ദിവസേന കാലത്ത് രാമായണ പാരായണം നടത്താറുണ്ട്.

4. ഇല്ലംനിറ / തൃപ്പുത്തരി : കർക്കിടക വാവു കഴിഞ്ഞ് തൊട്ടടുത്ത ഞായറാഴ്ച ദിവസം ക്ഷേത്രത്തിലെ ഇല്ലംനിറയും തൃപ്പുത്തിരിയും കൊണ്ടാടപ്പെടുന്നു. അതിനുശേഷം ഭക്തർക്ക് പ്രസാദമായും വീടുകളിൽ നിറക്കുന്നതിനായും നെൽക്കതിരുകൾ നൽകാറുണ്ട്. (തൃപ്പുത്തിരി 2025 മുതൽ കൊല്ലവർഷം 1201 മുതൽ ചിങ്ങമാസത്തിലെ ഉത്രാടം നാളിൽ ആഘോഷിക്കും)

5. പൂജവെപ്പ് : നവരാത്രിക്ക് ക്ഷേത്രത്തിൽ പുസ്തകങ്ങൾ സരസ്വതീപൂജയ്ക്ക് വയ്ക്കാറുണ്ട്. വിജയദശമി ദിവസം തട്ടകങ്ങളിൽ നിന്നും വരുന്ന ഒട്ടേറെ കുട്ടികളെ വിദ്യാരംഭം കുറിക്കുന്നതിനായി എഴുത്തിനിരുത്തുന്ന ചടങ്ങും നടത്താറുണ്ട്.

6. മണ്ഡലമാസം : വൃശ്ചികമാസം 1 ന് ക്ഷേത്രത്തിന്റെ വക പാട്ടുകൊട്ടിലിൽ ഭഗവതിയുടേയും വീരഭദ്രന്റേയും രൂപമടങ്ങുന്ന കളമെഴുത്തും പാട്ടും ആരംഭിക്കുന്നതിനായി പാട്ടു കൂറയിടുന്ന ചടങ്ങ് അടികൾ കുടുംബത്തിലെ മൂത്തടികളുടെ സാന്നിദ്ധ്യത്തിലും സമ്മതത്തോടെയും മാരാർ ശംഖു വിളിച്ച് കല്ലാറ്റ് കുറുപ്പ് നിർവ്വഹിക്കുന്നു. വർഷങ്ങളായി മുരിങ്ങത്തേരി കല്ലാറ്റു കുറുപ്പന്മാരാണ് ക്ഷേത്രത്തിലെ ഈ കഴകം നടത്തിവരുന്നത്. മണ്ഡലമാസക്കാലം മുഴുവനും കളംപാട്ട് തുടർന്നു വരാറുണ്ട്. എല്ലാ ദിവസങ്ങളിലും ഭക്തരുടെ വഴിപാടായാണ് ഇത് നടത്തിവരുന്നത്. മുരിങ്ങത്തേരി മരിച്ചുപോയ ഇട്ടീരിക്കുറുപ്പിന്റെ മകൻ ശേഖരകുറുപ്പും അദ്ദേഹത്തിന്റെ മകൻ കൃഷ്ണമണിയുമാണ് ഇപ്പോൾ ഈ കഴകം അനുവർത്തിച്ചു പോരുന്നത്. ഇപ്പോൾ കളംപാട്ട് വൃശ്ചികം 1 മുതൽ മകരച്ചെവ്വക്കുശേഷം വരുന്ന വെള്ളിയാഴ്ച വരെ നടത്തുന്നുണ്ട്.

7. മകരചൊവ്വ : മകരചൊവ്വക്ക് ഭഗവതിയുടേയും വീരഭദ്രസ്വാമിയുടേയും തുടർന്നുള്ള ദിവസങ്ങളിൽ അയ്യപ്പൻ, പാമ്പിൻ കളവും, ധർമ്മദൈവം എന്നീ കളങ്ങളും നടത്തിവരുന്നു. മകരമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച ദിവസം

ക്ഷേത്രത്തിലെ താലപ്പൊലി മകരചൊവ്വ ആഘോഷം പുമുതൽക്കേ നടത്തിവരുന്നു. വർഷങ്ങൾക്കു മുമ്പ് ആന, താളമേളാഘോഷത്തോടെ ഒട്ടനവധി സ്ത്രീകൾ താലമെടുത്ത് അവസാനം താലത്തിലെ അരി ചൊരിയുന്ന താലം ചൊരിയൽ സമ്പ്രദായം നിലനിന്നിരുന്നു. കാലക്രമത്തിൽ ഇതിനൊക്കെ കുറവുവന്നു. പലരും ഇപ്പോൾ നെല്ല് കൊണ്ടുവന്ന് വിത്ത് ചൊരിയുന്ന പതിവാണുള്ളത്. ഇപ്പോൾ ചുറ്റുവിളക്കും ചെറിയ തോതിലുള്ള പരിപാടികളുമായി ഒതുങ്ങി. നവീകരണ കലശത്തിനു ശേഷം ക്ഷേത്രാചാരങ്ങളും പതിവു ചടങ്ങുകളും പരിപാടികളും പഴയപോലെ തന്നെ നടത്തണമെന്ന് ക്ഷേത്രം ട്രസ്റ്റിന് ആഗ്രഹമുണ്ട്.

8. ഉൽസവാഘോഷം : ഭഗവതി ക്ഷേത്രങ്ങളിൽ അത്യപൂർവ്വമായി കുവരുന്ന ഉൽസവാഘോഷം ഇവിടത്തെ പ്രത്യേകതയാണ്. സാധാരണ ഭഗവതി ക്ഷേത്രങ്ങളിൽ ഒരു ദിവസത്തിൽ ഒതുങ്ങുന്ന വേലയോ, പൂരമോ ആണ് ആഘോഷിക്കാറ്. ഇവിടെ പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഉൽസവമാണ്. കുംഭമാസത്തിലെ കാർത്തിക നാളിൽ ഇവിടെ അടുത്തുള്ള വരവൂർ പാലയ്ക്കൽ ഭഗവതിയുടെ വേല കഴിഞ്ഞ് പിറ്റേനാൾ രോഹിണി നാളിൽ കൊടിയേറ്റവും അത്തം നാളു കൊണ്ട് ആറാട്ടും നടത്തികൊണ്ടാണ് ഇവിടുത്തെ ഉൽസവാഘോഷ ചടങ്ങുകൾ. അത്യപൂർവ്വമായി വരുന്ന നാളുകളുടെ കയറ്റിറക്കത്തിൽ പാലയ്ക്കൽ വേലയും ക്ഷേത്രത്തിലെ കൊടിയേറ്റവും ഒരേ ദിവസം നടന്നിട്ടുള്ളതായി പഴമക്കാർ പറഞ്ഞു കേട്ടറിവുണ്ട്.

മുളമുറി : പഴയകാലത്ത് ശിവരാത്രി കഴിഞ്ഞ് 3 ാം നാൾ മുളമുറിക്കലാണ്. അടുത്ത കാലത്തായി കൊടിയേറ്റത്തിന്റെ ഒരാഴ്ചയോ 9 ദിവസമോ മുമ്പാണ് ഈ ചടങ്ങ് തുടങ്ങുന്നത്. ക്ഷേത്രത്തിന്റെ തെക്കുഭാഗത്തുള്ള ഹരിജൻ കോളനി നിവാസികൾക്കാണ് ഇതിന്റെ അവകാശം. പണ്ട് മുളമുറി ദിവസം 7 പേരെങ്കിലും കാലത്ത് കുളിച്ച് ശുദ്ധമായി ക്ഷേത്രത്തിലെത്തി തൊഴുത് ദക്ഷിണ വാങ്ങി വടക്കുഭാഗത്ത് സുമാർ 4 കിലോമീറ്റർ ദൂരത്തിലുള്ള തിരുമിറ്റക്കോട് ദേശത്തേക്ക് പോകുന്നു. ഇപ്പോൾ കുറഞ്ഞത് 3 പേർ പോകും. തിരുമിറ്റക്കോട് ചെട്ടിപ്പടി, ഇരുംങ്കുറ്റൂർ 5 ദിവസം മുള മുറിക്കും. 3 ദിവസം ആറങ്ങോട്ടുകര. ഉച്ചക്ക് ശേഷം മുള കൊണ്ടുവരാൻ ഓരോ വീട്ടിൽ നിന്നും ഓരോ സ്ത്രീകൾ പോകാറുണ്ട്. സന്ധ്യയോടെ മുളയുമായി എത്തുന്നവർക്ക് ക്ഷേത്രത്തിൽ നിന്നും നെല്ലും മറ്റ് ദ്രവ്യങ്ങളും നൽകിവരുന്നു.

കൊടിമരം മുറിക്കൽ : രോഹിണി നക്ഷത്ര ദിവസം (കൊടിയേറ്റ ദിവസം) കാലത്ത് 7 മണിക്ക് പിലാക്കാട് ദേശക്കാർ കുളിച്ചൊരുങ്ങി രാമൻകുളങ്ങര അയ്യപ്പക്ഷേത്ര പരിസരത്ത് ഒത്തുകൂടുന്നു അവിടെ കഴുക്കൂട്ട് തറവാട്ടിലെത്തി വിശ്രമിക്കുന്നു.

അവിടെ വെച്ച് വീട്ടുകാർ കൊടിമരം മുറിക്കുന്നതിനുള്ള കയർ ദേശക്കാരെ ഏൽപ്പിക്കുന്നു. അവിടെ നിന്ന് കയറുമായി പുറപ്പെട്ട് പാലയ്ക്കൽ അമ്പലത്തിന്റെ വടക്കുഭാഗത്തു നിന്നും ഭഗവതി കുടിയിരിക്കുന്ന ഒത്ത ഒരു കവുങ്ങ് (കൊടിമരം) കത്തെുന്നു. പൂജാദി കർമ്മങ്ങൾക്കുശേഷം ആ കവുങ്ങിന്റെ ഏതാനും പൂക്കുലമണികൾ താഴേക്ക് വീഴുന്നതു കാണുമ്പോൾ ഭഗവതിയുടെ കടാക്ഷത്താൽ ഇതു തന്നെയാണ് കൊടിമരത്തിനുള്ള കവുങ്ങെന്ന് ഒന്നുകൂടി ഉറപ്പാക്കുന്നു. ആ കവുങ്ങ് നിലംതൊടാതെ ദേശക്കാർ ചേർന്ന് മുറിച്ചെടുക്കുന്നു. ആ കൊടിമരം വേലി കടത്തി ആർപ്പു വിളികളോടെ കൊണ്ടുപോരുന്നു. വരുന്നവഴി വിരുട്ടാണത്തമ്മയ്ക്കായി ഒരു തലാടിയും (മുളയുടെ തലപ്പ് ഭാഗം) വെട്ടിയെടുത്ത് കൊണ്ടുപോരുന്നു. ഇവർ എല്ലാവരും ഏകദേശം 10 മണിയോടു കൂടെ അയ്യപ്പക്ഷേത്ര പരിസരത്ത് തിരിച്ചെത്തുന്നു. ഉൽസവത്തോടനുബന്ധിച്ച് ഒട്ടനവധി ഐതിഹ്യങ്ങളും നാട്ടറിവുകളും പറഞ്ഞു കേട്ടിട്ടുള്ളത് ഇവിടെ ചുരുക്കി പറയുന്നതിൽ അപാകതയില്ലെന്നു കരുതുന്നു. കൊടിമരം കൊണ്ടുവരുന്നതിനെ കുറിച്ചൊരു ഐതിഹ്യം പറയുന്നുണ്ട്. വരവൂർ പാലയ്ക്കൽ ഭഗവതിയുടെ പൂരത്തിനു ശേഷമുള്ള ഉറക്കസമയത്ത് പിറ്റേനാൾ രോഹിണിയാണ്. ആ ഉറക്കസമയത്ത് അനിയത്തിയായ വിരുട്ടാണത്ത് ഭഗവതിയുടെ ഉൽസവം കൊടിയേറുന്നതിനു വേണ്ടി പാലയ്ക്കൽ ഭഗവതി അറിയാതെ കൊടിമരം മോഷ്ടിച്ചു കൊണ്ടുപോകുന്നതായാണ് പറയുന്നത്.

ദീപാരാധനക്കുശേഷം കൊടിമരം അയ്യപ്പക്ഷേത്ര പരിസരത്തുനിന്നും കൊണ്ടുപോരുന്നു. കൊടിമരം വരുന്ന വഴിയിലെ വീട്ടുകാർ വിളക്കു കൊളുത്തി വരവേൽക്കുന്നു. ശ്രീ. തിരുമത്തളിയപ്പൻ ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ ഇറക്കിവെയ്ക്കുന്നു. പിന്നീട് ആർപ്പുവിളികളുമായി കൊടിമരം വിരുട്ടാണത്തെ കിഴക്കേ നടയിൽ നടവരമ്പിൽ കൊണ്ടുവന്നു വയ്ക്കുന്നു. ക്ഷേത്രത്തിൽ നിന്ന് നിറച്ച് വെയ്പ്പും കുത്തുവിളക്കുമായി കൊടിമരത്തെ സ്വീകരിക്കുന്നു. കൊടിമരം കൊണ്ടുവന്നവർക്ക് ക്ഷേത്രത്തിന്റെ വടക്കുഭാഗത്തുള്ള അടികൾ മഠം വക സംഭാര വിതരണം നടത്താറുണ്ട്. തുടർന്ന് കൊടിമരം ചെത്തുന്ന ചടങ്ങാണ്. ഏകദേശം 2 മണിക്കൂറിലധികം സമയമെടുക്കും ഈ പ്രക്രിയക്ക്. ഇരുങ്കുറ്റൂരുള്ള ആശാരിമാർക്കാണ് ഇതിനുള്ള അവകാശം. കൊടിമരത്തിന്റെ മുകളിൽ വയ്ക്കുന്നതിനായി അരയാൽ മരത്തിൽ തീർത്ത ഒരു കാളകുട്ടിയുടെ രൂപം നേരത്തെ തന്നെ മൂത്താശാരി കൊണ്ടുവന്നിട്ടുണ്ടാകും. കൊടിമരം ചെത്തുന്ന ആൾക്ക് 7 ദിവസത്തെ വ്രതം വേണം. കൊടിമരത്തിന്റെ ഉയരം 18 കോലാണ്. കൊടിമരം 18 വട്ടം ചെത്തണം. കൊടിമരം ചെത്തുന്നത് കട മുതൽ തല

വരെയാണ്. വീണ്ടും കടയ്ക്കൽ നിന്ന് തുടങ്ങണം. ചെത്തുമ്പോൾ കട മുതൽ തല വരെ നിവരാൻ പാടില്ല. കൊടിമരത്തിന്റെ കടയ്ക്കൽ നിന്ന് 1 കോൽ 18 വിരൽ മേലോട്ടുവെച്ച് അവിടെ പുക്കിളു വേണം. കൊടിമരത്തിന്റെ മുകളിൽ നിന്നും പതിനെട്ടു വിരൽ താഴോട്ടുവച്ച് കൊടിമരകയ്യ് വയ്ക്കണം. കയ്യിന്റെ നീളം ഒരു കോൽ 18 വിരൽ വേണം കയ്യിൽ കൂടിയാണ് കൊടിക്കൂറ കയർ ഇട്ട് കൊടികയറ്റുന്നതും ഇറക്കുന്നതും. ചെത്തിമിനുക്കിയ കൊടിമരം തിരുമുറ്റത്തേക്ക് എടുത്തുവെയ്ക്കുന്നു.

കൊടിമരക്കൂട് : മുളകൊണ്ടുള്ള കൊടിമരക്കൂട് നിർമ്മാണം ക്ഷേത്രത്തിനടുത്തുള്ള ആശാരിമാർ തന്നെയാണ്. അവർക്കും വ്രതം വേണം. കൊടിമരക്കൂടിന്റെ ഉയരം 1 കോൽ 10 വിരൽ ആണ്. അഴികളുടെ ആകെ എണ്ണം 32 ആണ്. കൊടിമരം നിവർത്താൻ 2 മുളകൾ ചേർത്തുണ്ടാക്കുന്ന വലുതും ചെറുതുമായി രണ്ട് സെറ്റ് കയ്യിരികൾ വേണം. വലിയതിന്റെ മുളയുടെ നീളം 8 കോൽ 6 വിരൽ നീളം 2 എണ്ണം. ചെറിയ മുളയുടെ നീളം 6 കോൽ 6 വിരൽ നീളം 2 എണ്ണം. വിരൽ വണ്ണമുള്ള കയർ കൊണ്ട് പ്രത്യേക രീതിയിൽ 2 മുളയുടെ തലഭാഗത്ത് ചേർത്ത് കെട്ടി അത് പിണച്ച് പിടിച്ചു താങ്ങുകൊടുത്താണ് കൊടിമരം ഉയർത്തുന്നത്. കൂടാതെ മുളം കുംഭം 4 എണ്ണം 16 വിരൽ നീളത്തിൽ അരയാൽപാത്രിയ രണ്ടേകാൽ വീതി, ഘനം ഒന്നേ മുക്കാൽ വിരൽ എണ്ണം 4, ചിരട്ട കയ്യിൽ 2 എണ്ണം, കൊടിമര കുഴിയിലെ മണ്ണ് എടുക്കാനുള്ളതാണ്. പൂജാദി കർമ്മങ്ങൾക്കു ശേഷം രാത്രി 18 ാം നാഴികയ്ക്ക് കൊടിമരം കയറ്റുന്നതോടെ ഉൽസവം കൊടികയറി. (1 ാം ദിവസം) മുളകൊണ്ട് ഉണ്ടാക്കിയിട്ടുള്ള കൊടിമരക്കൂട് വെയ്ക്കുന്നു. വളരെ ചെറിയ തോതിൽ ദേശക്കാരുടെ വക വെടിക്കെട്ടും ഉണ്ടാകാറുണ്ട്. അതിനുശേഷമേ ദേശക്കാർ ക്ഷേത്രം വക രാത്രിഭക്ഷണം കഴിക്കാറുള്ളൂ. ക്ഷേത്രത്തിൽ ശ്രീഭൂതബലിയും മറ്റു ചടങ്ങുകളും കഴിയുമ്പോൾ വെളുപ്പിന് 3 മണിയെങ്കിലും ആകും.

ഉൽസവത്തോടനുബന്ധിച്ച ചടങ്ങുകളിൽ പ്രധാനമാണ് മുളയിടൽ. ഇവിടെ മുളയിടൽ കഴിഞ്ഞാണ് കൊടികയറ്റം. ക്ഷേത്ര നാലമ്പലത്തിന്റെ വടക്കു കിഴക്കു ഭാഗത്തുള്ള മുറിയിൽ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള മണ്ണുകൊണ്ടുള്ള പൂപ്പാലികകളിൽ ധാന്യങ്ങൾ മന്ത്രപുരസ്സരം വിതയ്ക്കുന്നു. പള്ളിവേട്ട ദിവസം വരെ മുളയറയിൽ യഥാസമയം മുള പൂജ നടത്തുന്നു.

പള്ളിവേട്ട ദിവസം വൈകുന്നേരത്തോടെ വടക്ക് കിഴക്കേ വാതിൽമാടം ദേവിയുടെ പള്ളിയുറക്കത്തിനായി സജ്ജീകരിക്കുന്നു. അലങ്കാര ഞൊറികളും കസവു കരകളുമുള്ള പട്ട് കൊണ്ട് വലിയ ഒരു മുറിയായി തന്നെ രൂപപ്പെടുത്തി അതിൽ പട്ട്മെത്ത, തലയണ എന്നിവയ്ക്കു ചുറ്റും മുളപ്പിച്ച ധാന്യങ്ങളുള്ള പൂപ്പാലികകൾ

ചിട്ടയോടെ അലങ്കരിക്കുന്നു. പള്ളിനായാട്ടു കഴിഞ്ഞ് അർദ്ധരാത്രിയോടെ ദേവി പള്ളിയുറങ്ങുന്നത് ഇവിടെയാണ്. വർഷത്തിൽ ശ്രീകോവിലിനു പുറത്ത് പള്ളിയുറങ്ങുന്ന ഏകദിവസവും ഇതുതന്നെ. പള്ളിവേട്ടയ്ക്കുള്ള അപ്പം നിവേദ്യം പ്രത്യേകതയാണ്.

ഉൽസവം 2, 3, 4 ദിവസങ്ങളിൽ പുറമേ നിന്ന് ദേശപൂരങ്ങളൊന്നും വരാനില്ലാത്തതുകൊണ്ട് ക്ഷേത്രചടങ്ങുകളും കാലത്തും വൈകീട്ടുമുള്ള കാഴ്ചശീവേലിയും, നാദസ്വരം, കേളി, തായമ്പക എന്നീ പരിപാടികളോടെ ആഘോഷിച്ചു വരുന്നു. ഉൽസവം 3 ാം ദിവസം കാലത്ത് മുതൽ കാഴ്ച ശീവേലിക്ക് ആനപുറത്ത് ദേവിയെ എഴുന്നള്ളിക്കുന്നു. 3ാം ദിവസം സന്ധ്യയോടെ ബലിക്കൽപ്പുരയിലും ക്ഷേത്രത്തിനു ചുറ്റും യഥാസ്ഥാനങ്ങളിൽ പൂജയോടെ ചെറുകൊടികൾ സ്ഥാപിക്കുന്നു. ഇതിനായി മുളയുടെ തലാടിയും കൊടിക്കൂറയുമാണ് ഉപയോഗിച്ചു വരുന്നത്. ഉൽസവം 5 ാം ദിവസം തിരുമിറ്റക്കോട്, ഇരുങ്കുറ്റൂർ, രായമംഗലം, ഇരുമ്പകശ്ശേരി, എഴുമങ്ങാട് എന്നീ അഞ്ച് ദേശക്കാരുടെ വേല വൈകീട്ടോടെ ക്ഷേത്രത്തിലെത്തുന്നു. ചെമേളത്തോടെ എത്തുന്ന വേല കിഴക്കേ നടയിൽ ചെമേളം അവസാനിപ്പിച്ച് പഞ്ചവാദ്യവും പഞ്ചാരിയും കാഴ്ചവെയ്ക്കുന്നു. ഈ സമയത്ത് നടവരമ്പത്ത് തിറ, പൂതൻ, ആടി, നായാടി എന്നീ പ്രാചീന കലാരൂപങ്ങളും പാടത്ത് തേര്, കാളി ദാരിക വേഷങ്ങൾ, കാവടിയാട്ടം, കരകാട്ടം, ശിങ്കാരിമേളം എന്നിവയും അരങ്ങേറുന്നു

ഉൽസവം 6 ാം ദിവസം പണ്ട് ദേശമംഗലം മന വക പൂരമാണ് വന്നിരുന്നത്. കാലക്രമത്തിൽ മന വിൽക്കുകയും മറ്റും ചെയ്തതോടെ ദേശക്കാരുടെ പൂരമായി മാറി. ഇപ്പോൾ ദേശമംഗലത്ത് 6 ാം കളം പൂരം നടത്തുന്ന എത്ര കമ്മിറ്റികൾ ഉന്നെതിന് പ്രത്യേകിച്ച് കണക്കൊന്നുമില്ല. ദേശമംഗലം, തലശ്ശേരി എന്നിവിടങ്ങളിൽ നിന്നായി എട്ടും, ഒമ്പതും ഗജവീരന്മാർ ക്ഷേത്രത്തിലെത്തി തൊഴുതു മടങ്ങുന്നു. അടുത്ത കാലത്തായി രണ്ട് മൂന്ന് സെറ്റിന്റെ പഞ്ചവാദ്യം ക്ഷേത്രാങ്കണത്തിൽ പതിവുണ്ട്. എങ്കിലും എല്ലാ കമ്മറ്റിക്കാരുടേയും പൂരാഘോഷത്തിന്റെ തീവ്രത അതാതു പ്രാദേശിക തലത്തിൽ ഒതുങ്ങുന്നു. എല്ലാ പൂരങ്ങളും ഒരേ സമയം എത്തുന്നതുകൊണ്ട് ക്ഷേത്രത്തിലെ സ്ഥല പരിമിതിയും ബുദ്ധിമുട്ടുളവാക്കാറുണ്ട്. രാത്രി ദേവിയെ തെക്കേ തിരുമുറ്റത്ത് എഴുന്നള്ളിച്ച് വെച്ച് തായമ്പകയും മറ്റ് വിളക്കാചാരങ്ങളും നടക്കുന്നു. ഉൽസവം 7 ാം ദിവസം ക്ഷേത്രത്തിന് തെക്ക് കിഴക്ക് ഭാഗത്തായുള്ള ചേലൂർ കോവിലകത്തു നിന്നുള്ള വേല വരവാണ്. പണ്ട്കാലത്ത് 7 ാം കളം വേല വളരെ പ്രസിദ്ധമായിരുന്നു. അന്ന് വേല നടത്തിയിരുന്നത് മദ്രാസിൽ ബിസിനസ്സ് നടത്തിയിരുന്ന ഈ കോവിലകത്തെ ജേഷ്ഠാനുജൻമാരായിരുന്നു. രണ്ടുപേരും ഓരോ വർഷം ഇടവിട്ട് മൽസരിച്ചായിരുന്നു

അന്നത്തെ പൂരാഘോഷം. അതുകൊണ്ടു തന്നെ മികച്ച പഞ്ചവാദ്യക്കാരും, മേളക്കാരും പങ്കെടുത്തിരുന്നു.

ഉൽസവം 8 ാം ദിവസം എട്ട് ദേശക്കാരുടേയും വകയാണെന്ന് കണക്കാക്കുന്നതെങ്കിലും ഇതിൽ പെരിങ്കുന്നൂർ ദേശത്തു നിന്നും വരുന്ന തലയെടുപ്പുള്ള 3 ആനകളെ നിരത്തിയ മേജർ സെറ്റ് പഞ്ചവാദ്യത്തോടെയുള്ള പൂരമാണ് എടുത്തു പറയാനുള്ളത്. പണ്ട്കാലത്ത് നമ്പിടി വരിക എന്ന ഒരു സമ്പ്രദായം ഈ പൂരത്തിന് മുന്നോടിയായി നടന്നിരുന്നു. മരത്തിൽ പണിത പല്ലക്കു പോലുള്ള ഒരു വസ്തു തോളിലേറ്റി ചെണ്ടവാദ്യവും വെളിച്ചപ്പാടുമാരുമായി ക്ഷേത്രത്തിൽ ഓടിയെത്തുന്നവർ രണ്ട് പ്രദക്ഷിണം കഴിഞ്ഞ് മൂന്നാമത്തെ പ്രദക്ഷിണം പൂർത്തിയാക്കാൽ നിൽക്കാതെ ഓടിപോകുന്നതായാണ് കണ്ടുവന്നിരുന്നത്. ഇന്നിപ്പോൾ ഈ ചടങ്ങ് പതിവില്ല. പഞ്ചവാദ്യം പിന്നീട് പഞ്ചാരിമേളവും കഴിഞ്ഞ് ദീപാരാധനക്ക് ശേഷം ഗംഭീര വെടിക്കെട്ടും നടന്നുവരുന്നു. നടവരമ്പത്ത് തിറ, പൂതൻ, ആി, നായാടി എന്നീ പ്രാചീന കലാരൂപങ്ങളുടേയും പാടത്ത് കാളി, ദാരികൻ സംവാദത്തെ പ്രതിനിധീകരിക്കുന്ന തേരുകളും കാവടിയാട്ടം, കരകാട്ടം, ശിങ്കാരിമേളം എന്നിവയും നടക്കുന്നു. തൊട്ടപ്പുറത്ത് ഹരിജനങ്ങളുടെ വക പ്രത്യകം ആന പഞ്ചവാദ്യവും, താലങ്ങളും, കാളവേലയും നടന്നു വരാറുണ്ട്. രാത്രി ദേവിയെ തെക്കേ മുറ്റത്ത് എഴുങ്കള്ളിച്ച് വെയ്ക്കുന്നു. അവിടെയാണ് അന്ന് സ്പെഷ്യൽ തായമ്പകയും മറ്റു വിളക്കാചാരങ്ങളും. ആനപുറത്തുള്ള ശീവേലിക്കു ശേഷം 6 പ്രദക്ഷിണം പ്രത്യേകം വേണം.

ഉൽസവം 9 ാം ദിവസം പള്ളിവേട്ടയാണ് ദീപാരാധനക്ക് ശേഷം ദേവിയെ പള്ളിവേട്ടക്കായി എഴുന്നള്ളിക്കുന്നു. പടിഞ്ഞാറെ നടയിൽ നിന്നാണ് തുടക്കം. വേലിപടനായർ ഹാജരുണ്ടോ എന്ന് 3 പ്രാവശ്യം മൂത്തഅടികൾ വിളിച്ചു ചോദിക്കും. വേലിപടനായർ ഹാജരുണ്ടെന്ന് 3 പ്രാവശ്യം പറയും. ശേഷം അടിയന്തര മാരാർ മൂത്ത അടികളോട് ഭഗവതിയെ പള്ളിവേട്ടക്ക് എഴുന്നെള്ളിക്കാൻ ശംഖു വിളിക്കട്ടെയെന്നും എഴുന്നെള്ളിക്കാൻ പാണികൊട്ടട്ടെയെന്നും 3 പ്രാവശ്യം വീതം ചോദിച്ച് അനുമതി വാങ്ങും. തിടമ്പേറ്റുന്ന ആനയെ പൂജിച്ച് നേദ്യചോറുരുള നൽകി ഭഗവതിയെ ആനപുറത്തേറ്റുന്നു. ദേവിക്ക് ക്ഷേത്ര മതിൽക്കെട്ട് വിട്ട് പുറത്തേക്ക് പോകുമ്പോൾ അകമ്പടിയ്ക്ക് വേലി പടനായർ കൂടെ വേണം. അതിനായി ഒരു ചടങ്ങ് തന്നെയുണ്ട്. പള്ളിവേട്ട ദിവസം വേലിപടനായർ വീട്ടിൽ നിന്ന് വരുമ്പോൾ വഴിപാടായി കുരുത്തോലയും 6 നാളികേരവും കൊണ്ടുവരണം. . പണ്ട് കൊണ്ടുവരാൻ വാലിയക്കാർ (കാര്യസ്ഥൻമാർ) ഉണ്ടായിരുന്നു. വിരുട്ടാണം ദേവസ്വം വക 5 പറയ്ക്ക് കൃഷിസ്ഥലം ഉണ്ടായിരുന്നു.

തലമുറകളായി ഉപദേശം ഉണ്ടായിരുന്നു. പള്ളിവേട്ടയ്ക്ക് പുറപ്പെടാൻ പടനായരോട് സമ്മതം വാങ്ങണം. ശംഖ് വിളിയ്ക്കാനും പാണികൊട്ടാനും മാരാർ മൂത്തടികളുടെ അനുവാദം വാങ്ങണം. പള്ളിവേട്ട കഴിഞ്ഞ് ഭഗവതി അകത്ത് എത്തുന്നതുവരെ പടനായർ പുറത്ത് കാവൽ. ഭ ഗവതിയെ ശ്രീകോവിലിൽ എത്തിച്ചാൽ തുടർന്ന് പടനായർ വീട്ടിലേയ്ക്ക് പോകുമ്പോൾ പടനായരെ ഭഗവതി കൂടെ ചെന്ന് സുരക്ഷിതനായി വീട്ടിലെത്തിക്കുമെന്നാണ് വിശ്വാസം. പടനായരുടെ വീട്ടിൽ ശുദ്ധിയോടെ പട്ട് വിരിച്ച് വിളക്ക് കത്തിച്ചുവെച്ചാൽ അവിടെ ഭഗവതി സാന്നിധ്യം ഉണ്ടാകുമെന്ന് അവർ വിശ്വസിക്കുന്നു. പ്രതിഫലമായി പടനായർക്ക് ഉണക്കല്ലരിയും, മുറുക്കാനും നല്കണം.

പള്ളിവേട്ട എഴുന്നള്ളിപ്പ് പടിഞ്ഞാറെ നട വഴി വടക്കോട്ടുള്ള വഴിയിലൂടെ കിഴക്കേ പാടത്ത് ചെന്നാൽ വാദ്യഘോഷങ്ങൾ നിർത്തുന്നു. നേരത്തെ മണ്ണിൽ കുഴിയെടുത്തു വെച്ചതിൽ വാഴയില കമിഴ്ത്തിയിട്ട് ഏഴിടങ്ങഴി അരി നിവേദ്യം പൂജകൾക്ക് ശേഷം അതിൽ സമർപ്പിക്കുന്നു. അത് ഭഗവതി പോകുന്ന വഴി വൃത്തിയാക്കിയ ഹരിജനകുടുംബങ്ങൾ അവകാശമായി വീതിച്ചെടുക്കും. നടവരമ്പത്ത് കുത്തുവിളക്കിന് മുന്നിലായി കേളി, കുഴൽപറ്റ്, കൊമ്പ് പറ്റ് എന്നിവയ്ക്ക് ശേഷം പാണ്ടിമേളം തുടങ്ങി ക്ഷേത്രത്തിലേയ്ക്ക് വരുന്നു. കിഴക്കേ നടയിൽ വെച്ച് പാണ്ടിമേളം അവസാനിപ്പിച്ച്, മുത്തടികളുടെ എതിരേല്പിനുശേഷം പഞ്ചാരിമേളത്തോടെ മതിൽക്കകത്തേയ്ക്ക് കയറ്റുന്നു മേളത്തിനുശേഷം 11 പ്രദക്ഷിണം വേണം. ആദ്യ പ്രദക്ഷിണത്തിന് ശംഖ്, എടയ്ക്ക, നാദസ്വരം എന്നിവയും പിന്നീട് ചെണ്ടയുടെ വലം തലയും വാദ്യം വേണം. അകത്ത് പ്രവേശിച്ചാൽ ശ്രീകോവിലിലുച്ചുറ്റും 9 പ്രദക്ഷിണം വേണം.

ഉൽസവം 10 ാം ദിവസം ആറാട്ടാണ്. തലേ ദിവസം പള്ളിനായാട്ട് കഴിഞ്ഞുള്ള ക്ഷീണത്തോടെ പള്ളിയുറങ്ങുന്ന ദേവിയെ കാലത്ത് 6 മണി കഴിഞ്ഞേ ഉണർത്താറുള്ളൂ. ദേവിയെ ഉണർത്തുന്നതിന് പശുകുട്ടിയെ കൊണ്ടുവന്ന് ശ്രീകോവിലിന്റെ തെക്കു കിഴക്കേ മൂലയിൽ നിർത്തുന്നു. പശുകുട്ടിയുടെ അമ്മേ വിളിയ്ക്ക് ശേഷം അടിയന്തിര മാരാർ ശംഖ് വിളിക്കുന്നു അതോടെ ഭഗവതിയെ ഉണർത്തിയതായി സങ്കൽപ്പിക്കുന്നു. കണികാണൽ ചടങ്ങിനുശേഷം ശ്രീകോവിലിന് മുന്നിൽ തിടപ്പള്ളിയ്ക്കടുത്ത് പ്രത്യേകം സജ്ജമാക്കുന്ന മണ്ഡപത്തിലേക്ക് ഭഗവതിയെ കൊണ്ടിരുത്തുന്നു. അവിടെ വെച്ചാണ് ശുദ്ധമായ നല്ലെണ്ണ അഭിഷേകം, വാകചാർത്ത്,

മഞ്ഞൾ നീരാട്ട് തുടങ്ങിയ ബഹുവിധ ചടങ്ങുകൾ. ഈ സമയമത്രയും അകത്തും പുറത്തും വിവിധ വാദ്യമേളങ്ങൾ നടന്നുകൊണ്ടിരിക്കും. മലർ നിവേദ്യ പൂജയ്ക്കു ശേഷം ഭഗവതിയെ ശ്രീകോവിലിലെ പീഠത്തിൽ കൊണ്ടിരുത്തുന്നു. തുടർന്ന് നിവേദ്യം തയ്യാറാക്കുന്നതോടെ കാലത്തെ നിവേദ്യ പൂജയ്ക്ക് നടയടച്ച് തുറക്കുന്നതോടെ ഭക്തജനങ്ങളെ ക്ഷേത്രത്തിനകത്തേക്ക് ദർശനത്തിനായി വിട്ടുതുടങ്ങുന്നു. പുറത്ത് പ്രസാദ കൗറുകളിൽ ആടിയ എണ്ണ, മണ്ണൾ പ്രസാദം, മുള പ്രസാദം, പള്ളിവേട്ടയ്ക്ക് നിവേദിച്ച അപ്പം എന്നിവ വിതരണവും നടക്കുന്നു.

വൈകുന്നേരം നടതുറന്ന ശേഷം ഉച്ചപൂജ, ശ്രീഭൂതബലി (ഒറ്റ പ്രദക്ഷിണത്തോടെ) ചെറുകൊടി പറിയ്ക്കൽ എന്നിവയ്ക്ക് ശേഷം ഭഗവതിയെ ആറാട്ടിന് എഴുന്നള്ളിക്കാനായി ബലിക്കൽപുരയിൽ എഴുന്നള്ളിച്ചു വയ്ക്കുന്നു. അന്നത്തെ ദിവസം സന്ധ്യക്കുള്ള ദീപാരാധനയും ബലിയ്ക്കപ്പുരയിൽ വെച്ച് നടത്തുന്നു. ദീപാരാധനയ്ക്ക് ശേഷം കൊടിമരത്തിലെ കൊടിയിറക്കുന്നു. ദേവിയെ ആറാട്ടിനായി എഴുന്നള്ളിക്കുന്നതിനും ചടങ്ങുകളുണ്ട്. ഭഗവതിയെ ആറാട്ടിന് എഴുന്നള്ളിയ്ക്കാൻ ശംഖു വിളിക്കട്ടെ എന്ന് അടിയന്തിരമാരാർ മൂന്നു വട്ടം മൂത്തഅടികളോട് അനുവാദം ചോദിക്കുകയും മൂന്നുവട്ടവും അനുവാദം കൊടുക്കുകയും ചെയ്യുന്നു. അടിയന്തിരമാരാർ ശംഖ് വിളിച്ച് അനുവാദം ചോദിച്ചു കഴിഞ്ഞാൽ പാണി കൊട്ടാനും ഇതുപോലെ അനുവാദം ചോദിച്ച്, ആനയെ പൂജിച്ച് നിവേദ്യച്ചോറുരുള നൽകുന്നു. മറ്റു വാദ്യഘോഷങ്ങളോടെയും ആർപ്പ് വിളികളോടെയും ദേവിയെ ആനപുറത്തു കയറ്റി ക്ഷേത്രത്തിന് തെക്കു പടിഞ്ഞാറായുള്ള കുണ്ടുകുളം എന്ന ആറാട്ടുകുളത്തിലേയ്ക്ക് ആനയിക്കുന്നു. കുട്ടികൾ ചെറുകൊടികളുമായി മുന്നിലും വാദ്യഘോഷങ്ങളും ആർപ്പുവിളി കളുമായി ദേവിയെ ക്ഷേത്രകുളത്തിലെത്തിച്ച് ഇറക്കിവെയ്ക്കുന്നു. വാദ്യഘോഷങ്ങൾ നിർത്തി കേളി, കുഴൽപറ്റ് എന്നീ വിളക്കാചാരങ്ങൾ നടന്നുകൊിരിക്കും. ആറാട്ടുകുളം ശുദ്ധി വരുത്തി സപ്തനദികളിലേയും തീർത്ഥങ്ങളെ അതിലേയ്ക്ക് ആവാഹിക്കുന്നു. തന്ത്രിയും മേൽശാന്തിയു ം അടികളും ചേർന്ന് ഭഗ എടുത്ത് തീർത്ഥക്കുളത്തിൽ മൂന്നുവട്ടം മുങ്ങികയറി പീഠത്തിൽ ഇരുത്തി മഞ്ഞ ൾപ്പൊടി അഭിഷേകം ചെയ്യുന്നു. ആടിയ ശേഷം മഞ്ഞൾപ്പൊടി പിന്നീട് ആറാട്ട് പ്ര സാദമായി ഭക്തർക്ക് വിതരണം ചെയ്യുന്നു. വീണ്ടും തന്ത്രിയും മേൽശാന്തി അടികളും ചേർന്ന് എടുത്ത് ഭഗവതിയെ തീർത്ഥകുളത്തിൽ മുങ്ങി ആറാട്ട് നടത്തുന്നു. ക്ഷേത്ര ത്തിൽ തുടങ്ങി സ്നാനഘട്ടത്തിൽ നിർത്തിവെച്ച ഉച്ചപൂജ തീർത്ഥക്കുളത്തിലെ വെള്ള ത്തിൽ ഉണ്ടാക്കിയ നിവേദ്യപൂജയോടെ പൂർത്തിയാക്കുന്നു. ശേഷം ഭഗവതിയെ

ആനപ്പുറത്ത് കയറ്റുന്നു. വീണ്ടും ആർപ്പുവിളികളോടെയും വാദ്യഘോഷങ്ങളോടേയും ക്ഷേത്രത്തിലേയ്ക്ക് നീങ്ങുന്നു. ക്ഷേത്രനടയിലേയ്ക്ക് തിരിഞ്ഞ ശേഷം തുടങ്ങുന്ന പാണ്ടിമേളം പടിഞ്ഞാറെ നടയിൽ അവസാനിപ്പിച്ച് മൂത്തടികളുടെ എതിരേൽപ്പിനു ശേഷം തിരുമുറ്റത്തു നിന്നും പഞ്ചാരിമേളം തുടങ്ങുന്നു. മേളം കിഴക്കേ നടയിൽ എത്തി അവസാനിച്ചതും പഞ്ചവാദ്യം തുടങ്ങുകയായി. പഞ്ചവാദ്യത്തോടെ ഒരു പ്രദക്ഷിണം കഴിഞ്ഞ് വീണ്ടും ഒരു പ്രദക്ഷിണം മേളത്തോടെ നടക്കുന്നു. അടുത്ത പ്രദക്ഷിണം എടയ്ക്ക, നാദസ്വരം, കുഴൽ എന്നിവയോടെയാണ്. അതിനു ശേഷം മൊത്തം 21 പ്രദക്ഷിണം ആനപ്പുറത്ത് വേണം. പിന്നെയുള്ള പ്രദക്ഷിണങ്ങൾ ചെണ്ടയുടെ വലംതലയിൽ കൊട്ടികൊണ്ടാണ്. അടുത്ത കാലത്തു മുതൽ നിറയെ ഭക്തജനങ്ങൾ ദേവീ നാമങ്ങളുമായി ആനക്ക് പുറകെ പ്രദക്ഷിണം വയ്ക്കാറുണ്ട്. പ്രദക്ഷിണം കഴിഞ്ഞ് ദേവിയെ ക്ഷേത്രത്തിനകത്ത് പ്രവേശിപ്പിച്ചാൽ ശ്രീകോവിലിനു ചുറ്റും 11 പ്രദക്ഷിണം വെക്കാറുണ്ട്. പിന്നെയുള്ള താന്ത്രിക ചടങ്ങുകൾ കഴിയുമ്പോൾ നേരം പുലരാറായി കാണും. ഉത്സവകാലത്തെ പരിപാടികളിൽ ക്ഷേത്രകലകൾക്കാണ് പ്രമുഖസ്ഥാനം. ഓട്ടംതുള്ളൽ, ചാക്യാർകൂത്ത്, കുറത്തിയാട്ടം, കഥാപ്രസംഗം (പുരാണം), കഥകളി എന്നിവ പലകാലങ്ങളിലായി നടത്തിവന്നിരുന്നു. ആദ്യകാലത്ത് പതിവായി ഓട്ടംതുള്ളൽ നടന്നിരുന്നതായി പലരും ഇപ്പോഴും ഓർക്കുന്നു ഓട്ടംതുള്ളൽ നിർത്തിയതിനുശേഷം കുറച്ചുകാലം എല്ലാ ദിവസവും ചാക്യാർകൂത്ത് നടന്നിരുന്നു. ഇപ്പോൾ ഒന്നോ രണ്ടോ ദിവസങ്ങളിൽ ഓട്ടംതുള്ളലും ചാക്യാർകൂത്തും നടത്തിവരുന്നു. പണ്ടൊക്കെ എട്ടാംകളം വേലയ്ക്ക് കഥകളി ഉണ്ടോ എന്ന് ചോദിക്കേണ്ട ആവശ്യമില്ല. കഥകളി ആസ്വാദകർ സന്ധ്യയ്ക്കു തന്നെ കളി കാണാനായി എത്തി തുടങ്ങും. ഇപ്പോൾ ഒരു ദിവസം കഥകളി, ഓട്ടംതുള്ളൽ, ചാക്യാർകൂത്ത് എന്നിവ ഉണ്ടാകാറുണ്ട്. 2015 നവംബർ 17 ചൊവ്വാഴ്ച മുതൽ (1191 വൃശ്ചികം 1) ദിവസേന പ്രഭാതഭക്ഷണം നൽകിവരുന്നു. ഭക്തജനങ്ങൾക്ക് ഇതിൽ പങ്കാളികളാകാവുന്നതാണ്. "അന്നദാനം മഹാദാനം' എന്ന ചൊല്ലിനെ അന്വർത്ഥമായി ഇത് കാലാകാലങ്ങളായി തുടർന്നു കൊണ്ടു പോകണമെന്ന ഭക്തജനങ്ങളുടെ ആഗ്രഹം സഫലീകരിക്കുവാൻ വിരുട്ടാണത്തമ്മയോടു പ്രാർത്ഥിക്കുന്നു.അടുത്തകാലത്തായി ഉത്സവകാലത്ത് അന്നദാനം (പ്രസാദ ഊട്ട്) നടത്തിവരുന്നു. ഭക്തജനങ്ങൾക്ക് ഇഷ്ടമുള്ള ദിവസങ്ങളിൽ പ്രസാദ ഊട്ട് സ്പോൺസർ ചെയ്യാവുന്നതാണ്. ഉത്സവകാലത്ത് നടത്തുന്ന ചുറ്റുവിളക്കും കളമെഴുത്തുപാട്ടും ധാരാളം ഭക്തർ വഴിപാടായി സമർപ്പിക്കുന്നു.



ക്ഷേത്രത്തിലെ കലശത്തിൽ പങ്കെടുത്ത തന്ത്രിമാർ



ക്ഷേത്ര സേവാ സമിതി അംഗങ്ങൾ

ഭദ്രകാളി സ്തുതി

ശ്രീമതി വി.കെ. ഇട്ടിച്ചിരി അടീശ്യാർ, വിരുട്ടാണം

ശിവതനയെ ജയ ദേവി
ഭൂവനനാഥെ തുണച്ചീടണം
മമമുടി നീ കാത്തീടുവാൻ
തവമുടി ഞാൻ കൈതൊഴുന്നേൻ
മമ മുഖം നീ കാത്തീടുവാൻ
തവ മുഖം ഞാൻ കൈതൊഴുന്നേൻ
മമ കരം നീ കാത്തീടുവാൻ
തവ കരം ഞാൻ കൈതൊഴുന്നേൻ
മമ ചരണം നീ കാത്തീടുവാൻ
തവ ചരണം ഞാൻ കൈതൊഴുന്നേൻ
ചോരന്മാരാം ദാനവർ തൻ
ചോരപാനം ചെയ്തു മോദാൽ
ആനക്കൊമ്പൻ കാതിലായിട്ടാ-
നത്തോൽ പുടവ ചുറ്റി
ശ്രീ കപാലം താലി ചാർത്തി
ദാരികൻ തലം പന്തുമായ്
പള്ളിവാളും കൈയ്യിലേന്തി
തുള്ളിച്ചാടി നൃത്തമാടി
വീരഭദ്രൻ വലത്തുഭാഗേ
മാതൃക്കളെ തങ്കൽ ചേർത്തു
കേൾവിയേറും വീരസ്ഥാന-
ക്കാവിൽ വാഴും തമ്പുരാട്ടി
സന്താപങ്ങൾ തീർത്തീടാനും
സന്താനങ്ങൾ ചേർത്തീടാനും
താണു വീണു കൈതൊഴുന്നേൻ
താപം തീർത്തു കാത്തിടമ്മേ.

(വഞ്ചിപ്പാട്ടുരീതി)

കിഴക്കുന്നു പടിഞ്ഞാറേയ്ക്കുതിക്കും ചന്ദ്രനെപ്പോലെ
ഉദിക്കുന്ന ഭഗവതി തിരുമേനിയെ...
തലയ്ക്കു നല്ലെണ്ണ ചേരും ഈഞ്ച, താളി, വാക ചേരും
കുറിഞ്ഞോല കുറി ചേരും കുങ്കുമം ചേരും
പഞ്ചവർണ്ണ പട്ടുചേലനന്നായ് കുത്തിയുടുത്തതിൻമേലെ
പൊന്നരഞ്ഞാളുടനെ ചാർത്തി
തൃക്കൈ വിരൽ പത്തിമേലും തിരുവഴി മോതിരവും
തിരുമുടി ചിക്കി ചിക്കിയെഴുന്നള്ളത്ത്
ഗോപുരവും കടന്നമ്മ മാളികമേലെഴുന്നള്ളി
വാളുമൂരി പീഠത്തിന്മേലരയിരുന്നു
എട്ടുനാടും കീർത്തികേട്ട വീരസ്ഥാനം കുടികൊള്ളും
ഭദ്രശാളി അമ്മേ ഞങ്ങൾ കൈവണങ്ങുന്നേൻ

അടികൾ

അഡ്വ. എം.ത്രിവിക്രമൻ അടികൾ

ഗോത്രം - വിശ്വാമിത്രം

വേദം - യജുർവേദം

ചടങ്ങ് - ബൗധായനം

അതിപുരാതനമായ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലെ പ്രധാന ശാന്തിക്കാരെ അടികൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. യാഗപാരമ്പര്യമുള്ള മേഴത്തോൾ അഗ്നിഹോത്രിയുടെ പിൻമുറക്കാരാണ് ഇവർ. ഇവർക്ക് സിദ്ധിച്ചിട്ടുള്ള താന്ത്രിക പൂജാവിധികൾ അതീവ രഹസ്യവും തലമുറകളായി കൈമാറി വരുന്നതുമാണ്.

അടികൾ എന്ന പദം പൂജനീയർ എന്ന അർത്ഥത്തിലാണ് വിവക്ഷിക്കുന്നത്. വളരെ ബഹുമാനപൂർവ്വം ഉപയോഗിക്കുന്ന സ്ഥാനപേരാണിത്. ഇവർ ശ്രീചക്ര പൂജയിലും ശ്രീവിദ്യോപാസനയിലും ഉത്തുംഗ തലത്തിലെത്തിവരായാണ് കണക്കാക്കപ്പെടുന്നത്. ദേവി ഉപാസനയിൽ (താന്ത്രിക സാധന) ഒരു ഘട്ടം കഴിഞ്ഞാൽ ദേവതയും താനും ഒരേ അവസ്ഥ (തുരീയാവസ്ഥ) യിലെത്തിയവരായിരുന്നു ഇവരുടെ പൂർവ്വികരെന്നാണ് വിശ്വാസം. ഋഷിതുല്യരായ സാധകന്മാർ മുൻതലമുറകളിലുണ്ടായിരുന്നു. പാലക്കാട് ജില്ലയിലെ തൃത്താലയ്ക്കടുത്ത കൊടിക്കുന്നത്തുകാവാണ് അടികൾമാരുടെ മൂലസ്ഥാനമായി അറിയപ്പെടുന്നത്.

ഉല്പത്തി : ഒരിയ്ക്കൽ തമിഴകത്ത് കാവേരി നദിയിൽ ഒരു ചുഴി പ്രത്യക്ഷമായി. അവിടെ വച്ച് ഒഴുക്ക് തടസ്സപ്പെടുകയും ജലം ചുഴിയിലൂടെ അപ്രത്യക്ഷമാവുകയും തന്മൂലം വരൾച്ച നേരിടുകയും ചെയ്തു. അപ്പോൾ നദിക്കരെയുള്ള ഒരു ബ്രാഹ്മണ കുടുംബത്തിലെ യുവതി തുള്ളിപ്പറയുകയുണ്ടായത്രെ. മലയാളനാട്ടിലെ ശുകപുരം ഗ്രാമത്തിലെ മേഴത്തോൾ അഗ്നിഹോത്രിക്കേ ഇതിനൊരു പരിഹാരം കാണാൻ കഴിയൂ എന്ന്. അങ്ങനെ മധുര രാജാവിന്റെ പ്രത്യേക ക്ഷണപ്രകാരം അഗ്നിഹോത്രി അവിടെ എത്തുകയും കാവേരി നദിയിലെ ചുഴിയിൽ മുങ്ങുകയും 3ാം ദിവസം പൊങ്ങിവന്നപ്പോൾ വലതു കയ്യിൽ മൂന്ന് ശൂലങ്ങളും ഉണ്ടായിരുന്നു. ഈ മൂന്ന് ദിവസവും നേരത്തെ പറഞ്ഞ ബ്രാഹ്മണ യുവതി അഗ്നിഹോത്രിയെ കാത്ത് രാപ്പകലില്ലാതെ നാമജപത്തോടെ നദിക്കരയിലുണ്ടായിരുന്നു.

അഗ്നിഹോത്രി കേരളത്തിലേക്ക് മടങ്ങുമ്പോൾ ആ ബ്രാഹ്മണ യുവതിയെ കൊണ്ടുവന്ന് വേളി കഴിച്ച് മൂന്നാമത്തെ ഭാര്യയാക്കി. അദ്ദേഹത്തിന്റെ ഇല്ലത്ത് (കടമ്പൂരില്ലം അഥവാ വേമഞ്ചേരി മന) കുടിയിരുത്തി. കൂടെ കൊണ്ടുവന്ന മൂന്ന് ശൂലങ്ങളിൽ സ്വർണ്ണശൂലം തന്റെ ഇല്ലത്തും, വെള്ളിശൂലം യജ്ഞേശ്വരത്തും, ചെമ്പുശൂലം കൊടിക്കുന്നത്ത് ഭഗവതി ക്ഷേത്രത്തിലും പ്രതിഷ്ഠിച്ചു.

ചെമ്പുശൂലം കൊടിക്കുന്നത്ത് ഭഗവതി ക്ഷേത്രത്തിലും പ്രതിഷ്ഠിച്ചു.

അഗ്നിഹോത്രിയുടെ മൂന്നാമത്തെ ഭാര്യയായ തമിഴ് ബ്രാഹ്മണ സ്ത്രീയാകട്ടെ, മറ്റു ഭാര്യമാരിൽ നിന്നെല്ലാം വ്യത്യസ്തമായി അദ്ദേഹത്തിന്റെ യാഗ പൂജാദി കാര്യങ്ങളെല്ലാം ഒരുക്കുന്നതിനായി അതീവ ശ്രദ്ധ പുലർത്തുക മൂലം പ്രത്യേക പ്രീതിക്ക് പാത്രീഭൂതയായി. അതിനാൽ അഗ്നിഹോത്രിക്ക് ആ സ്ത്രീയിലുായ സന്തതികളോട് മമത തോന്നുകയും മറ്റുള്ളവർക്ക് ഉപദേശിച്ചു കൊടുക്കാത്ത താന്ത്രിക വിദ്യ ഉപദേശിച്ചു കൊടുക്കുകയും ചെയ്തു.

കുറച്ചു കാലങ്ങൾക്കുശേഷം അഗ്നിഹോത്രി തമിഴ് ബ്രാഹ്മണ സ്ത്രീയിലുണ്ടായ ഉണ്ണിയേയും ഇല്ലത്തെ മറ്റാരുണ്ണിയേയും കൊടിക്കുന്ന് ഭഗവതി ക്ഷേത്രത്തിലേക്ക് പൂജാദി കാര്യങ്ങൾക്കായി പറഞ്ഞയച്ചു. അവർ ശ്രീകോവിലിൽ പൂജാദി കർമ്മങ്ങൾ ആരംഭിച്ചപ്പോൾ അഗ്നിഹോത്രി ഇവിടെ സ്ഥാപിച്ച ചെമ്പുശൂലം വിറച്ചുകൊണ്ട് നിൽക്കുന്നതായി കണ്ടു. അവർ പഠിച്ച താന്ത്രിക വിദ്യകൾ പ്രയോഗിച്ചു നോക്കിയിട്ടും ശൂലം ഉറച്ചുകണ്ടില്ല. ഒടുവിൽ അഗ്നിഹോത്രിയുടെ മൂന്നാമത്തെ ഭാര്യയിലെ ഉണ്ണി തനിക്ക് പിതാവിൽ നിന്ന് കിട്ടിയ അതീവ രഹസ്യമായ താന്ത്രികവിധികൾ പ്രകാരം ഇളനീർ കൊണ്ട് അഭിഷേകവും മറ്റു പൂജാദികർമ്മങ്ങളും അനുഷ്ഠിച്ചപ്പോൾ വിറച്ചുകൊണ്ട് നിന്നിരുന്ന ശൂലം ഉറച്ചു പോയി.

ഇല്ലത്ത് തിരിച്ചെത്തിയ ഉണ്ണികൾ ഈ വൃത്താന്തം അഗ്നിഹോത്രിയെ ധരിപ്പിച്ചപ്പോൾ അദ്ദേഹം മകനെ വിളിച്ച് ഇനി മുതൽ കൊടിക്കുന്നത്തു തന്നെ താമസിച്ച് ക്ഷേത്രത്തിലെ പൂജാദികാര്യങ്ങൾ ചെയ്തുകൊള്ളുവാനും ബഹുമാനാർത്ഥം നിങ്ങൾ അടികൾ എന്ന വിശേഷണത്താൽ അറിയപ്പെടുമെന്നും പറഞ്ഞു. പിന്നീടുള്ള വംശപരമ്പരകൾ അടികൾ എന്ന പേരിൽ അറിയപ്പെടുകയും മേലേപ്പാട്, നടുവിലേപ്പാട്, കീഴേപ്പാട് എന്നീ മഠങ്ങൾ ഉരുത്തിരിയുകയും ചെയ്തു.

അടികൾമാരും, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രവും

പണ്ട് കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലെ പൂജാദി കാര്യങ്ങൾക്കായി 41 ഇല്ലങ്ങൾ ഉണ്ടായിരുന്നുവത്രെ. ഒരിക്കൽ ദേവീ ഉപാസകനായ ഒരു പരദേശി ബ്രാഹ്മണൻ കൊടുങ്ങല്ലൂർ എത്തിയപ്പോൾ നേരം ഇരുട്ടി. അദ്ദേഹം സന്ധ്യാവന്ദനാദികൾ കഴിക്കുന്നതിനും അന്ന് രാത്രി വിശ്രമിക്കുന്നതിനും ആദ്യത്തെ ഇല്ലത്ത് സമീപിച്ചപ്പോൾ അങ്ങേയില്ലത്ത് പൊയ്ക്കൊള്ളുവാൻ പറഞ്ഞു. അവിടെ ചെന്നപ്പോൾ ആദ്യത്തെ ഇല്ലത്തെ അനുഭവം തന്നെയാണ് ഉണ്ടായത്. 41 ാമത്തെ ഇല്ലത്ത് ചെന്നപ്പോഴും അങ്ങേയില്ലത്ത് പൊയ്ക്കൊള്ളുവാൻ പറഞ്ഞു. അത് ദേവീ ക്ഷേത്രമായിരുന്നു. അവിടെ ചെന്നപ്പോഴാകട്ടെ ദേവി കുത്തുവിളക്കു പിടിച്ച വാരസ്യാരുടെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട് വിവരങ്ങൾ ആരായുകയും അദ്ദേഹത്തിനു വേണ്ട സൗകര്യങ്ങൾ ചെയ്തു.

കൊടുക്കുകയും ചെയ്തു.

എന്നാൽ തന്റെ ഉപാസകനായ ആ സാധു ബ്രാഹ്മണനെ പരിഹസിച്ച 41 ഇല്ലങ്ങളും ദേവി തന്റെ കോപാഗ്നിയിൽ ചുട്ടെരിച്ചു. അതുമൂലം ക്ഷേത്രത്തിലെ നിത്യപൂജകൾക്ക് ആളില്ലാതായപ്പോൾ സഹോദരിയായ കൊടിക്കുന്നത് ഭഗവതി ക്ഷേത്രത്തിലെ ശാന്തിക്കാരായ അടികളെ കൊണ്ടുവന്ന് പൂജാദി കാര്യങ്ങൾക്കായി നിയോഗിച്ചു എന്നുമാണ് ഐതിഹ്യം.

ഇവിടത്തെ താന്ത്രിക പുജാവിധാനങ്ങൾ അതീവ രഹസ്യവും അടികൾമാർക്ക് മാത്രം പാരമ്പര്യമായി സിദ്ധിച്ചിട്ടുള്ളതുമാണ്. ഇപ്പോൾ ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങൾ നിർവ്വഹിച്ചു പോരുന്നത് മഠത്തിൽ മഠം, നീലത്ത് മഠം, കുന്നത്ത് മഠം എന്നീ മൂന്ന് മഠങ്ങളിൽപ്പെട്ട അടികൾമാരാണ്.

കേരളത്തിൽ അനവധി ക്ഷേത്രങ്ങൾ അടികൾമാരുടെ അധീനതയിലു ണ്ടായിരുന്നു. ഗുരുവായൂരിനടുത്ത് 6 കിലോമീറ്റർ വടക്കു മാറി കുരഞ്ഞിയൂർ എന്ന ഗ്രാമവും ദേവീക്ഷേത്രവും അന്നത്തെ നാടുവാഴിയായിരുന്ന കുന്നത്ത് മൂസ്സ് അടികൾമാർക്ക് ചാർത്തിക്കൊടുത്തിട്ടുണ്ട്.

സമീപകാലത്താണ് എറണാകുളത്തുള്ള പാട്ടുരായ്ക്കൽ ഭഗവതിക്ഷേത്രം, തൃശ്ശൂരിനടുത്തുള്ള മുള്ളൂർ ഭഗവതി ക്ഷേത്രം, അടികൾമാരുടെ അധീനതയിൽ നിന്ന് ഒഴിഞ്ഞു കൊടുത്തത്. പൂർവ്വികരിൽ ഋഷിതുല്യനായ ഒരടികളാണ് തൃപ്പൂണിത്തുറയ്ക്കടുത്തുള്ള മുരിയമംഗലം നരസിംഹസ്വാമി ക്ഷേത്രത്തിൽ ഔവ്വാസനാഗ്നിയിൽ നിന്ന് അദ്ദേഹത്തിന് മുന്നിൽ പ്രത്യക്ഷനായ നരസിംഹ സ്വാമിയെ പ്രതിഷ്ഠിച്ചിട്ടുള്ളത്.

ഇപ്പോൾ കൊടുങ്ങല്ലൂരിലും, ഗുരുവായൂരിനടുത്തുള്ള കുരഞ്ഞിയൂരും, കൊടിക്കുന്നത്തും, വടക്കാഞ്ചേരിക്കടുത്തുള്ള വിരുട്ടാണം, പെരിന്തൽമണ്ണയ്ക്കടുത്ത അങ്ങാടിപ്പുറത്തുമായി അടികൾ കുടുംബങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു

ശ്രീവീരസ്ഥാനത്തമ്മ സ്തുതി

നിർമ്മല എസ് നാരായണൻ അടികൾ

ശ്രീവീരസ്ഥാനത്തു വാഴുമമ്മേ
കാക്കണേ ഞങ്ങളെ നിത്യവും നീ
വീരഭദ്രസമേതനായ് വാഴും
വീരസ്ഥാനത്തമ്മേ ലോകനാഥേ

സൽഗുണവാരിധേ തമ്പുരാട്ടീ
നന്മയോടെന്നും തുണയ്ക്കേണമേ
കാരുണ്യ രൂപിണിയായോരമ്മേ
ആനന്ദം ഞങ്ങളിൽ ചൊരിയണമേ

ആശ്രിതർക്കെന്നും നീ ആശ്രയമായ്
വീരസ്ഥാനം വാഴും ദേവിയമ്മേ
ഈ കണ്ട ദേശങ്ങൾ കാത്തീടുന്ന
അമ്മേ...ഭഗവതി ശ്രീ കുരുംബേ...

വീരസ്ഥാനം വാഴും തമ്പുരാട്ടീ
ചാമുണ്ഡീ, ഭൈരവീ കൈതാഴുന്നോൻ
വീരഭദ്രസമേതനായ് വാണീടും
ശ്രീഭദ്രേ! പാർവ്വതി കൈതാഴുന്നോൻ

ഒരു പ്രാർത്ഥന

നവീകരണകലശം

ശ്രീദേവി എസ് അടികൾ,

ഗായത്രി, വിരുട്ടാണം
മുന്നിലിരിക്കുന്നു ശ്രീ മഹാദേവൻ
പിന്നിലാക്കുന്നിൽ ബാലസുബ്രഹ്മണ്യൻ
ഈ താഴ്വാരത്തിൽ വീരസ്ഥാനത്തമ്മ
ഈ ചുറ്റുവട്ടം ഏവർക്കുമിഷ്ടം
മുൻകോണിൽ ആൽവെഞ്ചാമരം
വീരസ്ഥാനത്തമ്മേ കൈകൂപ്പിടുന്നേൻ
ഭക്തരാം ഞങ്ങൾ കാത്തിരിക്കുന്നോരു
ധന്യദിനങ്ങൾ വന്നെത്തിയപ്പോൾ
എത്രയോ കാലത്തിൻ ശേഷമീ സംരംഭം
ഭക്തരാം ഞങ്ങൾക്കു ജന്മസാഫല്യം
ശക്തികൂടീടട്ടെ ചൈതന്യമേറട്ടെ
തട്ടകവാസികൾ കൊണ്ടാടുമമ്മെ
അമ്മതൻ കാരുണ്യം ഞങ്ങൾക്കു മുഖ്യം
മംഗളമാക്കണേ ഈ പുണ്യകർമ്മം
ചരിത്രം രചിക്കുമീ പതിനൊന്നുനാളും
നമിക്കുന്നു ഞങ്ങൾ വിരുട്ടാണത്തമ്മേ

കളമെഴുത്തുപ്പാട്ട്

ശ്രീ. ശേഖരകുറുപ്പ്, മുരിങ്ങത്തേരി

പുരാവൃത്തം, അനുഷ്ഠാനം, ദൃശ്യം എന്നിവ അനുഷ്ഠാന കലയുടെ അടിസ്ഥാന സ്വഭാവമാണ്. വിശ്വാസത്തിന്റെ ദാർഢ്യത്താൽ പുരാവൃത്തത്തിലും അനുഷ്ഠാനത്തിലും മാറ്റം സംഭവിക്കാതെ ഇന്നും തുടർന്നു വരുന്ന ഒരു അനുഷ്ഠാന കലാരൂപത്തെ ദേവീ പ്രീതിക്കായി സമർപ്പിച്ച് ആരാധിച്ചു വരുന്ന രീതിയാണ് കളമെഴുത്തുപാട്ട്. കേരളത്തിലെ അനുഷ്ഠാന കലകളിൽ മിക്കതിനും കളമെഴുത്ത് പ്രധാനമാണ്. ധൂളിചിത്രരചന എന്ന് ഇതറിയപ്പെടുന്നു. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത് നിലനിൽക്കുന്നു. എന്നാൽ കേരളത്തിലെ ധൂളിചിത്രരചന രേഖാ പ്രധാനമെന്നതിനേക്കാൾ വർണ്ണ പ്രധാനമാണ്.

ചിത്രരചനാ രീതിയിൽ വർണ്ണങ്ങളുടെ പങ്ക് നിസ്തുലമാണ്. ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നതിന് പോലും പ്രത്യേക വർണ്ണങ്ങൾ ഉപയോഗിക്കുന്നു. ശൃംഗാരത്തിന് ശ്യാമവും, കരുണക്ക് തവിട്ടും, രൗദ്രത്തിന് ചുവപ്പുമാണ് ഭാരതീയ ചിത്രകാരന്മാർ ഉപയോഗിച്ചു വരുന്നത്. എന്നാൽ കളമെഴുത്തുപാട്ടിൽ അഭൗമ രൂപഭംഗിയുള്ള ദേവിയുടെ കളം വരക്കുമ്പോൾ ഏറ്റവും രൗദ്രത്തിന് ചുവപ്പും തൊട്ടു താഴെയുള്ളതിന് മഞ്ഞയുമാണ് ഉപയോഗിച്ചുവരുന്നത്. നിറം കിരീടം എന്നിവയിൽ കഥകളിക്കും കളമെഴുത്തിനും തമ്മിൽ വളരെയേറെ സാദൃശ്യമുണ്ട്. സാത്വിക പ്രധാനമായ ദേവാനുസങ്കൽപ്പങ്ങൾക്ക് കഥകളിയെപ്പോലെ പച്ചയാണ് കളമെഴുത്തിലെ നിറം. കഥകളിക്ക് ഇക്കാര്യത്തിൽ കളമെഴുത്ത് നിസ്തുലമായ സംഭാവനയാണ് നൽകിയിട്ടുള്ളത്. ജീവിതവും തൊഴലും അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്ന കുറുപ്പുമാരുടെ വർണ്ണ മനോഹരമായ കളമെഴുത്തിന്റെ തന്മയത്വമാണ് കളങ്ങൾക്കുള്ളത്. വരപ്പുപകരണങ്ങളുടെ സഹായമില്ലാതെ ദേവിയെ മനസ്സിൽ ധ്യാനിച്ച് കൈവിരുതിൽ തീർക്കുന്ന കളത്തിന്റെ രൂപവും, ഭംഗിയും, ചൈതന്യ ധന്യമായ ദേവിയുടെ രൂപത്തെ മനസ്സിൽക്ക് ആരാധിക്കുവാൻ സാധിക്കുന്ന തരത്തിൽ മനോഹരമായി നിർമ്മിക്കുന്നു.

അഞ്ചു വർണ്ണങ്ങളുള്ള പൊടികളാണ് കളമെഴുത്തിന് ഉപയോഗിക്കുന്നത്. വെള്ള, കറുപ്പ്, പച്ച, മഞ്ഞ, ചുവപ്പ് എന്നിവയാണ് പഞ്ചവർണ്ണങ്ങൾ. അരി പൊടിച്ച് വെള്ളപ്പൊടിയും ഉമിക്കരി കൊണ്ട് കറുത്തപൊടിയും, മഞ്ഞൾ പൊടിച്ച് മഞ്ഞപ്പൊടിയും ഉണ്ടാക്കുന്നു. വാക, മഞ്ചാടി, ആവണക്ക് ഇവയിലേതെങ്കിലും ഇല ഉണക്കിപൊടിച്ച് പച്ചപ്പൊടിയുണ്ടാക്കുന്നു. മഞ്ഞൾപ്പൊടിയും, ചുണ്ണാമ്പും

ആവശ്യത്തിന് വെള്ളം ചേർത്ത് യോജിപ്പിച്ച് ചുവപ്പ് പൊടിയുണ്ടാക്കുന്നു. വർണ്ണങ്ങളുടെ ചേരുവ, രൂപങ്ങളുടെ മനോഹാരിത എന്നിവ കൊണ്ട് കളമെഴുത്തു പാട്ട് നമ്മുടെ കലാപാരമ്പര്യത്തിന്റെ അഭിമാനകരമായ ചിത്രകലാ ശൈലിയിൽ അതുല്യസ്ഥാനം വഹിക്കുന്നു.

കളമെഴുത്തിന്റെ ആരാധനരീതിക്ക് താന്ത്രികാടിസ്ഥാനത്തിൽ തത്വങ്ങൾ ഉണ്ട് എന്ന് കാണാൻ കഴിയും. കുറുപ്പന്മാർ വരയ്ക്കുന്ന കളം, പ്രതിമ അഥവാ ബിംബം തന്നെയാണ് മത്സ്യപുരാണം, അഗ്നിപുരാണം എന്നീ ഗ്രന്ഥങ്ങളിൽ ശില്പ പ്രാധാന്യത്തെക്കുറിച്ച് പറയുന്നുണ്ട്. തന്ത്രസമുച്ചയം, കുഴിക്കാട്ട് പച്ച എന്നീ ഗ്രന്ഥങ്ങളിലും ബിംബങ്ങളുടെ അളവുകൾ പ്രതിപാദിക്കുന്നു. കുറുപ്പന്മാർ വരയ്ക്കുന്ന കളം ഗർഭഗൃഹാദ്വാരത്തോളമാണ്. ബിംബദീർഘത്തെ സമമായി ഭാഗിച്ച് ഓരോ ഭാഗത്തിനും താലം എന്നു പറയുന്നു. കുറുപ്പന്മാരുടെ കളത്തെ 6, 7, 9 എന്നിങ്ങനെ സമമായി ഭാഗിക്കാറുണ്ട്. ഇരിക്കുന്ന രൂപങ്ങൾ 6 ആയും, നിൽക്കുന്ന രൂപങ്ങൾ 7, 8 എന്നിങ്ങനെ ഭാഗിച്ച് അവയവങ്ങൾ ഇത്ര ഭാഗങ്ങൾക്കുള്ളിൽ വരയ്ക്കണമെന്ന് കണക്കുകൾ ഉണ്ട്. പരിചയസമ്പന്നരായ കുറുപ്പന്മാർക്ക് അളക്കാതെ തന്നെ കണക്കുപ്രകാരം രൂപങ്ങൾ വരയ്ക്കാൻ കഴിയും.

ഗണപതിക്കു കുറിയ്ക്കുക അഥവാ കളം കുറിയ്ക്കുക എന്ന ചടങ്ങോടെ യാണ് കളമെഴുത്ത് തുടങ്ങുന്നത്. സ്ഥലശുദ്ധി വരുത്തി നാലുകോണിലും നിലവിളക്ക് വെയ്ക്കുന്നു. പാട്ടരങ്ങിന്റെ തെക്കുകിഴക്കേ മൂലയിൽ വിളക്കുവെച്ച് താഴെയായി ഷഡ്കോണചക്രം വരക്കുന്നു. അതിൽ ഓംഹ്രീം എന്ന് അരിപ്പൊടി കൊണ്ട് എഴുതി ഒരു ഇലക്കുമ്പിളിൽ ശർക്കര, പഴം എന്നിവ നിവേദിക്കുന്നു. ഇതിനുശേഷം വെള്ളപ്പൊടി കൊണ്ട് പാട്ടരങ്ങിന്റെ വിസ്താരത്തിൽ ദീർഘചതുരം വരയ്ക്കുന്നു. മദ്ധ്യഭാഗത്ത് കിഴക്കുപടിഞ്ഞാറായി സുത്രവര എഴുതുന്നു. ഈ ദീർഘ ചതുരത്തിനുള്ളിൽ രൂപത്തിന്റെ പുറംരേഖ വെള്ളപ്പൊടി കൊണ്ട് വരയ്ക്കുന്നു. ആലവട്ടത്തിന്റെ പുറംഭാഗങ്ങളിൽ കറുത്തപൊടി വിതറുന്നു. പട്ടിന്റെ ഭാഗങ്ങളിൽ വിവിധ പൊടികൾ കൊണ്ട് മനോധർമ്മമനുസരിച്ച് അവർണ്ണനീയവും മനോഹരവുമായ വർണ്ണപൊലിമ വരുത്തുന്നു. കാൽ, കൈ, ആയുധങ്ങൾ, തിരുമുഖം, കണ്ഠം, ആലവട്ടം, കുണ്ഡലം എന്നീ ഭാഗങ്ങൾ ക്രമത്തിൽ വർണ്ണപൊടി വിതറി പൂർത്തിയാക്കുന്നു. സ്ത്രീരൂപങ്ങളിൽ സ്തനഭാഗം നെല്ലും അരിയും ഇട്ടതിനുശേഷം തൃക്കണ്ണ് വാൽക്കണ്ണാടി ഉപയോഗിച്ച് എഴുതുന്നു. ഏറ്റവും അവസാനം കിരീടം വരയ്ക്കുന്നു. ഭദ്രകാളി ദേവിക്കാണ് കളമെഴുത്തുപാട്ടിൽ കൂടുതൽ പ്രാധാന്യമുള്ളത്. ദാരികാസുരനെ വധിക്കാൻ ശിവന്റെ തൃക്കണ്ണിൽ നിന്ന് ഉത്ഭൂതമായ ദേവിയാണ് ഇതെന്ന് ദാരികാവധം പാട്ടിൽ പറയുന്നു. ദാരികാവധം പാട്ട് മണ്ഡലകാലത്തും ഉത്സവകാലത്തും വഴിപാടായി നടത്തുന്നത് സർവ്വൈശ്വര്യങ്ങളെയും പ്രദാനം ചെയ്യും എന്ന് വിശ്വസിക്കപ്പെടുന്നു.

ദേവീ പ്രീതിക്കായി കളമെഴുത്തുപാട്ട് നടത്തുമ്പോൾ ഭദ്രകാളി പീഠത്തിൽ ഇരിക്കുന്ന ഭദ്രകാളി രൂപമാണ് വരയ്ക്കുന്നത്. രണ്ടുവരി പല്ലും ദംഷ്ട്രവും വരയ്ക്കുമ്പോൾ മുഖത്തിന് രൗദ്രഭാവം കൈവരുന്നു. എട്ട് കൈകളോടു കൂടിയ ഭദ്രകാളി രൂപത്തിൽ ആയുധങ്ങൾ വാൾ, വട്ടക, ശൂലം, ഖട്വാംഗം, പരശ്, കപാലം, മണി, ദാരികന്റെ തല എന്നിവയാണ്. വലത്ത് വാൾ, ശൂലം ഇടത്ത് കപാലം, ദാരികന്റെ തല എന്നിങ്ങനെ നാല് കൈകളോടു കൂടിയ രൂപവും സാധാരണ വരയ്ക്കാറുണ്ട്. ശ്രീ വീരസ്ഥാനത്തമ്മയുടെ കളത്തിൽ വീരഭദ്രസ്വാമിയുടെ രൂപവും കൂടെ വരയ്ക്കുന്നു. കളമെഴുതി കഴിഞ്ഞ് ശ്രീ വീരസ്ഥാനം വിരുട്ടാണം ക്ഷേത്രത്തിൽ അടികൾ കളംപൂജ നിർവ്വഹിക്കുന്നു. ദേവാലയങ്ങളിൽ ഉച്ചപൂജക്കുശേഷം ഉച്ചപ്പാട്ട് പതിവുണ്ട്. എന്നാൽ ശ്രീ വീരസ്ഥാനം വിരുട്ടാണം ക്ഷേത്രത്തിൽ ഉച്ചപാട്ടിനു പകരം കളമെഴുത്തു പാട്ടിനൊപ്പം സ്തുതിയും ദേവതാവന്ദനവും ചൊല്ലുന്നു. ഗണപതി നിവേദ്യം കഴിഞ്ഞാൽ മാരാർ ചെ കൊട്ടുന്നു. ഇതിനുശേഷം കുറുപ്പ് ദേവീ സ്തുതികളോടെ പാട്ടു ചൊല്ലുന്നു. നന്തൂർണ്ണിയാണ് പാട്ടിന്റെ താളത്തിനായി ഉപയോഗിക്കുന്നത്.

പൂജയും പാട്ടും തിരിഉഴിച്ചിലും കഴിഞ്ഞാൽ മൂത്തഅടികൾ കളം കൊള്ളുക എന്ന ഒരു ചടങ്ങ് നിലവിലുണ്ട് (തിരുമുഖം മായിക്കൽ). അതിനുശേഷം പീഠത്തിൽ വെച്ച പട്ടും തിരു ഉടയാടയും മാറ്റി ചുറ്റും വിരിച്ച കുരുത്തോല വലിച്ചിട്ടാൽ അടുത്ത ചടങ്ങ് കളം പൊലിയാണ്. കുറുപ്പ് കിഴക്കോട്ട് തിരിഞ്ഞ് ധൂപകുറ്റി യെടുത്ത് മന്ത്രം ചൊല്ലി തിരിദീപത്തോടെ ധൂപം കാട്ടുകയും അതിനുശേഷം പ്രദക്ഷിണം വച്ച് വന്ദിച്ചതിനു ശേഷം മൂത്തടികൾ തിരുമുഖം മായ്ച്ച് പ്രസാദം കൊടുക്കുന്നു. ബാക്കിയുള്ള പൂക്കുല കൊണ്ട് കുറുപ്പ് കളം മായ്ക്കുന്നു. കളപ്പൊടി വീടുകളിൽ സൂക്ഷിക്കുന്നത് ഐശ്വര്യമായി കരുതിവരുന്നു.

കുറുപ്പന്മാരുടെ കളമെഴുത്തുപാട്ടിലെ ശൈലി നാടോടി സംഗീതത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന സോപാന സംഗീതമാണ്. നാടോടി സംഗീത ത്തിന്റേയും ശാസ്ത്രീയ സംഗീതത്തിന്റേയും മധ്യത്തിലാണ് ഇവരുടെ സ്ഥാനം. പാരമ്പര്യമായി ലഭിച്ച സംഗീതം, ത്രിപുടതാളം, ഏകതാളം, ചെമ്പടതാളം, മൂത്താളം, അടന്ത എന്നീ ക്രമത്തിലാണ് പാട്ടുകളിലെ വിവിധ ഭാഗങ്ങൾ പാടുന്നത് മനോഹരമായ വർണ്ണനകളോടെയുള്ള കളമെഴുത്തുപാട്ട് ഭക്തരെ ഭയത്തിൽ നിന്ന് ഭക്തിയിലേക്ക് കൊുപോകുന്നു.

കളമെഴുത്തുപാട്ട് അനാദ്യശ്യമായ ഒരു ആരാധനാ രീതിയാണ്. അമ്മയ്ക്ക് പട്ടും, പൂജയും നൽകുന്ന മക്കൾക്ക് സന്തതി, സമ്പത്ത്, സായൂജ്യാദികൾ കനിഞ്ഞരുളുന്ന അമ്മ നമ്മുടെ നാടിന്റെ ചൈതന്യമാണ്. പരമ്പരമയായി നിലനിൽക്കുന്ന ഈ ആരാധനാ രീതി വിരുട്ടാണം ഭഗവതി ക്ഷേത്രത്തിൽ മുടങ്ങാതെ എല്ലാവർഷവും നടത്തിവരുന്നു. മണ്ഡലകാലം 41 ദിവസം കളമെഴുത്തുപാട്ടിന്റെ മാസ്മര ഭക്തിയിൽ ഒരു ജനത ദേവിയെ

വണങ്ങുന്നു. കൂടാതെ ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിൽ പ്രത്യേക മായി മകരചൊവ്വ താലപ്പൊലിയെ തുടർന്നുള്ള ദിവസങ്ങളിൽ അയ്യപ്പൻ, നാഗങ്ങൾ, കൊടിഞ്ഞിറക്കാവ് ഭഗവതി എന്നിവർക്ക് കളംപാട്ട് നടത്തുന്നു. ഇതിനുശേഷം പാട്ടിന്റെ സമാപ്തിയായി കൂറവലിയ്ക്കുന്ന ചടങ്ങ് നടത്തുന്നു.

കളമെഴുത്തുപാട്ടിന് നേതൃത്വം കൊടുക്കുന്നത് ഈ കലയിൽ ആധികാരിക സ്ഥാനം ഉണ്ടായിരുന്ന പരേതനായ ഇട്ടീരി കുറുപ്പിന്റെ മകൻ മൂരിങ്ങത്തേരി ശേഖരകു റുപ്പാണ് ഈ താളിന്റെ ലേഖകൻ. പാരമ്പര്യത്തെ നിലനിർത്താനായി മറ്റു മേഖലകളിൽ പ്രവർത്തിക്കുന്ന മകൻ കൃഷ്ണമണി സഹായിയായി കൂടെത്തന്നെയുണ്ട്. വിരുട്ടാണം ക്ഷേത്രത്തിനുപുറമെ നിരവധി ക്ഷേത്രങ്ങളിൽ കാരായ അവകാശപ്രകാരം കളമെഴു ത്തുപാട്ടിൽ സജീവമാണ് ഇവർ. ഉത്സവത്തോടനുബന്ധിച്ച് ഒന്നാംകളം മുതൽ പള്ളിവേട്ടവരെ 9 ദിവസങ്ങളിൽ കളമെഴുത്തുപാട്ട് വഴിപാടായി ക്ഷേത്രത്തിനകത്ത് കളംവരച്ച് നടത്തപ്പെടുന്നു.

ഭക്തജനങ്ങളുടെ സൗകര്യാർത്ഥം ഇപ്പോൾ മണ്ഡലകാല ആരംഭ ദിവസം വൃ ശ്ചികം 1ാം തിയ്യതി മുതൽ തുടങ്ങുന്ന കളമെഴുത്തുപാട്ട് മകരച്ചൊവ്വ വരെ തുടർച്ച യായി നടത്തുന്നുണ്ട്. മകരചൊവ്വയ്ക്ക് പിറ്റേന്ന് ബുധനാഴ്ച തിച്ചിയൂർകാവിലെ അയ്യ പ്പനും വ്യാഴാഴ്ച നാഗങ്ങൾക്കും വെള്ളിയാഴ്ച ധർമ്മ ദൈവത്തിനും (കൊടിഞ്ഞിറ ക്കാവിലമ്മയ്ക്ക്) സമർപ്പിച്ചുകൊണ്ട് മണ്ഡലം കളമെഴുത്തുപ്പാട്ടിന്റെ സമാപനം കുറിച്ച് കൂറവലിക്കൽ ചടങ്ങ് നടത്തപ്പെടുന്നു. സ്പെഷ്യൽ കളത്തിന് ഭഗവതി രൂപ ത്തിന് എട്ട് കയ്യും സാധാരണ ദിവസങ്ങളിൽ നാല്കയ്യും വരയ്ക്കുന്നു.

****

ചാന്താട്ടം

കേരളത്തിലെ ദാരുബിംബമുള്ള (വരിക്കപ്ലാവ് കൊണ്ടുള്ള ബിംബനിർമ്മിതി) ഭഗവതിക്ഷേത്രങ്ങളിൽ മാത്രം നടത്തുന്ന ഒരു അനുഷ്ഠാനമാണ് ചാന്താട്ടം, മറ്റു ദേവതകളുടെ വിഗ്രഹങ്ങൾ കല്ലിലും പഞ്ചലോഹത്തിലുമാണ് അധികമായി കാണുന്നത്. ദാരുബിംബനിർമ്മിതമായ ഭഗവതി വിഗ്രഹത്തിന് കേടുപാടുകൾ കൂടാതെ സുരക്ഷിതമായി കാലാകാലങ്ങളിലും സംരക്ഷിക്കാൻ ശാസ്ത്രീയമായി ചാന്താട്ടം കൊണ്ട് സാധിക്കുന്നു. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ദാരുബിംബങ്ങൾ ചാന്താട്ടം കൊണ്ട് യാതൊരു കേടുപാടും കൂടാതെ നിലനിൽക്കുന്നു.

ചാന്താട്ടം ചുരുക്കം ചില ഭഗവതിക്ഷേത്രങ്ങളിൽ മാത്രം നടക്കാറുള്ള തായാണ് അറിവ്. പ്രധാനമായും തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ ശ്രീ കുരുമ്പ ഭഗവതിക്ഷേത്രത്തിൽ മേടമാസത്തിലെ കാർത്തിക നാളിലും, ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിൽ മേടമാസത്തിലെ ഉത്രം നാളിലും, തൃശ്ശൂർ പാറമേക്കാവ് ഭഗവതിക്ഷേത്രത്തിലും, മലപ്പുറം ജില്ലയിൽ അങ്ങാടിപ്പുറത്ത് ശ്രീതിരുമാന്ധാംകുന്ന് ഭഗവതിക്ഷേത്രത്തിൽ മിഥുനം / കർക്കിടകം മാസങ്ങളിൽ രണ്ടുപ്രാവശ്യമായും നടത്തുന്നതായി അറിയുന്നു. കൂടാതെ പാലക്കാട് ജില്ലയിൽ പലയിടത്തും ഭഗവതിക്ഷേത്രങ്ങളിൽ ചാന്താട്ടം ഉണ്ട് എന്നാണ് അറിയുന്നത്. ചാന്താട്ടം കഴിഞ്ഞാൽ കുറച്ചു ദിവസം ബിംബത്തിൽ വേഷഭൂഷാദി ആഭരണങ്ങൾ അലങ്കരിക്കാറില്ല. ചാന്ത് കൃത്യമായി ഉണങ്ങി എന്ന് ഉറപ്പുവരുത്തിയശേഷം ഒരു പ്രത്യേക ശുഭമുഹൂർത്തത്തിൽ ഈ അലങ്കാരങ്ങൾ നടത്തുകയാണ് പതിവ്.

ചാന്തിന് കടുത്ത കറുപ്പു നിറമാണ്. മനുഷ്യ ദേഹത്തിൽ തൊട്ടാൽ പൊള്ളാനും സാധ്യതയുണ്ട്. പഴയകാലങ്ങളിൽ സ്ത്രീകൾ നെറ്റിയിൽ ഈർക്കിലി കൊണ്ട് ഒരു പൊട്ടു തൊട്ടിരുന്നു. ഇക്കാലത്ത് റെഡിമെയ്ഡ് പൊട്ടുകൾ സുലഭമായി ലഭിക്കുന്നതിനാൽ ആ ആചാരം അവസാനിച്ച മട്ടാണ്. നല്ല മൂപ്പുള്ള തേക്ക് മരം ചെറിയ തുണ്ടുകളാക്കി വെള്ളത്തിലിട്ട് പുഴുങ്ങി അതിന്റെ എണ്ണ വാറ്റിയാണ് ചാന്തുണ്ടാക്കുന്നത്. ഇതിൽ കസ്തൂരി, ഗോരോചനം, പച്ചകർപ്പൂരം, കുങ്കുമപ്പൂവ്, നാല്പാമരം എന്നിവ പൊടിച്ച് ചേർക്കുന്നു. കൂടാതെ ജാതിക്ക, ജാതിപത്രി, കരയാംപൂവ്, അഷ്ടഗന്ധം എന്നിവ തിളപ്പിച്ച് വാറ്റി എടുത്ത തൈലവും ചേർത്ത് നല്ലപോലെ ഇളക്കിയ ചാന്താണ് ആടുന്നതിന് ഉപയോഗിക്കുന്നത്. കലശപൂജ പോലെ ചാന്തും കലശകുടത്തിൽ ആക്കി പൂജ നടത്തിയ ശേഷമാണ് ചാന്താടുന്നത്. ദാരുബിംബത്തെ കേടുപാടുകൾ വരാതെ സംരക്ഷിക്കുന്നതിനും വിഗ്രഹത്തിന്റെ ചൈതന്യവത്തായ സംരക്ഷണത്തിനുമാണ് ചാന്താടുന്നത്. ഈ വഴിപാട് നടത്തുന്നതും ഇതേ വിശ്വാസത്തിലാണ്. കുടുംബ ഐശ്വര്യവും ആയുരാരോഗ്യ സൗഖ്യവും മറ്റ് പ്രതിസന്ധികളിൽ നിന്നും മോചനവും, മുക്തിയും ദേവീകടാക്ഷമുണ്ടാവുമെന്നും ഉറച്ച് വിശ്വസിച്ചാണ് ഈ വഴിപാട് നടത്തുന്നത്.

ആറങ്ങോട്ടുകര ചരിത്രം പുസ്തക താളുകളിൽ നിന്ന്....

ആറങ്ങോട്ടുകര ചരിത്ര പഠന കൂട്ടായ്മയുടെ ആറങ്ങോട്ടുകര ചരിത്രം എന്ന പ്രാദേശിക ചരിത്ര പഠനശേഖരണ പുസ്തകം 2019 ജനുവരിയിൽ ആ ഗ്രാമ പ്രദേശത്തെ കാർഷിക സാംസ്കാരികോൽസവമായ കൊയ്ത്തുൽസവത്തിന് പ്രകാശനം ചെയ്യുകയുണ്ടായി. ഇരുനൂറ്റിഅമ്പതോളം പേരെ അഭിമുഖം ചെയ്തും വ്യക്തികളുടെ ചിത്രം വരച്ചും എഴുതിയും പ്രദർശിപ്പിച്ചും വലിയ തയ്യാറെടുപ്പോടെ ഇറങ്ങിയ പുസ്തകത്തിന്റെ പ്രസാധകർ പാഠശാലയാണ്.

ചരിത്ര പഠന കൂട്ടായ്മയുടെ അന്വേഷണത്തിനിടയിലാണ് കല്ലടിക്കോട് അഗ്നിമിത്രൻ എന്നു പേരുള്ളവരെ കാണുന്നതും സംസാരിക്കുന്നതും, വീരോഡ്യാണം എന്ന വിരുട്ടാണം തട്ടകമായുള്ള ആറങ്ങോട്ടുകര എന്ന ആറാംകോടിനെക്കുറിച്ചും, പരന്നു കിടക്കുന്ന ദേശചരിത്രത്തെക്കുറിച്ചും ഏ.ഡി. എട്ടാം നൂറ്റാണ്ടു മുതൽക്കുള്ള പെരുക്കൻമാരുടേയും കോനാതിരിമാരുടേയും സാമൂതിരിമാരുടേയും ചരിത്രം പറഞ്ഞു തരുകയുണ്ടായി. തെളിവുകൾ ഒന്നും തന്നെ ലഭിച്ചില്ലെങ്കിലും വാമാഴികളിലൂടെ വന്ന വിവരങ്ങളിൽ ചിലത് കൗതുകപൂർവ്വം ചരിത്രശേഖരണാർത്ഥം പുസ്തകത്തിൽ ഉൾപ്പെടുത്തിയിരുന്നു. അത് ഇവിടെ കൂട്ടിച്ചേർക്കുന്നു.

വീരോഡ്യാണം

എ.ഡി. എട്ടാം ശതകത്തിൽ അനിഴം തിരുനാൾ പെരുമാളിന്റെ കീഴിൽ ഇത്രയും ക്ഷേത്രങ്ങൾ (വീരോഡ്യാണ ക്ഷേത്രസമുച്ചങ്ങൾ) മുപ്പത്തിരണ്ട് വർഷങ്ങളെടുത്ത് പണി തീർത്തു. ക്ഷേത്രത്തിന്റെ തച്ചുശാസ്ത്ര കണക്കുകൾ പിഴവില്ലാതെ ചെയ്തത് കൊരമ്പൂർ കുഞ്ഞുകുട്ടൻ എന്ന ആചാരിയാണ്.

വീരോഡ്യാണം ഭഗവതി ക്ഷേത്രത്തിലെ ശ്രീകോവിലിന്റെ ചുറ്റളവിന്റെ തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് ഗുണനങ്ങളിൽ തെക്കുഭാഗത്ത്, കിഴക്കു നിന്ന് യഥാക്രമം എങ്കക്കാട്, ദ്വയക്കാവ്, മൂന്നാചിറ, ചതുരക്കോട് എന്നീ ഭഗവതി ക്ഷേത്രങ്ങളും വടക്ക് ഭാഗത്ത് തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് ഹരണ സംഖ്യയിൽ ആറാംകോട് (ആറങ്ങോട്ടുകര), ഏഴാംകോട് (എഴുമങ്ങാട്), തിരു എട്ടാംകോട് (തിരുമറ്റക്കോട്), ഒമ്പതാംകോട് (മലയാള അക്കം ഒമ്പതിന്റെ (പതി) വട്ടുവള്ളി/വെള്ളടിക്കുന്ന് എന്നിവിടങ്ങളിലെ ഭഗവതിക്ഷേത്രങ്ങളും ദേവിമാരാ യിരിക്കെ ഈശാനത്തിൽ കാളകണ്ഠശിവൻ (ദേശമംഗലത്തും) ചുറ്റപ്പെട്ട് അവരുടെ മദ്ധ്യേ സിദ്ധിതാ എന്ന പേരിൽ വർത്തിക്കുന്ന ശ്രീ വീരോഡ്യാണ മഹാദേവിയും വരും വിധമുള്ള തച്ചുശാസ്ത്ര രൂപകല്പന മലയാള നാട്ടിലെ തന്നെ ഏറ്റവും ശ്രേഷ്ഠമായതാണ്.

പെരുമാൾ രൂപപ്പെടുത്തിയ വീരോഡ്യാണം ക്ഷേത്രത്തിലെ ഉൽസവ സമ്പ്രദായത്തെപ്പറ്റി ഈ അവസരത്തിൽ വിവരിക്കേതായു്. ഒന്നാം ദിവസം എങ്കക്കാട് ഭഗവതി ക്ഷേത്രത്തിൽ നിന്ന് ഒരു തിറയും, പൂതനും വെളിച്ചപ്പാടും ചെയും, കുത്തുവിളക്കും ചിട്ടപ്പെടുത്തി ദ്വയക്കാവിൽ നിന്നും കരിങ്കാളിയും കോഴിയും വാദ്യവും പൂതനും രാം ദിവസത്തേക്ക് കപ്പോൾ ഇന്ന് മുത്തിക്കോട് എന്നറിയപ്പെടുന്ന മൂന്നാംചിറ

ക്ഷേത്രത്തിൽ നിന്നും ചന്ദ്രകലാധാരിയായ കാളിയും കോഴിയും അലങ്കരിച്ച നിറച്ചുവെപ്പും (ഒരു പറ നെല്ലും പൂക്കുലയും) രക്തപുഷ്പങ്ങളും വാദ്യഘോഷങ്ങളും വെളിച്ചപ്പാടുമായി ചിട്ടപ്പെടുത്തി ഈ കാളി ചന്ദ്രകലാധാരിയായ കാളിയാവണമെന്ന് നിർബന്ധമാകുന്നു. ഇന്ന് തെച്ചിക്കോട്ടുകാവ് എന്നറിയപ്പെടുന്ന നാലാം ചിറയിൽ നിന്ന് കൃപാണവും വളഞ്ഞ വാളും മഞ്ഞനിറവും വട്ടകിരീടവുമുള്ള കാളിയും വെളിച്ചപ്പാടും പന്തവും ചിട്ടപ്പെടുത്തിയപ്പോൾ അഞ്ചാംകോട് എന്ന ദേശമംഗലം കാളകണ്ഠേശ്വര ക്ഷേത്രത്തിൽ നിന്നും തേരും ആഡ്യവസ്ത്രമണിഞ്ഞ (തലപ്പാവ്) പരായർ എന്ന പറയരും, കാളയും, വാദ്യങ്ങളും, ത്രിശൂലവും നിയോഗിക്കപ്പെട്ടു. ഇന്നുകാണുന്ന ത്രിക്കോവിലിൽ നിന്ന് വെള്ള പട്ടും താലപ്പൊലിയും വാദ്യവും വെളിച്ചപ്പാടും ചിട്ടപ്പെടുത്തി. ഏഴാംകോട് കാളരാത്രി ക്ഷേത്രത്തിൽ നിന്നും കൊമ്പും കുഴലോടും കൂടി മാരിയമ്മ രൂപവും കുംഭാട്ടവും (ഇന്നു കാണുന്ന കരകാട്ടം) ഒറ്റക്കാവടിയും കല്പിച്ചു ചിട്ടപ്പെടുത്തി. എട്ടാംകോട് മഹാഗൗരി ക്ഷേത്രത്തിൽ നിന്നും പയങ്കാളി, മൂക്കൻചാത്തൻ (പറയൻകാളി എന്നാൽ പരാശക്തിയുടെ കാളീരൂപമെന്നും, കൂടെ നാരദി എന്ന ഗന്ധർവ്വനും), തിറ, വാദ്യം, വെളിച്ചപ്പാട്, കുന്തം എന്നിവയും ചിട്ടപ്പെടുത്തി. ഒമ്പതാംകോട് ആയ ഇന്നത്തെ വട്ടുവള്ളിക്കാവിൽ നിന്നും ഗുരുതി ചുമക്കുന്ന നായന്മാരും എന്ന് സമ്പ്രദായപ്പെടുത്തിവെച്ചു.

ഇനി പ്രദക്ഷിണവിധിയെ പറ്റി പറയുന്നു. വീരോഡ്യാണ ക്ഷേത്രത്തിൽ മൂലവിഗ്രഹത്തിന്റെ സോപാനത്തിന് വലത്തെ പടിയിൽ നിന്നും ആരംഭിക്കുന്ന പ്രദക്ഷിണം അഗ്നികോണിൽ എങ്കക്കാട്ടേക്കും അതിനുശേഷം തെക്കോട്ട് ദ്വയക്കാവിലേക്കും നേരെ തെക്ക് മൂന്നാം ചിറയിലേയ്ക്കും കന്നിമൂലയിൽ ചതുര കോട്ടേക്കും തൊഴണം. ഇങ്ങനെ നാലാം ബലിക്കല്ലുകൾ തീരുമ്പോൾ നാലു പൂവിതളുകൾ നമ്മൾ വരക്കുന്നു. വീണ്ടും കന്നിമൂലയിൽ നിന്ന് പ്രധാന മുഖമണ്ഡപത്തിലേക്ക് തിരിച്ചുവന്ന് ശ്രീകോവിലിലേക്ക് തൊഴുത് ഈശാനത്തിലേക്ക് കടക്കുമ്പോൾ മേൽപറഞ്ഞ പൂവിതളുകൾക്ക് ഒരു പൂഞ്ഞെട്ട് സൃഷ്ടിക്കുന്നു. ഈശാനത്തിൽ നിന്ന് ഈശാനകോണിലേക്ക് അഞ്ചാംകോട് ദേശമംഗലം കാള കണ്ഠേശ്വരത്തിലേക്ക് തൊഴുകയും അവിടെ നിന്ന് അല്പം പടിഞ്ഞാട്ടു മാറി കാളരാത്രി ക്ഷേത്രത്തിലേക്ക് തൊഴുകയും വീണ്ടും പടിഞ്ഞാട്ടു മാറി മഹാഗൗരി ക്ഷേത്രത്തിലേക്ക് തൊഴുകയും വായുകോണിൽ നിന്ന് അല്പം തെക്കോട്ടു മാറി വട്ടുവള്ളി കോവിലേക്ക് എന്ന ഒമ്പതാംകോടിലേക്ക് തൊഴുകയും ചെയ്യണം. പിന്നീട് തിരിച്ചുവന്ന് നേരിട്ട് ദേവിയെ തൊഴുത് സങ്കടങ്ങൾ ബോധിപ്പിക്കാം. ഇങ്ങനെ തൊഴുമ്പോൾ വട്ടുവള്ളി കോവിലേക്ക് തൊഴുന്നത് എട്ടിതളുകളുള്ള ഒരു പുഷ്പത്തില കേസരമായി കണക്കാക്കണം.

ആറങ്ങോട്ടുക്കരയുടെ ചരിത്രം. എഡിറ്റർ വി. ഗീരീഷ്, (ചരിത്ര പഠന കൂട്ടായ്മ)

ശ്രീ വിരുട്ടാണത്തമ്മ സുപ്രഭാതം

ശ്രീ.പി.ബാലൻ നായർ, വിരുട്ടാണം

അരുണ കിരണങ്ങളുദിച്ചുവരും നേരം
അഞ്ജലി കൂപ്പി തൊഴുതിടാം അംബികേ !
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ആദിപരാശക്തിയൊരു ദേവി, നീ
ആദിത്യ ശോഭയെ വെല്ലും തിരുമുഖം
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഇനിയൊരു ജന്മം ജനിക്കുമെങ്കിൽ
തവതിരുവടി മലരായി തീരേണമെ,
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഈരേഴുലകിനു ലോകമാതാവേ നിൻ
കരുണകടാക്ഷം ചൊരിയേണമേ
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഉടയാട ചാർത്തിയ നിൻ ദാരു വിഗ്രഹം
എന്നുമെൻ മനതാരിലുണ്ടാകണേ
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഊഴിയിൽ വന്നു പിറന്നു ജഗത്രയത്തെ
കാരുണ്യ വർഷത്തിൽ ആറാടിച്ചു

വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഋഷിമുഖ്യനത്രേ ! നിന്നെ പ്രതിഷ്ഠിച്ചു
ദിക്കുകളൊക്കെ നിൻ പുകൾ പെറ്റതും
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഉൂതാധീശന്റെ തൃക്കണ്ണിൽ പിറന്ന നീ
ആശ്രിതവൽസല അമ്മയായി
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

എണ്ണൂറ്റുറുപത്തിനാലു പീഠേ വസിക്കും
നിനക്കെണ്ണിയാൽ തീരാത്ത ഭക്തരുല്ലോ
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഏഴകളെ പരിപാലിക്കുമംബികേ
ഞങ്ങടെ സങ്കടമെല്ലാം അകറ്റീടണേ
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഐഹികമാകും സുഖത്തെ ത്യജിച്ചിടാം
ഐശ്വര്യധായിനി അമ്മേ ഭഗവതീ !
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഒരു കാതിൽ ആനയും മറുകാതിൽ സിംഹവും
അസുരശിരോഹാരം മാറിടം മറയ്ക്കുന്നു
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-

ഓംകാര നാദത്തിൻ ആധാരമായ നിൻ
ശാന്താകാരത്തെ സേവിപ്പൂ ഞാൻമ

വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

ഔത്സുഖ്യമോടെ കഴിയുവാൻ ഞങ്ങടെ
മത്സരബുദ്ധിയകറ്റിത്തുണയ്ക്ക നീ
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

അംബികേ, ശരണാഗതേ വത്സലേ, നിൻ
ചരണദ്വയങ്ങളഭയമെന്നും
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

അന്തഃകരണങ്ങളിലെപ്പോഴും നിൻ മുഖം
ചിന്തിക്കവേണമെൻ സന്തത സഹചാരിയായി
വീരഭദ്രസമേതനായ് വാഴുമീ, ശ്രീ-
വീരസ്ഥാനത്തമ്മേ തവ സുപ്രഭാതം !

****

ശ്രീ വീരസ്ഥാനം വിരുട്ടാണം
ഭഗവതി ക്ഷേത്രം - ഉത്സവം

(Late) ശ്രീ. വി.കെ. പരമേശ്വരൻ അടികൾ



ഉത്സവേളന്നദാനേനക്ഷേത്ര വൃദ്ധിസ്തു പഞ്ചധാ

ആമുഖം

പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ഈശ്വരചൈതന്യത്തെ യോഗീശ്വരനായ ഒരു യോഗി / തന്ത്രി വിവിധ ഭാവത്തിൽ പ്രതിഷ്ഠിക്കുമ്പോൾ അതിന്റെ ചൈതന്യ പോഷണത്തിനായി നിത്യപൂജ നടത്തേതുണ്ട്. എന്നാൽ ഭക്തരോ, പൂജാരിയോ അറിഞ്ഞോ അറിയാതെയോ മറ്റ് ഏതെങ്കിലും തരത്തിലോ ചെയ്യുന്ന തെറ്റുകൾ മൂലം ചൈതന്യത്തിന് ലോപം സംഭവിക്കുമ്പോൾ അതിന് വീണ്ടും ചൈതന്യാൽമകമാക്കുവാനാണ് ഉത്സവം നടത്തുന്നത്. ഉത്സവാവ സരത്തിൽ നടത്തുന്ന വിശേഷാൽ പൂജകളായ കൊടിയേറ്റം, മുളപൂജ, കലശപൂജ, ശീവേലി, ശ്രീഭൂതബലി, പള്ളിവേട്ട, ആറാട്ട്, കളംപാട്ട് മുതലായ ചടങ്ങുകൾക്ക് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ദേവചൈതന്യം വർദ്ധിപ്പിക്കുവാൻ സാധിക്കും എന്നത് അനുഭവ സിദ്ധമാണ്. ഈ പ്രത്യേക ചടങ്ങുകൾക്കുള്ള പ്രാധാന്യം വിസ്താര ഭയത്താൽ ഇവിടെ പ്രതിപാദിക്കുന്നില്ല. ഉത്സവം എന്ന വാക്കിന്റെ അർത്ഥം ഊർദ്ധാവിലേക്ക് ഒഴുകുന്നത്. പ്രത്യേക ചടങ്ങുകളും പൂജകളും മൂലം വർദ്ധിക്കുന്ന ചൈതന്യം ഗ്രാമത്തിലേക്ക് നിറഞ്ഞൊഴുകുന്ന അവസരമാണ് ഉത്സവം. അത് ഭക്തർ ഏറ്റുവാങ്ങി ആദ്ധ്യാത്മിക ദൃഷ്ടിയിൽ ധന്യരായിത്തീരുന്നു.

ഉത്സവത്തിന്റെ പ്രധാന ചടങ്ങുകൾ :

ശ്രീ വീരസ്ഥാനമെന്ന വിരുട്ടാണത്ത് ഭഗവതിയുടെ ഉത്സവം താന്ത്രിക ചടങ്ങുകളാൽ പ്രാധാന്യമർഹിക്കുന്നു. തൃശ്ശൂർ ജില്ലയിൽ പാലക്കാട് ജില്ലാതിർത്തിയോട് ചേർന്നാണ് ഈ ക്ഷേത്രത്തിന്റെ കിടപ്പ്. ചരിത്ര പ്രസിദ്ധമായ തളി ശിവക്ഷേത്രത്തിന്റെ പുറകുവശത്താണ് ഇതിന്റെ സ്ഥാനം. പിൻതളിക്കുന്നും പിണ്ടാലിക്കുന്ന് കീഴ്ത്തളിക്കുന്നും തച്ചുക്കുന്നും കാവൽ നിൽക്കുന്ന ഗ്രാമത്തിന് ഐശ്വര്യവും സമൃദ്ധിയും സുഖവും ശാന്തിയും പ്രദാനം ചെയ്ത്, ഗ്രാമജനതയെ സർവ്വദുഃഖങ്ങളിൽ നിന്നും കരകയറ്റുന്ന അമ്മയായി വിരുട്ടാണത്ത് ഭഗവതി കുടികൊള്ളുന്നു. ദേവിയുടെ അനുഗ്രഹത്തിനായി എട്ടു ദേശത്തെ ജനങ്ങളും ഇവിടെ എത്തിച്ചേരാറുണ്ട്.

വളരെ പൗരാണികവും കാലപ്പഴക്കം നിർണ്ണയിക്കാൻ ബുദ്ധിമുട്ടുള്ളതുമായ ഈ ക്ഷേത്രത്തിലെ ഉൽസവം ആരംഭിച്ചത് എന്നാണെന്ന് കൃത്യമായി കണക്കാക്കുവാൻ പ്രത്യേക രേഖകളില്ല. എങ്കിലും ക്ഷേത്രാരംഭം മുതൽ ഈ പത്തു ദിവസം നീുനിൽക്കുന്ന ഉത്സവം നടന്നുവന്നിരിക്കാം എന്ന് വിശ്വസിക്കുന്നു.

കുംഭമാസത്തിലെ രോഹിണി നാൾ കൊടികയറി അത്തം നാളിലെ ആറാട്ടോടെ അവസാനിക്കുന്നതാണ് ഇവിടുത്തെ പത്തു ദിവസത്തെ ഉത്സവം. കൊടികയറ്റുന്നുങ്കിലും വേല മുളയിടുക എന്ന ചൊല്ലിനാണ് ഈ ക്ഷേത്രോത്സവത്തിന്റെ പ്രസക്തി.

ഉത്സവത്തിന് ഒരാഴ്ച മുമ്പ് വിരുട്ടാണം ദേശത്തെ അവകാശപ്പെട്ട ഹരിജനങ്ങൾ ഈ ചടങ്ങിനാവശ്യമായ മുള മുതലായ വസ്തുക്കൾ ഭക്തി നിർഭരമായി തിരുമിറ്റക്കോട് ഗ്രാമത്തിൽ നിന്ന് മുറിച്ച് ദേവീ നാമജപത്തോടെ ഘോഷയാത്രയായി ക്ഷേത്രത്തിലെത്തിക്കുന്നു. ചടങ്ങിന് എത്തുന്ന അവകാശികളായ എല്ലാവർക്കും ക്ഷേത്രം മൂത്തഅടികൾ ദ്രവ്യം ധാന്യം എന്നിവ സന്തോഷ സൂചകമായി കൊടുക്കുന്നു.

ഉത്സവം കൊടികയറുന്നതിന് മുമ്പ് കൊടിമരത്തിന് ചുറ്റും വയ്ക്കേണ്ട മുള കൊണ്ടുള്ള നാൽക്കള്ളി പോലുള്ള ചതുരാകൃതിയിലുള്ള ഏകദേശം രണ്ടര അടി പൊക്കത്തിൽ കൊടിമരത്തിനു ചുറ്റും ശുദ്ധമായി ഇരിക്കുവാൻ ആവശ്യമായ ഒരു വലയവും മറ്റു മുളകളുടെ പണികളും ദേശത്തെ ആശാരികൾ സ്വയം ഏറ്റെടുത്ത് ഭക്തിനിർഭരമായി നിർവ്വഹിക്കുന്നു. ഉത്സവത്തിന് മുമ്പ് ഒരാഴ്ചക്കാലം ഉത്സവം ആരംഭിക്കുവാൻ പോകുന്നതിന്റെ മുൻ ഒരുക്കത്തിൽ ദേശക്കാരായ എല്ലാ വിഭാഗം ജനങ്ങൾക്കും ഉള്ള ഭാഗധേയത്വം ഈ പ്രവർത്തികളിൽ കാണാം.

കൊടിയേറ്റം :

ദേവചൈതന്യത്തെ മന്ത്രപൂരിതമാക്കി ആവാഹിച്ച് പൂജ ചെയ്ത് ഊർദ്ധ്വാവിലേക്ക് ഉയർത്തുന്ന ചടങ്ങാണിത്. കൊടി കയറ്റുവാനുള്ള കവുങ്ങ് കൊണ്ടുവരുന്നത് (ഏറ്റവും ഉയരം കൂടിയ കവുങ്ങ്) പിലാക്കാട് ദേശത്തുനിന്നും ദേശക്കാർ ആർപ്പുവിളികളോടു കൂടിയും ഭജന, നാമജപം തുടങ്ങിയ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിലും കൊടിയേറ്റ ദിവസം വൈകുന്നേരം ക്ഷേത്രത്തിൽ കൊണ്ടുവരുന്നു. ഈ കൊടിമരത്തെ പതിനെട്ട് വരികളായി, അലംകൃതമായ കൊത്തുപണികൾ ചെയ്ത് തയ്യാറാക്കുന്നു. ഈ കൊത്തുപണിക്കുള്ള അവകാശം ഇരിങ്കുറ്റൂർ ദേശത്തെ തലമുതിർന്ന മൂത്താശാരിക്കാണ്. കൊടിമരം ഉയർത്തുന്നത് പിലാക്കാട് ദേശത്തെ ഭക്തജനങ്ങളാണ്. കൊടികയറ്റം പൂജാകർമ്മങ്ങളോടെയും താന്ത്രിക ചടങ്ങുകളോടെയും നിർവ്വഹിക്കുന്നു.

വേല മുളയിട്ടു കഴിഞ്ഞാൽ പിന്നെ ദേവിയുടെ തട്ടകം വിട്ട് മറ്റൊരു സ്ഥലത്തു പോയി ആരും അന്തിയുറങ്ങാൻ പാടില്ലെന്ന് വിശ്വസിക്കുന്നു. ദേവീ ചൈതന്യം ഗ്രാമത്തിൽ പരന്നൊഴുകുന്നതിന്റെ പുണ്യം എല്ലാവർക്കും ലഭിക്കാനായിരിക്കണം ഈ വിശ്വാസം നിലനിൽക്കുന്നത്.

കൊടികയറ്റത്തിന് ശേഷം പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഉത്സവത്തിൽ മുളപൂജ, ശീവേലി, ശ്രീഭൂതബലി, കലശപൂജ, കലശാഭിഷേകം എന്നിവക്ക് പുറമേ ഒമ്പതാം ദിവസം പള്ളിവേട്ടയും പത്താം ദിവസം ആറാട്ടോടു കൂടി ഉത്സവം സമാപിക്കുന്നു.

.ശീവേലി :

ശീവേലിക്കുള്ള ബലിതൂവൽ അകത്തും പുറത്തുമുള്ള ദേവിയുടെ എല്ലാ പാർഷദന്മാരേയും ഉദ്ദേശിച്ചിട്ടുള്ളതാണ്. എല്ലാ ബലിക്കല്ലുകളും അതാത് ദേവന്മാരുടെ മന്ത്രം കൊണ്ട് ബലി നൽകി സന്തോഷിപ്പിക്കുന്നു. മാതൃക്കല്ലിൽ മാതൃഗണങ്ങൾക്ക് വിസ്തരിച്ച് ബലി കൊടുക്കുന്നു.

ശ്രീഭൂതബലി :

ഇതിന്റെ വ്യാപ്തി കുറച്ചുകൂടി വർദ്ധിക്കുന്നു. ഓരോ പാർഷദന്റേയും ബലിക്കല്ലിൽ ബലിതൂകുന്നതിനു പുറമേ അതാതു പാർഷദന്റെ പാർഷദന്മാർക്കു കൂടി ബലിതൂകലുണ്ട്. പുറത്തെ പ്രദക്ഷിണത്തിന്റെ സംഖ്യയും വർദ്ധിക്കുന്നു. ഭൂതഗണങ്ങൾക്കും ബലിതൂകാൻ മാത്രമായി ഒരു പ്രദക്ഷിണമുണ്ട്. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന പാർഷദന്മാർക്കാണ് ബലിതൂകുന്നത്. നാട്ടുകാർക്കെല്ലാം സർവ്വതോന്മുഖമായ ശ്രേയസ്സുാകുവാൻ വേണ്ടിയാണ് എല്ലാ ഭൂതഗണങ്ങൾക്കും ബലിതൂവുന്നത്. ക്ഷേത്രം ഗ്രാമത്തിന്റെ കേന്ദ്രബിന്ദുവും ക്ഷേത്രേശൻ ജനപദത്തിന്റെ അധിപനുമാണ്. ഇവർ സംതൃപ്തരായാൽ ജനപദത്തിന് സർവ്വൈശ്വര്യങ്ങളും ഉണ്ടാകുന്നു.

മുളയിടൽ :

ക്ഷേത്രത്തിന്റെ വടക്കുകിഴക്കു മൂലയിലുള്ള (ഈശാനകോൺ) മുളയറയിൽ നവധാന്യങ്ങൾ മുളമ്പാലികകളിലായി (മണ്ണ് കൊണ്ടാണ് നിർമ്മിതി) ധാന്യങ്ങൾ പാലിൽ കുതിർത്ത് ഔഷധീശനായ ചന്ദ്രനെ ആവാഹിച്ച് പൂജിച്ച് വെയ്ക്കുന്നു. എല്ലാ ദിവസവും (ഉത്സവം) പള്ളിവേട്ട വരെ ഈ മുളമ്പാലികകളിൽ പ്രത്യേക പൂജകൾ നിർവ്വഹിക്കുന്നു. നവധാന്യങ്ങൾ മുളവെയ്ക്കുന്ന സ്ഥലത്തെ മുളയകം എന്നു പറയുന്നു. മുളയകത്ത് തൊഴുന്നത് സർവ്വൈശ്വര്യങ്ങളും പ്രദാനം ചെയ്യുമെന്ന വിശ്വാസത്താൽ തട്ടകത്തുപെട്ട എല്ലാവരും ഈ പത്തു ദിവസത്തിനുള്ളിൽ ദേവിയെ തൊഴാനെത്തുന്നു.

മഞ്ഞൾപ്പൊടി ചേർത്ത വെള്ളം കൊണ്ട് ഈ നവധാന്യങ്ങൾ മൂന്നുനേരവും മന്ത്രപൂർവ്വം നനയ്ക്കും. ഈ മുളംമ്പാലികകൾ ആറാട്ടിന്റെ തലേദിവസം പള്ളിക്കുറുപ്പിന് ഒരുക്കുന്ന ശയ്യയുടെ നാലുപാടും അലങ്കരിച്ചുവെക്കാനാണ് ഉപയോഗിക്കുക. ധാന്യസമൃദ്ധിയുടെ സൂചനയായി ഇതിനെ കാണാം. ആധുനിക ശാസ്ത്രം കാർഷിക ഗവേഷണത്തിൽ മഞ്ഞൾപ്പൊടിയിട്ട വെള്ളം കൊണ്ട് നനയ്ക്കലും, പശുവിൻ പാലിൽ മുക്കിയ വിത്തുകൾ മുളക്കാൻ എളുപ്പമുമും, മഞ്ഞൾപ്പൊടി കൃമിഹരമാണെന്നും കുപിടിച്ചിട്ടുണ്ട്.

ദേശങ്ങളുടെ ഉത്സവ പരിപാടികളും, സമൂഹ പങ്കാളിത്തവും :

10 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവത്തിൽ 5 ാം ദിവസം മുതൽ 8 ാം ദിവസം വരെ ക്ഷേത്രത്തിലെ നിരവധി തട്ടകങ്ങളിൽ നിന്നും ഉത്സവ എഴുന്നള്ളിപ്പ് വരുന്നു. 5 ാം ദിവസം 5 ദേശക്കാരുടെ വേല ആഘോഷിക്കുന്നു. ഇരുങ്കുറ്റൂർ, തിരുമിറ്റക്കോട്, രായമംഘലം, എഴുമങ്ങാട്, ഇരുമ്പകശ്ശേരി എന്നീ ദേശങ്ങളിൽ നിന്നും ആന പഞ്ചവാദ്യത്തോടെ എഴുന്നള്ളിപ്പ് വരുന്നു. തിറ, പൂതൻ, കാളവേല, ആി, നായടി തുടങ്ങിയവയെല്ലാം കൊഴുപ്പേകുന്ന വേല ദേവി സന്നിധിയിലെത്തി ദേവീ പ്രീതിക്കായി പ്രാർത്ഥിക്കുന്നു.

6 ാം കളം ദേശമംഗലം (പടിഞ്ഞാറ്റുമുറി വിഭാഗം) കിഴക്കുമുറി (മനക്കുറ്റി) വിഭാഗം, ദേശമംഗലം (കാളകണ്ഠേശ്വരം) പല്ലൂർ വിഭാഗം, മുല്ലക്കൽ ആറ്റുപുറം വിഭാഗം, ചിറ വിഭാഗം, പല്ലൂർ വടക്കുമുറി വിഭാഗം, കറവട്ടൂർ വിഭാഗം, വാളേരി വിഭാഗം, പല്ലൂർ ഊവേൽ വിഭാഗം സാമ്പവ വിഭാഗം, തലശ്ശേരി (കിഴക്കുമുറി, തലശ്ശേരി സെന്റർ, തലശ്ശേരി വിഭാഗം) ഇതിൽ പ്രധാന സ്ഥാനം ദേശമംഗലത്തിനാണ്. ദേശമംഗലത്ത് കൊട്ടിപ്പാറ എന്ന സ്ഥലത്താണ് പൂരത്തിന്റെ ഉൽഭവ സ്ഥാനം. ദേവി കൈകൊട്ടി ചിരിച്ചിരുന്ന സ്ഥലമാണത്രെ കൊട്ടിപ്പാറ. ആന, തിറ, പഞ്ചവാദ്യം, പൂതൻ, വെള്ളാട്ട്, ദാരികൻ, കാളി, ആി, നായാടി, വെള്ളരിത്താലം തുടങ്ങിയവയുടെ അകമ്പടിയോടെ വേലവരവ് വിരുട്ടാണത്ത് എത്തിയാൽ ദേവി ക്ഷേത്രത്തിന് മുൻവശത്തുള്ള തോട്ടിനിക്കരെ നിൽക്കണം. ക്ഷേത്രത്തിലെ അടികൾ നേരിട്ട് വന്ന് ദേശപൂരക്കാരുമായി മുറപറച്ചിൽ നടത്തുന്നു. തലശ്ശേരി/ദേശമംഗലം വിഭാഗക്കാരുടെ മുറപറച്ചിൽ ഇപ്രകാരമാണ്.

തലശ്ശേരി : ആറുദേശത്തെ നൂറുനായരും കാക്കശ്ശേരി യജമാനനും (നായരും) നമ്പികുറ്റനും, ദേശത്ത് താനും, തിറയും പൂതനും എത്തിയിട്ടുണ്ടോ ?

ദേശമംഗലം : ആറുദേശത്തെ നൂറുനായരും തമ്പിയും കൂട്ടരും ഹാജർ ഉണ്ടോ ? (3 പ്രാവശ്യം) ഉണ്ട് (3 പ്രാവശ്യം) അമ്മയുടെ വേല അടിയന്തിരം പതിവിൻപടി നടത്തുകയല്ലേ ? (3 പ്രാവശ്യം) അതെ (3 പ്രാവശ്യം) തുടർന്ന് നടനടോനട, നടനടോനട എന്ന് ചൊല്ലികൊണ്ട് കാവ് കയറൽ. താലത്തിലെ വെള്ളരി ക്ഷേത്രനടയിൽ സമർപ്പിച്ച് മടങ്ങുന്നു.

7 ാം ദിവസം തളിയിലെ ചേലൂർ കോവിലകത്തു നിന്നും 8 ാം ദിവസം 8 ദേശക്കാരുടേയും പ്രത്യേകിച്ച് പെരിങ്കന്നൂർ ദേശക്കാരുടേയും വേലവരവ് എഴുന്നള്ളിപ്പോടെ ഈ ഉൽസവ വരവിന് ഹിന്ദു സമുദായത്തിലെ എല്ലാ ജനവിഭാഗങ്ങളുടേയും പങ്കാളിത്തം വിളിച്ചോതുന്നു. തിറ, പൂതൻ, കാളവേല, കാവടി മുതലായ വേലകളും പ്രധാന എഴുന്നള്ളിപ്പിനോടനുബന്ധിച്ച് ക്ഷേത്രത്തിലെത്തുന്നു. കൂടാതെ ഹരിജൻ വേലകളും 8 ാം കളം പൂരത്തോടനുബന്ധിച്ച് ക്ഷേത്രത്തിനു മുന്നിൽ സംഗമിച്ച് വർണ്ണാഭമായ ഒരു കാഴ്ച പകരുന്നു. അന്നേ ദിവസത്തെ കരിമരുന്ന് പ്രയോഗവും കണ്ണഞ്ചിപ്പിക്കുന്നതാണ്.

പള്ളിവേട്ട :

9 ാം ദിവസമാണ് പള്ളിവേട്ട. വൈകുന്നേരം ദേവിയെ എഴുന്നള്ളിച്ച് ആയമുഖമായി ശ്രീഭൂതബലി കഴിച്ച് ഘോഷയാത്രയോടേയും വാദ്യഘോഷ ങ്ങളോടേയും പള്ളിവേട്ട ചടങ്ങ് നടത്തുന്നു. ദേവി ജനങ്ങൾക്ക് വേണ്ടി അമ്പലം വിട്ടിറങ്ങുന്നതിന്റെ മഹനീയ ഉദാഹരണമാണ് പള്ളിവേട്ട. മൃഗീയ വാസനകളെ ഹനിച്ച് സദ്‌വിചാരം വീണ്ടെടുക്കുവാനുള്ള ഒരു ചടങ്ങിനായി ഇതിനെ കണക്കാക്കാം. പള്ളിവേട്ട കഴിഞ്ഞ് രാത്രി പള്ളിയുറങ്ങുന്ന ദേവിയെ പിറ്റേന്ന് രാവിലെ പശുകുട്ടിയുടെ കരച്ചിലാണ് പള്ളിയുണർത്തുന്നത്. എന്നിട്ടേ നട തുറക്കൂ. പിന്നീട് പൂജാവിധികൾക്ക് ശേഷം മുളയകത്തു നിന്നും മുളപ്പിച്ചുവന്ന നവധാന്യങ്ങളുടെ മുളകൾ പ്രസാദമായി ഭക്തർക്ക് നൽകുന്നു. ഈ മുളകൾ തലയിൽ ചൂടുന്നതും വീട്ടിൽ കൊണ്ടുവന്നു വയ്ക്കുന്നതും ഐശ്വര്യത്തേയും സമൃദ്ധിയേയും പ്രദാനം ചെയ്യുമെന്ന് വിശ്വസിക്കുന്നു.

പള്ളിവേട്ട :

9 ാം ദിവസമാണ് പള്ളിവേട്ട. വൈകുന്നേരം ദേവിയെ എഴുന്നള്ളിച്ച് ആയമുഖമായി ശ്രീഭൂതബലി കഴിച്ച് ഘോഷയാത്രയോടേയും വാദ്യഘോഷങ്ങളോടേയും പള്ളിവേട്ട ചടങ്ങ് നടത്തുന്നു. ദേവി ജനങ്ങൾക്ക് വേണ്ടി അമ്പലം വിട്ടിറങ്ങുന്നതിന്റെ മഹനീയ ഉദാഹരണമാണ് പള്ളിവേട്ട. മൃഗീയ വാസനകളെ ഹനിച്ച് സദ്‌വിചാരം വീണ്ടെടുക്കുവാനുള്ള ഒരു ചടങ്ങിനായി ഇതിനെ കണക്കാക്കാം. പള്ളിവേട്ട കഴിഞ്ഞ് രാത്രി പള്ളിയുറങ്ങുന്ന ദേവിയെ പിറ്റേന്ന് രാവിലെ പശുകുട്ടിയുടെ കരച്ചിലാണ് പള്ളിയുണർത്തുന്നത്. എന്നിട്ടേ നട തുറക്കൂ. പിന്നീട് പൂജാവിധികൾക്ക് ശേഷം മുളയകത്തു നിന്നും മുളപ്പിച്ചുവന്ന നവധാന്യങ്ങളുടെ മുളകൾ പ്രസാദമായി ഭക്തർക്ക് നൽകുന്നു. ഈ മുളകൾ തലയിൽ ചൂടുന്നതും വീട്ടിൽ കൊണ്ടുവന്നു വയ്ക്കുന്നതും ഐശ്വര്യത്തേയും സമൃദ്ധിയേയും പ്രദാനം ചെയ്യുമെന്ന് വിശ്വസിക്കുന്നു.

ആറാട്ട് :

ഉത്സവത്തിന്റെ നര്യവസാനം ആറാട്ടോടു കൂടിയാണ്. ദീപാരാധന കഴിഞ്ഞ്, കൊടിയിറി ആനപ്പുറത്ത് ദേവിയെ എഴുന്നള്ളിച്ച് നാട്ടുകാർ ചെറു കൊടികളും പിടിച്ച്, ആർപ്പുവിളിച്ച് കുണ്ടുകുളം എന്നറിയപ്പെടുന്ന ആറാട്ടു തീർത്ഥത്തിലേക്ക് എഴുന്നള്ളിച്ച്, ആറാട്ടു തീർത്ഥത്തിൽ പ്രത്യേക പൂജകൾ കഴിഞ്ഞ് ആറാട്ടുകുളി നടത്തുന്നു. ഈ സമയത്ത് എല്ലാ ഭക്തജനങ്ങളും ദേവിയെ കുളിപ്പിച്ച തീർത്ഥത്തിൽ കുളിക്കുന്നു. പിന്നീട് പ്രത്യേക പൂജകൾക്ക് ശേഷം വാദ്യഘോഷത്തോടെ ദേവിയെ ക്ഷേത്രത്തിലേക്ക് എഴുന്നള്ളിക്കുന്ന ചടങ്ങാണ്. ക്ഷേത്രത്തിൽ ചുറ്റുവിളക്ക് തെളിയിച്ച് ദേവിയെ സ്വീകരിക്കുന്നു. ദേവീചൈതന്യത്തിന്റെ അമൃതവർഷം ഏറ്റുവാങ്ങുവാൻ ഭക്തർ എല്ലാ ദിവസവും തട്ടകത്ത് ഉണ്ടാകണമെന്ന ഉദ്ദേശത്തോടെയായിരിക്കാം, ക്ഷേത്രത്തിൽ കൊടി കയറിയാൽ ആരും തട്ടകം വിട്ട് പോകരുതെന്നുള്ള ഒരു വിശ്വാസം നിലവിലുള്ളത്.

ഉത്സവത്തോടനുബന്ധിച്ചുള്ള കലാപരിപാടികൾ :

ദേവീ ചൈതന്യം വർദ്ധിപ്പിക്കാനാണ് ഉത്സവചടങ്ങുകൾ അനുഷ്ഠിക്കുന്നത്. ഇത് തികച്ചും ഭക്തി നിർഭരമാണ്. നാമജപത്താൽ മുഖരിതമാകേണ്ട അന്തരീക്ഷം പുരാണക

ഥകളാലും ആത്മീയ പരിപാടികളാലും സമ്പുഷ്ടമാകേണ്ടതുണ്ട്. അതുകൊണ്ട് പുരാണ കഥകൾ രസകരമായി വർണ്ണിക്കുന്ന ചാക്യാർകൂത്ത്, ഓട്ടംതുള്ളൽ, ഭരതമുനിയുടെ നാട്യശാസ്ത്രത്തെ ആധാരമാക്കി യുള്ള ഭക്തിനിർഭരമായ നൃത്തനൃത്യങ്ങൾ, ഭജന, കഥകളി എന്നീ ക്ഷേത്രകലകൾ അവതരിപ്പിക്കുന്നുഎന്നീ ക്ഷേത്രകലകൾ അവതരിപ്പിക്കുന്നു ക ലകളേയും, വാദ്യങ്ങൾ മുതലായ പരമ്പരാഗത ശാസ്ത്രീയ കലകളേയും പോഷിപ്പി ക്കുന്നതിൽ ഈ ക്ഷേത്രം നിസ്തുല പങ്ക് വഹിച്ചിരിക്കുന്നു എന്ന് കാണാം. കൂടാതെ ഉത്സവാവസരത്തിൽ അന്നദാനം എല്ലാ ഭക്തജനങ്ങൾക്കും 'അന്നദാനം മഹാദാ നം' എന്ന വചനത്തെ അന്വർത്ഥമാക്കി നടന്നു വരുന്നു.

ഉപസംഹാരം:

സമൂഹത്തിലെ നിരവധി ജനങ്ങൾ പങ്കെടുക്കുന്ന ഒരു പ്രക്രിയയാണ് ഉത്സവം. ദേവീ തട്ടകങ്ങളിൽ മേൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ നിന്നും മറ്റു ക്ഷേത്രത്തിലെത്തി ഉത്സവപരിപാടികളിൽ പങ്കെടുക്കുന്നു. നിരവധി സ്ഥലങ്ങ ളിൽ നിന്നും വരുന്ന വേല എഴുന്നള്ളിപ്പുകൾക്ക് എല്ലാ സമുദായത്തി ലുംപെട്ട പ്രത്യേകം കമ്മറ്റികൾ നേതൃത്വം കൊടുക്കുമ്പോൾ ക്ഷേത്രത്തിലെ ഉത്സവചടങ്ങുകളും ഉത്സവാഘോഷങ്ങളും നടക്കുന്നത് ഊരാളന്മാരായ അടിക ൾമാരുടേയും നാട്ടുകാരായ പ്രത്യേകം നിയോഗിച്ച കമ്മറ്റി അംഗങ്ങ ളുടേയും മേൽനോട്ടത്തിലാണ്.

****

'പൊങ്ങിലിടി''

ഉത്സവക്കാലത്ത് കളം പാട്ട് നാലമ്പലത്തിനകത്ത് വാതിൽ മാടത്തിലാണ് നടക്കുന്നത്. കളം പാട്ടിനുശേഷം നടക്കുന്ന ഒരു ചടങ്ങാണിത്. ശ്രീകോവിലിനു മുന്നിൽ ഭഗവതിക്ക ഭിമുഖമായി മൂത്തടികൾ നിൽക്കുന്നു. മുമ്പിൽ കരിങ്കൽ ഉരലിൽ ആദ്യം നനച്ച ഉണ ക്കല്ലരി ഇട്ട് ഉലയ്ക്ക. കൊണ്ട് കുത്തുന്നു. പിന്നീട് വെറ്റില/അടക്ക ഇട്ടും കുത്തുന്നു. ഈ 2 പ്രാവശ്യം അതാതിനെ പ്രകീർത്തിച്ചുകൊണ്ടുള്ള പാട്ട് കുറുപ്പ് നന്തുർണിയുടെ നാദത്തോടെ പാടുന്നു. പാട്ട് തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴുംകുറുപ്പ് നന്തുർണിയുടെ നാദത്തോടെ പാടുന്നു. പാട്ട് തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴും മാരാർ ചെണ്ട കൊട്ടുന്നു. ആദ്യത്തെ ഉണക്കല്ലരി കുത്തി കഴിയുമ്പോൾ ഉലക്കയും, ഉരലും വൃത്തിയാക്കാൻ അടിയത്ത് നായർക്കാണ് അവകാശം. വിളക്കു പിടിക്കുന്ന ആളും ഇതിനൊപ്പമുണ്ടാവും. ഈ ചടങ്ങിന് ആകെ ഏകദേശം 10-20 മിനിറ്റ് മാത്രം. കളംപാട്ട് കഴിഞ്ഞ് കളം കൊള്ളൽ (ഇതും മൂത്തടികൾ നടത്തുന്നതാണ്) ചടങ്ങും കഴിഞ്ഞാണ് പൊങ്ങിലിടി നടത്തുന്നത്.

സന്താനലബ്ദിക്കും കുടുംബ ഐശ്വര്യത്തിനും വേണ്ടിയാണ് ഇത് നടത്താറ്. ഉത്സവകാലത്താണെങ്കിലും രാത്രി 9 മണിയോടെ നടക്കുന്ന ഈ ചടങ്ങിൽ സാധാരണ അടികൾ കുടുംബക്കാർ മാത്രമാണ് പങ്കെടുക്കാറ്.

നാലുപാദം / പാനയംകളി

വൃശ്ചികം 15ന് രാത്രി നാലുപാദം, പാനയംകളി എന്നിവ മേയ്ക്കാട്ട്, ഒറോമ്പ്രം മൂത്തമന ഇല്ലങ്ങളിലെ നമ്പൂതിരിമാരുടെ നേതൃത്വത്തിൽ വിരുട്ടാണം ഭഗവതിക്ഷേത്രത്തിൽ ഉണ്ടായിരുന്നു. ഇത് കഴിഞ്ഞ 40 വർഷത്തിനു മുമ്പേ മേൽ പറഞ്ഞ നമ്പൂതിരിമാരുടെ ദേഹവിയോഗത്തോടെ നിന്നുപോയി. ഈ കളി കഴിഞ്ഞ കുറച്ചു വർഷങ്ങളായി തയ്യൂർ മൂത്തമന പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെറെ നേതൃത്വത്തിൽ പുനരാവിഷ്കരിക്കപ്പെട്ടു. ഒരു തവണക്ഷേത്രത്തിൽ കളിക്കുകയുണ്ടായി. സാമ്പത്തിക ബാധ്യതകളാലും ബഹുവിധ നിർമ്മാണ പ്രവർത്തനത്താലും സ്ഥിരമായി തുടരാൻ ഇപ്പോൾ കഴിയുന്നില്ല.

വിരുട്ടാണത്തമ്മയോടെ

നിർമ്മല എസ് നാരായണൻ അടികൾ

വിരുട്ടാണം വീരസ്ഥാനത്തു കുടികൊള്ളും തമ്പുരാട്ടി !
ഏഴയാമടിയനെ നീ കൈവെടിയല്ലെ
ഉറ്റവരില്ലാത്തോർക്കുറ്റ തുണയായ് വർത്തിക്കും ദേവീ
ഉറ്റബന്ധുവായെനിക്കു തുണയാകണേ !

ആശ്രിതർക്കെന്നുമനുഗ്രഹത്തെ വാരിക്കോരി വർഷിച്ചു
വിരാജിക്കുന്ന മോഹനാംഗി കൈവെടിയല്ലെ
മുമ്മൂർത്തികൾ വണങ്ങുന്ന നിൻ പാദത്തിൽ
കുമ്പിടുന്നേൻ
പിഴകൾ പൊറുത്തടിയനെ അനുഗ്രഹിക്കേണേ

ഭർത്യ, പുത്ര, വിത്ത, ഗേഹ, സക്തി നീക്കിയെൻ മാനസം
ത്വൽപാദത്തിലാക്കീടണേ കൈവെടിയല്ലെ
ത്രൈലോക്യ നായികേ ദേവീ, സർവ്വാഭീഷ്ട പ്രദായിനീ
മാതാവേ നിന്നോടു ഞാനുണർത്തിക്കുന്നു

അമ്മയോടല്ലാതെ പൈതൽ കേണീടുന്നു ?
തന്നഭീഷ്ടം സാധിച്ചീടാൻ കൈവെടിയല്ലേ
വിരുട്ടാണം വീരസ്ഥാനത്തു കുടികൊള്ളും തമ്പുരാട്ടി !
ഏഴയാമടിയനെ നീ കൈവെടിയല്ലെ

അമ്പാടിയിലെണ്ണമറ്റ കേളിയാടി കളിച്ചൊരാ-

കൈതവബാലനെയൊന്നു കാട്ടിത്തരണേ
ഭക്തിയും വിഭക്തിയുമെനിക്കൊട്ടുമില്ലാ-
യെന്നാകിലും, ഭക്തവത്സലയാം ദേവീ കൈവെടിയല്ലെ
(വിരുട്ടാണം വീര.....)

സപ്താഹമണ്ഡപങ്ങളിൽ ഭാഗവത വൈജ്ഞാനികർ
വരച്ചുകാട്ടും വാങ്മയചിത്രം കേട്ടിട്ട്
അത്രമേൽ ഭ്രമിച്ചു പൊയെൻ മാനസമാകുസ്മൃതിയിൽ
ഒന്നു കാട്ടിത്തന്നീടമ്മേ കൈവെടിയല്ലേ - (വിരുട്ടാണം വീര.....)

ഭക്തികൊണ്ടുണ്ണികണ്ണനെ സമീപത്തു വരുത്തുവാൻ
ഭക്തോത്തമൻ വില്വമംഗല വുമല്ലല്ലോ ഞാൻ
ആവുംവിധം കണ്ണൻ കഥാകാവ്യമാലപിച്ചീടാം ഞാൻ
കാവ്യാലാപ വിനോദിനീ കൈവെടിയല്ലേ - (വിരുട്ടാണം വീര....)

സ്നേഹബദ്ധനാക്കി മനമാംകലത്തിലിട്ടടയ്ക്കുവാൻ
സുകൃതിനിയാം കുറൂരമ്മയുമല്ലല്ലോ ഞാൻ
ശ്യാമസുന്ദരൻതൻനാമം നിൻതിരുമുമ്പിൽ പാടീടാം
നാമപാരായണപ്രീതേ കൈവടിയല്ലേ - (വിരുട്ടാണം വീര....)

അണുമാത്രം കൃപനിനക്കെന്നിലുണ്ടെങ്കിൽ പോരുമേ
ഉണ്ണികണ്ണനെയെനിയ്ക്കു താലോലിച്ചീടുവാൻ
കാർത്ത്യായനീവ്രതം നോറ്റ ഗോപികമാരിലെന്നപോലെ
എന്നിലൊന്നു കടാക്ഷിക്ക കൈവടിയല്ലേ - (വിരുട്ടാണം വീര....)

തള്ളാനും, കൊള്ളാനും, അധീശയാമമ്മേ... തള്ളുന്നാകിൽ
വാതാലയേശ പാദത്തിലേക്കായീടണേ..... കൊള്ളുന്നാകിൽ
നിന്നുത്സംഗത്തിലേക്കായീടണമേ.. ദേവീ
വീണ്ടും, വീണ്ടും, വണങ്ങുന്നേൻ കൈവെടിയല്ലേ
(വിരുട്ടാണം വീര...)

ത്വൽഭക്തി വിമുഖരേയും നിന്നിലേക്കാകർഷിക്കുന്ന
"വശ്യരൂപിണീ" വീണ്ടും അർത്ഥിച്ചീടുന്നേൻ
ചൊന്നവാക്കുകളൊന്നും മറക്കല്ലേ തമ്പുരാട്ടീ
നിഷ്കാമഭക്തി നൽകി അനുഗ്രഹിക്കണേ

ശ്രീവീരസ്ഥാനത്തു കുടികൊള്ളും തമ്പുരാട്ടി
പൊന്നംബികേ ! തവപാദം വന്ദിച്ചിടുന്നൂ
വിരുട്ടാണം വീരസ്ഥാനത്തു കുടികൊള്ളും തമ്പുരാട്ടി !
ഏഴയാം അടിയനെ നീ കൈവെടിയല്ലെ

അമ്മേ ഭഗവതി ശരണം



അമ്മേ ഭഗവതി ശരണം.....

ശ്രീഭദ്രേ ഭഗവതി ശരണം .....(അമ്മേ.

വീരസ്ഥാനം വാണരുളും

ശ്രീ: ഭദ്രദേവിയെ കൈതൊഴുന്നേൻ

തൊഴുന്നേൻ ഞങ്ങൾ തൊഴുന്നേൻ

ശ്രീ: ഭദ്രദേവിയെ കൈതൊഴുന്നേൻ (അമ്മേ....)

ശത്രുദോഷങ്ങൾ അകറ്റീടേണേ

ശത്രുസംഹാരിണി സർവ്വേശ്വരി

ദുരിതനിവാരിണി ദേവി

ദുഃഖവിനാശിനി ദേവി..... (അമ്മേ....)

ദുർഗ്ഗതി നീക്കി തുണച്ചീടണേ ദേവി

സൽഗ്ഗതി എന്നും നൽകേണമേ വീരസ്ഥാനം

വാഴും ശ്രീഃ ഭദ്രദേവിയെ തൊഴുന്നേൻ .... (അമ്മേ....)

ഭദ്രേ ഭഗവതി കാർത്ത്യായനി ഭക്തരെ രക്ഷിക്കും

പരമേശ്വരി ശത്രുദോഷത്തെ അകറ്റീട്ടെന്നും

രക്ഷനൽകേണമേ ജഗദീശ്വരി ..... (അമ്മേ....)

ലക്ഷ്മി - സരസ്വതി - പാർവ്വതിയായ്

ആദിപരാശക്തി പരമേശ്വരി

ദുഃഖങ്ങൾ എല്ലാം അകറ്റീട്ടെന്നും

സൗഖ്യങ്ങൾ നൽകേണമേ ജഗദംബികേ (അമ്മേ....)

ആയുരാരോഗ്യ-ങ്ങൾ നൽകേണമേ അമ്മേ

സർവ്വൈശ്വര്യങ്ങളും നൽകീടണേ

സർവ്വാപരാധം പൊറുക്കണമേ ദേവി തൃപ്പാദം

ഞങ്ങൾ കുമ്പിടുന്നേൻ ..... (അമ്മേ....)

സി.പി. സുന്ദരൻ

ഫോൺ : 9745868581

എട്ടാംകളം ഐതിഹ്യം

ചേലക്കാട്ടിൽ നാരായണൻ നമ്പ്യാർ
9048434636

കൊച്ചിരാജാവും സാമൂതിരി രാജാവും തമ്മിൽ ശത്രുതയിൽ ഇരിക്കുന്ന കാലം, കൊച്ചിയുടേയും മലബാറിന്റേയും അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിൽ വന്ന്, തൊഴുത് അർച്ചന നടത്തുവാനുള്ള സൗകര്യം ഒരുക്കുവാൻ വേണ്ടി നാടുവാഴി നമ്പ്യാർക്ക് സാമൂതിരി നിർദ്ദേശം നൽകി. അതനുസരിച്ച് നമ്പിടി, അദ്ദേഹത്തിന്റെ നായർ പ്രമാണി മാരുടേയും, ഈഴവ പ്രമാണിമാരുടേയും സമസ്ത വിഭാഗത്തിലുള്ളവരുടേയും മൂപ്പൻമാർക്ക് 8 ാം കളം ദിവസം വൈകുന്നേരം പൂക്കുട്ടാൽ പരിസരത്ത് ഒത്തുചേരുവാൻ നിർദ്ദേശം നൽകി. 3 നാടുവാഴി കുടുംബങ്ങളിലെ ഏറ്റവും മൂത്ത കാരണവരാണ് നമ്പിടി. ഇതിലൊരു കുടുംബമാണ് ചേലിക്കാട്ടിൽ. 8 ാം കളം വേല ദിവസം രാവിലെ, നമ്പിടി വലിയ കൊട്ടിലിക്കലിൽ നിന്നും തിൽ (പല്ലക്ക്) കയറി പരിവാരസമേതം ചെറിയ കൊട്ടിലിക്കലിലേക്ക് എഴുന്നള്ളുന്നു. (ഈ പല്ലക്ക് ഇന്നും തേക്കിൻകാട്ടിൽ പടിഞ്ഞാറെ മഠത്തിൽ സൂക്ഷിച്ചു വരുന്നു). അവിടെ വിശ്രമിച്ചതിനുശേഷം പരിവാരങ്ങളുടെ അകമ്പടിയോടെ പൂക്കുട്ടാൽ പരിസരത്ത് എത്തിച്ചേരുന്നു. ഇവിടുന്ന്, പുതുക്കുളങ്ങരക്കാവ്, ആമക്കാവ്, കോയംകാവ്, മുക്കാരത്തിക്കാവ്, കൊട്ടിലിക്കൽ എന്നീ അമ്പലങ്ങളിലെ വെളിച്ചപ്പാടുമാർ നമ്പിടി നിർദ്ദേശം നൽകിയ മൂപ്പൻമാരും നാട്ടുപ്രാണിമാരും എത്തിയിട്ടില്ലേ എന്ന് വിളിച്ചു ചൊല്ലി ഉറപ്പിച്ചതിനുശേഷം സാമൂതിരിയോടു കൂടി ആഘോഷമായി വളരെ വേഗത്തിൽ വിരുട്ടാണത്ത് എത്തുകയും അവിടെയുള്ള ആൾക്കാരെയെല്ലാം ഒഴിപ്പിച്ച് പെട്ടെന്ന് ദർശനം നടത്തി മടങ്ങി പോകുകയും ചെയ്യുന്നു. പിൽക്കാലങ്ങളിൽ സാമൂതിരിക്ക് വേണ്ടി നമ്പിടിയാണ് ഈ ആചാരം കൊണ്ട് നടന്നിരുന്നത്. ഇപ്പോൾ ദേശക്കാരാണ് 8 ാം കളം വേല ഏറ്റെടുത്ത് നടത്തുന്നത്.

പ്രാർത്ഥനയുടെ സഫലീകൃതമായി പെരിങ്കന്നൂർ ഹരിജൻ വേല

പട്ടണത്ത് കുട്ടിക്കോരൻ

ശ്രീവീരസ്ഥാനം വിരുട്ടാണത്ത് കുടികൊള്ളുന്ന കരുണാമയിയായ ദേവിയുടെ അനുഗ്രഹത്തിന് പാത്രീഭൂതരാണ് എല്ലാ വിഭാഗം ഭക്തജനങ്ങളും. ദേവീകടാക്ഷത്തിനും അനുഗ്രഹത്തിനും അവരവരുടേതായ നിരവധി അനുഭവങ്ങളും നേരിട്ട് നിരത്താൻ കഴിയുന്ന അനുഭവസ്ഥരും നിരവധിയാണ്. പെരിങ്കന്നൂർ ദേശത്തെ കണക്ക സമുദായത്തിന് 8 ാം കളം വേല ഭക്തിയുടേയും വിശ്വാസത്തിന്റേയും സമർപ്പണമാണ്. പൗരാണികമായി 8 ാം കളം വേല പെരിങ്കന്നൂർ ദേശക്കാരുടെ വകയായി കൊട്ടിളക്കൽ ഭഗവതിക്ഷേത്രത്തിൽ നിന്നും എഴുന്നള്ളിച്ച് പൂക്കുട്ടാലിൽ എത്തി ക്ഷേത്രത്തിലേക്ക് എഴുന്നള്ളുന്നു. നാടുവാഴി നമ്പിടി പല്ലക്കിലേറി ഈ വേലയെ അനുഗമിച്ച് ക്ഷേത്രത്തിൽ ദീപാരാധന തൊഴുതു മടങ്ങുന്ന ചടങ്ങ് പഴയ രാജകീയ പ്രൗഢിയുടെ മകുടോദാഹരണമാണ്. പ്രസ്തുത വേല വരവിന്റെ പിന്നിലായി ദേശത്തെ കണക്ക സമുദായത്തിൽപ്പെട്ട തറവാട്ടിലെ കാരണവരുടെ നേതൃത്വത്തിൽ ചെണ്ട വാദ്യത്തോടെ ഓലകുടയും വെളിച്ചപ്പാടും എഴുന്നള്ളി സമുദായത്തിന്റെ സമർപ്പണമായി ഹരിജൻവേല ക്ഷേത്രത്തിന് കിഴക്കേ നടയിലുള്ള കൽവിളക്കിന് സമീപം എത്തി ക്ഷേത്രത്തിൽ നിന്നും അവകാശമായി ലഭിച്ചിരുന്ന എണ്ണ സ്വീകരിച്ച് കൽവിളക്ക് തെളിയിച്ച് പ്രാർത്ഥനാപുരസ്സരം വേല വഴിപാടായി ദേവിക്ക് സമർപ്പിക്കുന്നു. നാടുവാഴി നമ്പിടിയുടെ പ്രജകളായിരുന്ന കണക്ക സമുദായത്തിലെ കാരണവർ നാരായപട്ടണത്ത് ചക്കന്റെയും, മുയുടേയും ദേവിയോടുള്ള പ്രാർത്ഥനയുടേയും ഭക്തിയിലൂന്നിയ വിശ്വാസത്തിന്റെയും പ്രതീകമായി ആരംഭിച്ച ഈ വേലക്ക് ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ദേശത്ത് എല്ലാവർക്കും അമ്മ ദീനവും കോളറയും പിടിപെട്ടപ്പോൾ കുടുംബത്തിലെ കാരണവരായിരുന്ന മുയും ചക്കനും ദീനം ഭേദമാക്കുവാൻ ദേവിയോട് അകമഴിഞ്ഞ് പ്രാർത്ഥിക്കുകയും, ദീനം ഭേദമായാൽ ഒരു വേല എല്ലാ ഉത്സവകാലത്തും ദേവിക്ക് വഴിപാടായി സമർപ്പിക്കാമെന്ന് പ്രാർത്ഥിക്കുകയും ചെയ്തു. ദേവിയുടെ കൃപാകടാക്ഷത്താൽ ദീനം ഭേദമാവുകയും ക്ഷേത്രത്തിലെ മൂത്തഅടികളുടെ അനുമതിയോടെ 16 പണം അടിമപണം കെട്ടി ചെമ്പോലയിൽ കുറിച്ചിട്ടു എന്ന് പറയപ്പെടുന്നു. കൂടാതെ വെളിച്ചപ്പാടിനുള്ള വാൾ

ക്ഷേത്രത്തിൽ നിന്നും പൂജിച്ച് നൽകുകയും ചെയ്തു. അങ്ങനെ നമ്പിടിയുടെ പ്രജകളായ കണക്കസമുദായം ദേവിക്ക് വഴിപാടായി ഒരു വേല 8 ാം കളം വേലയുടെ പിന്നിലായി എഴുന്നള്ളിച്ച് ക്ഷേത്രത്തിന് കിഴക്കുവശത്തുള്ള പാടത്ത് സ്ഥിതി ചെയ്യുന്ന കൽവിളക്കിനടുത്ത് പകൽ വേലയായി എത്തി ദേവിക്ക് സമർപ്പിക്കുന്നു. പകൽ വേലക്കുശേഷം രാത്രിയിൽ 2 മണിയോടു കൂടി തറവാട്ടു സമീപത്തു നിന്ന് താലങ്ങളോടെയും, ചെണ്ടമേളത്തിന്റെ അകമ്പടിയോടെയും വെളിച്ചപ്പാടിന്റെ സാന്നിദ്ധ്യത്തോടെ വേല ക്ഷേത്രത്തിന് വടക്ക് കിഴക്ക് സ്ഥിതി ചെയ്യുന്ന മേൽക്കാവ് എന്നറിയപ്പെടുന്ന നെൽപ്പാടത്തെത്തി അണയം കത്തിൽ വിരുട്ടാണത്തമ്മയ്ക്ക് കളംപാട്ട് (ദേവീ സ്തുതികൾ) പാടി വേല വീണ്ടും പുറപ്പെട്ട് ക്ഷേത്രത്തിനു കിഴക്കേ നടയിലുള്ള കൽവിളക്കിന് സമീപം ദേവിക്ക് സമർപ്പിക്കുന്നു. ഭക്തി നിർഭരമായ ഈ വേല വരവ് തികച്ചും വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും ഭക്തിയുടെയും പ്രതീകമായി ഇന്നും വിപുലമായ കമ്മറ്റിയുടെ നേതൃത്വത്തിൽ വടക്കും ദേശം എന്ന പേരിൽ 8 ാം കളം വേലയോടൊപ്പം പൂർവ്വാധികം ഭംഗിയായി ആഘോഷിച്ച് ദേവിയ്ക്ക് സമർപ്പിച്ചുവരുന്നു. ഇപ്പോൾ പകൽ വേല പെരിങ്കന്നൂർ മഹാഗണപതി ക്ഷേത്രത്തിൽ നിന്നും കാലത്ത് പറയെടുപ്പിന്ശേഷം ഉച്ചയ്ക്ക് ആരംഭിച്ച് ദീപാരാധനയ്ക്ക് മുമ്പേ കിഴക്കേ നടയിലെ കൽവിളക്കിന് സമീപം ദേവിയ്ക്ക് സമർപ്പിക്കുന്നു. പകൽ വേല സമർപ്പിച്ചു കഴിഞ്ഞാൽ ക്ഷേത്രത്തിൽ നിന്നും മൂന്ന് ഇടങ്ങഴി നെല്ലും കൽവിളക്കിലേയ്ക്ക് നാഴി എണ്ണയും വെളിച്ചപ്പാടിന് ഒരു പട്ടും അവകാശമായി അടികൾ അനുവദിച്ചു തരുന്നത് പതിവായിരുന്നു. പരമ്പരാഗതമായി 8 ാം കളം വേലയോടൊപ്പം എത്തുന്ന ഈ ഹരിജൻ വേലയ്ക്കാണ് കൽവിളക്കിനടുത്തുള്ള ദേവി സന്നിധിയിൽ ആദ്യം വേല സമർപ്പിക്കുവാനുള്ള അവകാശമായി നിലനിന്നുവരുന്നത്.

****

ആദരാഞ്ജലികൾ

വിരുട്ടാണം ഭഗവതിക്ഷേത്രത്തിലെ പ്രധാന അടികൾമാർ



ദിവാകരൻ അടികൾ
23.08.1980



നാരായണൻ അടികൾ
29.10.2004



ഭാസ്ക്കരൻ അടികൾ
25.02.1987



പ്രഭാകരൻ അടികൾ
17.06.2004



രാമൻ അടികൾ
21.07.2008



പരമേശ്വരൻ അടികൾ
16.06.2010



കൃഷ്ണൻ അടികൾ
2.07.1196



ചന്ദ്രശേഖരൻ അടികൾ
21.11.2010

ശ്രീ വീരസ്ഥാനം വിരുട്ടാണത്തമ്മ
ഭജന സമിതി, കൊട്ടിപ്പാറ ദേശമംഗലം തയ്യാറാക്കിയ
ഓഡിയോ സി.ഡി. യിലെ ഭക്തിസാന്ദ്രമായ കീർത്തനങ്ങൾ

ഗണപതി



ഗണപതി ഭഗവാൻ മുനിഗണസേവ്യൻ
തുണയരുളേണം കൃപയോടനിശം
വിനയാധിദരാം ഞങ്ങളെയെന്നും
വിഘ്നേശ്വരാ നീ കാത്തു തുണയ്ക്കു

കരുണാ സാഗര ഗജമുഖ വരദാ
വിപധിഭയം മമ നീക്കിടേണമെ
കരകയറ്റണേ സംസാരക്കടൽ
താണ്ടിക്കയറാൻ വരമരുളേണേ

വ്യാസമഹാമുനി തന്നുടെ വാക്കുകൾ
ലോകത്തിന്നായ് ശാശ്വതമാക്കിയ
വിഘ്നേശ്വരനാം വീര വിനായക
വന്ദിക്കുന്നേൻ നന്ദിയോടെന്നും

പൊൻകതിരൊളി

പൊൻകതിരൊളി വിതറും വിശ്വരൂപമേ
കൈലാസനാഥേ ശിവശങ്കരി
വിരുട്ടാണമെന്ന വീരസ്ഥാനത്ത്
വീരഭദ്രൻ സമേതയായ് ശ്രീപാർവ്വതി

ദേവി ദിവ്യരൂപത്തിൽ മനസമർപ്പണം ചെയ്താൽ
അനുഗ്രഹം ചൊരിയുന്ന തമ്പുരാട്ടി
അകതാരിൽ അടിയനാ തിരുസ്വരൂപം നിനച്ചാൽ
സർവ്വദോഷ പാപങ്ങളും ശമിച്ചിടുന്നു

കോറസ് :
അമ്മേ മഹാമായേ ദേവി
രുദ്രേ മഹാമായേ ദേവി
ഭദ്രേ മഹാമായേ ദേവി
കാളി മഹാമായേ ദേവി

ജന്മനാളിൽ രക്തപുഷ്പാഞ്ജലികളർപ്പിച്ചാൽ
കനിവോടെ ശത്രുദോഷം മോക്ഷമാകുന്നു
പൊന്നിൻ ഉത്രം നക്ഷത്രത്തിൽ നിവേദ്യം ഊട്ടിയാൽ
സർവ്വമംഗളം തരുന്നൊരു ലോകമാതാവേ

ഭക്തരെയെല്ലാം

ഭക്തരെയെല്ലാം പരിപാലിക്കും
ഭഗവതി ഉജ്ജ്വല സൂര്യസമാനം
കോറസ്
ശത്രുവിനാശേയുക്തൻ ഭഗവാൻ
വീരഭദ്രൻ സഹനായ് സഹനായ്
പാരിൻ ഒളിയായ് കരുണാനിധിയായ്
പതിമതിയായി വിളങ്ങും ഭഗവതി

പരിപാലിക്കുക ഞങ്ങളെയെന്നും
വീരസ്ഥാനത്തമ്മേ ദേവി
അണു കടാഹം ക്രീഡാരംഗം
അത്ഭുത ഗാത്രം ദീപ്തനേത്രം
ആരകപാലം ധാരികശിരസും
അമ്മേ ഭയവും ഭക്തിയുമേകി



വീരസ്ഥാനം

വീരസ്ഥാനം വിരുട്ടാണം
ദേവദേവി നിറസാമീപ്യം
വന്നെത്തീടുക വരലബ്ദിക്കായ്
പാപവിമോചന സന്നിധിയിൽ

പരിപാവനമാം ഭക്തിതുളുമ്പും
കൈലാസത്തിൻ കുളിരാണിവിടം
പാപശതകങ്ങൾ കഴുകി സുകൃതം
വാരി നിറയ്ക്കും സ്ഥലമാണിവിടം

ഭക്തിവരുത്തും സത്സംഗത്തിൻ
സൗരഭ്യത്താൽ പൂരിതമിവിടം
ഇഹലോകത്തും പരലോകത്തും
മുക്തി ലഭിക്കും ഇടമാണിവിടം

ആത്മപരാത്മ സ്വച്ഛസുദാംശു
വിളയിത സ്വർഗ്ഗസ്ഥാനമിവിടെ
ദ്വയ്താദ്വയ്തം ഒന്നിൽ ലയിക്കും
ബ്രഹ്മൈക്ക സ്ഥാനമിവിടം

സ്ഥൂലം സൂക്ഷ്മം മതേതുമകറ്റിയ
പരമാം പൊരുളിൻ പരമാണിവിടം
സർവ്വചരാചരമാകെ നമിക്കും
നിസ്ഥുലദേവി സന്നിധിയിവിടം

അമ്മേ ശ്രീ

അമ്മേ ശ്രീ വിരുട്ടാണത്തമ്മെ
വഴിയറിയാതെ ഞാൻ നിൽക്കുന്നു

ഏറെ പ്രതീക്ഷകൾ മനസ്സിൽ കൊരുത്ത്
അമ്മേ പ്രതീക്ഷിച്ച് നിൽക്കുന്നു

മനസ്സിൽ മുഴുവനും നീയായിരുന്നിട്ടും
മന്ത്രങ്ങൾ മുഴുവനും നിൻ നാമമായിട്ടും

വഴിയറിയാതെ നിൽക്കുന്നു, അമ്മേ
പെരുവഴിയിൽ തന്നെ നിൽക്കുന്നു

പിൻതളിക്കുന്നും കീഴ്ത്തളിക്കുന്നും
തച്ചുകുന്നും കടന്നു ഞാൻ

നിന്നേ കാണാനെത്തും നേരം
അവിടന്ന് കാക്കണെ തമ്പുരാട്ടി

അമ്മേ ദേവീ

അമ്മേ ദേവീ മായാമയീ
വിരുട്ടാണത്തമ്മേ മായാമയീ
വീരസ്ഥാനത്തിരിപ്പവളെ
വരമരുളേണേ മാതേശ്വരീ

വിശ്വം മുഴുവൻ നിൻ മായയാൽ
മായിക വലയം തീർത്തവളെ
മായാബന്ധനം ഒഴിയാനായ്
നീയേ ശരണം മോഹിനിയേ

എല്ലാമെല്ലാം നീയാണുലകിൽ
എന്നറിയുന്നവർ അതിവിരളം
നേരായ മാർഗ്ഗം ലഭിക്കാനായ്
നീയേ ശരണം ജഗദംബേ...

ശക്തി ഉപാസന

ശക്തിഉപാസന ശക്തൻ അടിയനു
ശക്തിയേകണേ നിന്നെ സ്തുതിക്കുവാൻ
സാംബവിപരമേശ്വരി പാർവ്വതി
ശ്രീവിരുട്ടാണത്തമ്മേ തൊഴുന്നു ഞാൻ
ഭക്തിമാനസേ നന്നായ് വളരുവാൻ
ഇഷ്ടകാമിതം സ്ഥാപിതമാകുവാൻ
കഷ്ടകാലത്തിൻ ദൈർഘ്യം കുറയുവാൻ
ശിഷ്ട രക്ഷകേ കൈവണങ്ങുന്നു ഞാൻ
ആണകം പോലെ അലയടിക്കുന്നൊരു
ബ്രഹ്മമാകും പരമാത്മരൂപിണീ
അല്പഭക്തിയിൽ നിന്നെ സ്തുതിക്കുകിൽ
ജീവാത്മാക്കൾക്ക് മുക്തി കൊടുക്കണെ

രചന - വിഷ്ണു നാരായണൻ നമ്പൂതിരി

ഗണപതി

വീരസ്ഥാനം

ഭക്തരെയെല്ലാം

അമ്മേ ദേവി

ശക്തി ഉപാസന

സംഗീതം - കണയം ഗോപി

രചന

പൊൻകതിരൊളി -സി.കെ. ഭാസ്ക്കരൻ

അമ്മേശ്രീ -കെ.കെ.പരമേശ്വരൻ

സംഗീതം - കണയം ഗോപി

ആലാപനം

മധു ബാലകൃഷ്ണൻ

മഞ്ഞരി

എപ്പൊൾ വിശ്വനാഥ്

ശ്രീ വീരസ്ഥാനത്തമ്മെ ശരണം

കൈതൊഴാം കൈതൊഴാം ലോകനാഥേ
കൈതൊഴാം കൈതൊഴാം ഭദ്രകാളി
കൈതൊഴാം കൈതൊഴാം ജഗദംബികേ
വീരസ്ഥാനത്തമ്മെ ദേവീ തൊഴാം

ഭക്തർക്കഭയത്തെ നല്കും ദേവി
ഭക്ത ഭയങ്ങളെ നീക്കും ദേവി
ഭക്തിയും മുക്തിയും നൽകും ദേവി
വീരസ്ഥാനത്തെന്നും വാഴും ദേവി
കൈതൊഴാം

വീരഭദ്ര സ്വാമി സമേതയായി
ഒന്നിച്ചൊരു പീഠേ വാഴും ദേവി
ദാരികനിഗ്രഹം ചെയ്ത ദേവി
വീരസ്ഥാനത്തെന്നും വാഴും ദേവി
കൈതൊഴാം

ഭക്തരാം ഞങ്ങളിൽ കനിഞ്ഞിടേണേ
മക്കളാം ഞങ്ങളെ കാത്തിടേണേ
തെറ്റും പിഴകളും പൊറുത്തിടേണേ
വീരസ്ഥാനത്തമ്മെ കാത്തിടേണേ
കൈതൊഴാം

അമ്മേ നിന്നൽഭുത രൂപമെന്റെ
മനതാരിലെപ്പോഴും തെളിഞ്ഞിടേണേ
അമ്മേ നിൻ നാമമെൻ നാവിലെന്നും
നാണം കൂടാതെ വിളങ്ങിടേണേ
കൈതൊഴാം

ഭൂമിയിൽ മണിദ്വീപമായിയെന്നും
വീരസ്ഥാനം അമ്മെ വിളങ്ങിടട്ടെ
ദുഃഖിതർ പീഡിതർ ഭക്തർക്കെന്നും
ആശ്രയസ്ഥാനമായ് തീർന്നിടട്ടെ
കൈതൊഴാം

ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രം

ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രം ഏറെ പുരാതനവും പ്രസിദ്ധവുമായ ക്ഷേത്രങ്ങളിലൊന്നായി തൃശ്ശൂർ ജില്ലയിലെ വരവൂർ പഞ്ചായത്തിന്റെയും പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് പഞ്ചായത്തിന്റെയും അതിർത്തിയിൽ പ്രശാന്ത സുന്ദരമായ വിരുട്ടാണം ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്നു. തൃശ്ശൂർ പാലക്കാട് ജില്ലകളിലെ അതിർത്തിയിൽപെടുന്ന ഒരുപാട ് തട്ടകങ്ങളിലെ ദേവീ ഭക്തരുടെ ആദ്ധ്യാത്മികോന്നതിയ്ക്കുള്ള അഭയകേന്ദ്രമാണ് ഈ ക്ഷേത്രം. ഒരേ ശ്രീകോവിലിൽ ഒരേ പീഠത്തിൽ രണ്ട് പ്രതിഷ്ഠകൾ (ദേവിയും വീരഭദ്രനും) ഉള്ള ദേവീ ക്ഷേത്രങ്ങൾ അപൂർവ്വമാണ്.

മറ്റ് മിക്ക ദേവീ ക്ഷേത്രങ്ങളിലും കുവരാത്ത വളരെയേറെ താന്ത്രിക ചടങ്ങുകൾ ഉള്ളതാണ് ഇവിടുത്തെ മറ്റൊരു പ്രത്യേകത. കുംഭമാസത്തിലെ 10 ദിവസത്തെ ഉത്സവവും അതിനോടനുബന്ധിച്ച വിശേഷാൽ താന്ത്രിക ചടങ്ങുകളും മുളയിടൽ, നവകം, പഞ്ചഗവ്യം, അഭിഷേകം, രണ്ട് നേരം കാഴ്ച ശിവേലിയും, ശ്രീഭൂതബലി തുടങ്ങി കളമെഴുത്ത് പാട്ട്, ചാന്താട്ടം എന്നിവയും ഇതിൽപെടുന്നു. ശ്രീകൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലെ കാരായ്മ ശാന്തി അവകാശമുള്ളവരും മേഴത്തൂർ അഗ്നിഹോത്രിയുമായി പുരാതനബന്ധമുള്ളവരും കേരളത്തിലെ അപൂർവ്വായ ശക്തി ഉപാസക ഗോത്രത്തിൽപെട്ടവരുമായ അടികൾമാരാണ് ക്ഷേത്രത്തിലെ ഊരാളൻമാരും ശാന്തിക്കാരും. അതീവ രഹസ്യവും തലമുറകളായി കൈമാറി വരുന്നതുമാണ് ഇവർക്ക് സിദ്ധിച്ചിട്ടുള്ള താന്ത്രിക പൂജാവിധികൾ. ഭക്തർ മനംനൊന്ത് വിളിച്ചാൽ വിളിപുറത്തെത്തുന്ന ശാന്തസ്വരൂപിണിയായാണ് ശ്രീവീരസ്ഥാനം വിരുട്ടാണത്തമ്മ അറിയപ്പെടുന്നത്.

ഐതിഹ്യങ്ങൾ : ക്ഷേത്രത്തിന്റെ യഥാർത്ഥ ചരിത്രമോ പഴക്കമോ അറിയാൻ രേഖകളില്ല. 2000 വർഷങ്ങൾക്കുമുമ്പ് മഹാ തപസ്വിയായ ഒരു ഋഷീശ്വരനാൽ പ്രതിഷ്ഠ നടത്തിയിട്ടുള്ള ക്ഷേത്രമാണിതെന്ന് വിശ്വസിക്കപ്പെടുന്നു.

.പുനരുദ്ധാരണയജ്ഞം : പഞ്ചലോഹത്തിടമ്പും ഉപദേവതാ ബിംബങ്ങളും വഹിച്ചു കൊണ്ടുള്ള ബിംബപ്രയാണം 9.5.2011 ദേവിയുടെ തട്ടകത്തിൽ നടത്തുകയുായി. 17.4.2005 ന് ആരംഭിച്ച പുനരുദ്ധാരണ യജ്ഞം ഭക്ത ജനങ്ങളുടെ സഹായ സഹകരണത്തോടെയും വിരുട്ടാണത്തമ്മയുടെ അനുഗ്രഹത്താലും നിർബാധം ഇപ്പോഴും തുടരുന്നു. ക്ഷേത്രക്കുളം, പാട്ടുകൊട്ടിൽ എന്നിവ പുനർ നിർമ്മാണത്തിനും കരിങ്കൽ പ്രദക്ഷിണ വഴി, നടപ്പാത എന്നിവ നിർമ്മിക്കുവാനും സാധിച്ചു എന്നത് വളരെ ഭാഗ്യമായി കരുതുന്നു. 26.02.2015 ന് നിർമിച്ച് സമർപ്പിക്കുകയുണ്ടായി. അമ്മയുടെ അനുഗ്രഹം.

പ്രതിഷ്ഠകൾ : ഒരേ ശ്രീകോവിലിൽ ഒരേ പീഠത്തിൽ രണ്ടു പ്രതിഷ്ഠകൾ (ഭഗവതിയും വീരഭദ്രനും) ഉള്ള അപൂർവ്വം ക്ഷേത്രങ്ങളിലൊന്നാണിത്. കൂടാതെ ഗണപതി, ഭദ്രകാളി, ഭുവനേശ്വരി, സുബ്രഹ്മണ്യൻ, നാലമ്പലത്തിന് പുറത്ത് ശിവന്റേയും ക്ഷേത്രപാലന്റേയും പ്രതിഷ്ഠകളുണ്ട്.

പൂജാവിധികൾ : ദിവസേന കാലത്ത് അഭിഷേകം, മലർ നിവേദ്യം, ഗണപതി ഹോമം, ഉഷപൂജ, ഉച്ചപൂജ, വൈകുന്നേരം ദീപാരാധന, അത്താഴപൂജ എന്നീ വിധത്തിലാണ്.

ക്ഷേത്രത്തിലെ വിശേഷ ദിവസങ്ങൾ : വിഷുക്കണി, മേടമാസത്തിലെ ചാന്താട്ടം, എടവമാസത്തിൽ ഉത്രം നാളിൽ പ്രതിഷ്ഠാദിനം, കർക്കിടക മാസത്തൽ രാമായണ മാസാചരണം, കർക്കിടകവാവ് കഴിഞ്ഞ് അടുത്ത ഞായറാഴ്ച ദിവസം ക്ഷേത്രത്തിലെ ഇല്ലംനിറയും ചിങ്ങ മാസത്തിൽ ഉത്രാടം നാളിൽ തൃപ്പുത്തരിയും, നവരാത്രിക്ക് പൂവെപ്പ്, കുട്ടികളെ എഴുത്തിനിരുത്തൽ എന്നിവ നടക്കുന്നു. എടവമാസത്തിൽ ഉത്രം നാളിൽ പ്രതിഷ്ഠാദിനം ഗംഭീരമായി ആഘോഷിക്കുന്നതിനു പുറമെ എല്ലാ മാസവും ഉത്രം നാളിൽ കാലത്ത് 6 മണി മുതൽ വൈകീട്ട് 6 മണി വരെ നാരായണീയ പാരായണം, നാമജപം എന്നിവയും ചുറ്റുവിളക്ക്, കേളി, നിറമാല എന്നിവയും നടന്നുവരുന്നു.

കളമെഴുത്തുപാട്ട് : അനാദ്യശ്യമായ ഒരു ആരാധനാ രീതിയാണ് അമ്മയ്ക്ക് പാട്ടും പൂജയും. മക്കൾക്ക് സന്തതി, സമ്പത്ത്, സായൂജ്യാദികൾ കനിഞ്ഞരുളുന്ന അമ്മ നാടിന്റെ ചൈതന്യമാണ്.

പരമ്പരയായി നിലനിൽക്കുന്ന ഈ ആരാധനാ രീതിയെ വിരുട്ടാണം ഭഗവതി ക്ഷേത്രത്തിൽ മുടങ്ങാതെ എല്ലാ വർഷവും മണ്ഡലാരംഭം വൃശ്ചികം 1 മുതൽ മകരചൊവ്വക്കുശേഷമുള്ള വെള്ളിയാഴ്ച വരെ (65-66 ദിവസങ്ങൾ) കളമെഴുത്തു പാട്ടിന്റെ മാസ്മര ഭക്തിയിൽ ഒരു ജനത ദേവിയെവണങ്ങുന്നു. കൂടാതെ മകരചൊവ്വ താലപ്പൊലിയെ തുടർന്നുള്ള ദിവസങ്ങളിൽ അയ്യപ്പൻ, നാഗങ്ങൾ, കൊടിഞ്ഞിറക്കാവ് ഭഗവതി എന്നിവർക്കും കളംപാട്ട് നടത്തുന്നുണ്ട്. കല്ലാറ്റു കുറുപ്പാണ് വരപ്പുപകരണങ്ങളുടെ സഹായമില്ലാതെ പഞ്ചവർണ്ണ പൊടികൾ കൊണ്ട് ദേവിയെ മനസ്സിൽ ധ്യാനിച്ച് കൈവിരുതിൽ തീർക്കുന്നകളത്തിന്റെ രൂപവും ഭംഗിയും അതിമനോഹരമായി നിർമ്മിക്കുന്നത്.

ക്ഷേത്രകാര്യ നിർവ്വഹണം : വിരുട്ടാണത്ത് കുന്നത്ത് മഠത്തിലെ അടികൾ മാർക്കാണ് ക്ഷേത്രത്തിന്റെ ഊരായ്മസ്ഥാനം. ശാന്തി നടത്തിപ്പും ഈ കുടുംബത്തിലെ അംഗങ്ങളാണ് നിർവ്വഹിക്കുന്നത്. ട്രസ്റ്റാണ് ഇപ്പോൾ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ട്രസ്റ്റിനു പുറമേ നാട്ടുകാരും ഉത്സവാഘോഷ സേവാസമിതിയും ക്ഷേത്രത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു. കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ അടികളെ മൂത്തടികൾ എന്ന സ്ഥാനപേരിൽ അറിയുന്നു. ക്ഷേത്രത്തിലെ എല്ലാ ചടങ്ങുകൾക്കും ശുഭാരംഭം, ശുഭസമാപ്തി കുറിക്കുവാൻ അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും അനുഗ്രഹവും അനിവാര്യമാണ്. ഇപ്പോഴത്തെ മൂത്തടികൾ ശ്രീ ശങ്കരനാരായണൻ അടികളാണ്.

ക്ഷേത്രം തന്ത്രി : കല്ലൂർ മനക്കിൽ ബ്രഹ്മശ്രീ കുമാരൻ നമ്പൂതിരിപ്പാടും കൃഷ്ണജിത്ത് നമ്പൂതിരിപ്പാടുമാണ്.

ക്ഷേത്രത്തിലേക്കുള്ള വഴി : ഷൊർണ്ണൂരിൽ നിന്ന് എഴുമങ്ങാട് കറുകപുത്തൂർ വഴി കുന്നംകുളത്തേക്ക് പോകുമ്പോൾ ചെള്ളിപ്പടി ബസ്സ്റ്റോപ്പിൽ ഇറങ്ങിയാൽ വിരുട്ടാണം ഭഗവതി ക്ഷേത്രത്തിന്റെ കമാനം കാണാം. 200 മീറ്ററോളം വരുന്ന റോഡ് അവസാനിക്കുന്നത് ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലാണ്. തൃശ്ശൂർ ഭാഗത്തു നിന്നു വരുമ്പോൾ വടക്കാഞ്ചേരി, വരവൂർ, തളി വഴിയും വരാവുന്നതാണ്. അതുപോലെ തെക്കുനിന്ന് നെല്ലുവായ്, തിച്ചൂർ, ഇട്ടോണം വഴിയും എത്താം. കറുകപുത്തൂർ, എഴുമങ്ങാട് എന്നിവിടങ്ങളിൽ നിന്ന് ഏകദേശം 4 കിലോമീറ്റർ ദൂരം വരും.

web : www.viruttanamtemple.com
email : vksadigal@gmail.com
Mob : 9846236688, 9645150312, 0466 2259700

പുനരുദ്ധാരണ സേവാസമിതി അംഗങ്ങൾ

ഉപദേശകസമിതി

1. ബ്രഹ്മശ്രീ കല്ലൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്
2. കാണിപ്പയ്യൂർ ശ്രീ.കൃഷ്ണൻ നമ്പൂതിരിപ്പാട്
3. വി.കെ.രാമൻ അടികൾ
4. വി.കെ.പരമേശ്വരൻ അടികൾ

പ്രസിഡണ്ട് ശ്രീചന്ദ്രശേഖരൻ അടികൾ. വി.കെ

വൈസ് പ്രസിഡണ്ടുമാർ

1. വി.കെ.ശിവശങ്കരനടികൾ, ന്യൂഡൽഹി
2. കെ.പി.വിശ്വനാഥ സ്വാമി, കുളങ്ങര മഠം, ദേശമംഗലം
3. സുരേഷ്ബാബു, കളരിക്കൽ, തലശ്ശേരി
4. കെ.പി.ചന്ദ്രശേഖരൻ, കലവറ പണ്ടാരപറമ്പിൽ, തിരുമറ്റക്കോട്
5. സി.നാരായണൻ നമ്പ്യാർ, ചേലിക്കാട്ടിൽ, പെരിങ്കന്നൂർ
6. കെ.പി.കുമാരൻ നായർ, നരിക്കുഴി, വിരുട്ടാണം
7. കെ.എൻ.ഗോപിനാഥൻ, കിണറ്റിൻകര, കൊണ്ടയൂർ
8. വിശ്വനാഥൻ, കണ്ണത്ത് ഹൗസ്, ആറങ്ങോട്ടുകര

ട്രഷറർ : നീലകണ്ഠൻ അടികൾ, വി.കെ ബാലൻ നായർ പല്ലൂരത്ത്

സെക്രട്ടറി : രാജഗോപാലൻ അടികൾ. വി.കെ

കോഓർഡിനേറ്റർ & ജോയിന്റ് സെക്രട്ടറി

1. വി.കെ.മോഹൻ കുമാർ അടികൾ, വിരുട്ടാണം
2. കെ.പീതാംബരൻ, വിരുട്ടാണം

ജോയിന്റ് സെക്രട്ടറിമാർ

1. അച്ചുതൻ.എം., പല്ലൂർ, ദേശമംഗലം
2. അരവിന്ദാക്ഷൻ നായർ, ചക്കം ചാത്ത്, തളി
3. ഗോവിന്ദൻകുട്ടി നമ്പ്യാർ, നമ്പ്യാത്ത് കുറുപ്പത്ത്, ഇരുന്നൂറ്റൂർ
4. വി.പി.മോഹനൻ, വേങ്ങപ്പറമ്പിൽ, തിരുമറ്റക്കോട്
5. ചെന്താമരാക്ഷൻ, പെരിങ്കന്നൂർ
6. മണികണ്ഠൻ, നമ്പ്രത്ത് ഹൗസ്, കൊണ്ടയൂർ
7. സുശാന്ത് (കണ്ണൻ), കണ്ണത്ത് ഹൗസ്, ആറങ്ങോട്ടുകര

പുനരുദ്ധാരണ കൗണ്ടർ മാനേജർ : ഉണ്ണിമാധവൻ, വിരുട്ടാണം

എക്സിക്യൂട്ടീവ് കമ്മറ്റി

1. ശങ്കരനാരായണൻ അടികൾ, വിരുട്ടാണം
2. നന്ദകുമാരൻ അടികൾ, വിരുട്ടാണം
3. വിശ്വനാഥൻ അടികൾ, വിരുട്ടാണം
4. ആനന്ദൻ അടികൾ, വിരുട്ടാണം
5. ഗോപിനാഥൻ അടികൾ, വിരുട്ടാണം
6. ഉണ്ണികൃഷ്ണൻ, വിരുട്ടാണം
7. പി.എം.മോഹൻദാസ്, വിരുട്ടാണം
8. രാമവർമ്മ (കുഞ്ഞുണ്ണി), ചേലൂർ കോവിലകം, വിരുട്ടാണം
9. കെ.പി.കരുണാകരൻ, വിരുട്ടാണം
10. ടി.സി.രാമചന്ദ്രൻ, തച്ചോത്ത്, തളി
11. എ.വി.വിജയകുമാർ, അയ്യപ്പൻകാട്ടിൽ, തളി
12. ഹരിദാസ്, തേവത്ത്, തളി
13. വി.കെ.രാമൻ, വടക്കേതിൽ, പിലക്കാട്
14. മുരളീധരൻ, മേപ്പിലങ്ങാട്ട്, പിലക്കാട്
15. കെ.സി.ശങ്കരൻകുട്ടി നായർ, ചങ്കരത്ത്, പിലക്കാട്
16. ടി.പരമേശ്വരൻ നായർ, ലക്ഷ്മി നിവാസ്, പെരിങ്കന്നൂർ
17. എൻ.ശിവശങ്കരൻ, ചേലിക്കാട്ടിൽ, പെരിങ്കന്നൂർ
18. വി.നാരായണൻകുട്ടി, വടക്കൂട്ട്, ഇരുകൂറ്റൂർ
19. അപ്പുണ്ണി.കെ.പി, കൊട്ടിലപ്പറമ്പിൽ, തിരുമിറ്റക്കോട്
20. ഗംഗാധരൻ, കോട്ടപ്പുഴയിൽ, തിരുമിറ്റക്കോട്
21. പി.കെ.കൃഷ്ണൻ, കിഴക്കുംമുറി വീട്, തലശ്ശേരി
22. ഉണ്ണികൃഷ്ണൻ, കളരിക്കൽ, തലശ്ശേരി
23. ധർമ്മരാജൻ, നെല്ലിക്കൽ, മേലെ തലശ്ശേരി
24. നാരായണൻ, കരിപ്പാലി, തലശ്ശേരി
25. കൃഷ്ണനുണ്ണി നായർ, നായരുവീട്ടിൽ, തലശ്ശേരി
26. ഗോപി, അടവക്കാട്ട്, തലശ്ശേരി
27. കെ.മാധവൻകുട്ടി, കാരയിൽ ഹൗസ്, കിഴക്കുമുറി ദേശമംഗലം
28. ശശികുമാർ, ചൈത്രം, പല്ലൂർ, ദേശമംഗലം
29. കരുണാകരപ്പണിക്കർ, പാതിരക്കാട്ട്, ദേശമംഗലം
30. പി.വാസുദേവൻ, പെരുമ്പാളെ ഹൗസ്, കൊട്ടിപ്പാറ, ദേശമംഗലം
31. പി.വിജയൻ, പെരുമ്പാളെ ഹൗസ്, കൊട്ടിപ്പാറ, ദേശമംഗലം
32. പ്രേമൻ, കീഴപ്പത്തൊടി, ദേശമംഗലം

33. ശിവാനന്ദൻ, വടക്കേക്കര ഹൗസ്, ദേശമംഗലം
34. ഗോകുൽദാസ്, വട്ടപ്പറമ്പിൽ, ദേശമംഗലം
35. പി.ഭാസ്കരൻ, ചേനത്തുകാട്ടിൽ, ദേശമംഗലം
36. ഉണ്ണിക്കുട്ടൻ, മുണ്ടത്ത് ദേശമംഗലം
37. കുമാരൻ.പി, പെരുമ്പാള, ദേശമംഗലം
38. നന്ദകുമാർ.പി, പണ്ടാരത്തിൽ, കൊണ്ടയൂർ
39. മോഹനൻ, കരുനാഗത്ത് ഹൗസ്, കൊ ുയൂർ
40. രാഘവൻ നായർ, പടിഞ്ഞാറെ പണ്ടാരത്തിൽ കളം, ദേശമംഗലം
41. പി.വിജയൻ, പനയപ്പിള്ളി, ദേശമംഗലം
42. സി.ഭാസ്കരൻ, ചെരുവിൽ ഹൗസ്, ദേശമംഗലം
43. കരുണാകരൻ നായർ, കീടങ്ങാട്ട് ഹൗസ്, ദേശമംഗലം
44. സേതുമാധവൻ, മാളിക ഉണ്ണ്യാട്ടിൽ, ദേശമംഗലം
45. കെ.ആർ വെങ്കിടേശ്വരൻ, കാമരാത്ത് മഠം, ദേശമംഗലം
46. ഉണ്ണികൃഷ്ണൻ, പരുത്തിക്കാട്ട്, കൊണ്ടയൂർ
47. രാമകൃഷ്ണൻ, മെറ്റത്ത് ഹൗസ്, ഇട്ടോണം
48. മണികണ്ഠൻ, കുറ്റിനിങ്ങാട്ട് ഹൗസ്, ഇട്ടോണം
49. രാമനുണ്ണിനായർ, കഴങ്കോടത്ത്, ഇട്ടോണം
50. പരമേശ്വരൻ, കണ്ണത്ത്, തിച്ചൂർ
51. ശശി, പുല്ലാഴിവളപ്പിൽ, തിച്ചൂർ
52. ശങ്കർദാസ്, മഠത്തിൽ വാരിയം, തിച്ചൂർ
53. രാമകൃഷ്ണൻ, പൊന്നുവീട്ടിൽ, തിച്ചൂർ
54. മുരളീദാസ്, കൊണവള്ളി ഹൗസ്, തിച്ചൂർ
55. ബാലൻ ചാത്താണിശ്ശേരി, വറവട്ടൂർ
56. രാമൻനായർ, കപ്പാരത്ത്, വറവട്ടൂർ
57. ഗോവിന്ദൻകുട്ടിനായർ, ചോലയിൽ, വറവട്ടൂർ
58. വാസു, കാട്ടിശ്ശേരി ഹൗസ്, നടുവട്ടം
59. മുരളീധരൻ, ചീരണ്ടിഞാലിൽ, ആറങ്ങോട്ടുകര
60. രാജൻ, കണ്ണത്ത്, ആറങ്ങോട്ടുകര
61. പ്രദീപ്, പട്ടത്ത്, ആറങ്ങോട്ടുകര
62. രാഘവൻ, കൊട്ടിലപറമ്പിൽ, രായമംഗലം
63. രാജൻ, ആച്ചത്ത്, എഴുമങ്ങാട്
64. രാമൻകുട്ടി നായർ, കുന്നമ്പോഴത്ത്, എഴുമങ്ങാട്
65. വാസു, കുലപറമ്പിൽ, എഴുമങ്ങാട്
66. പ്രഭാകരൻ, കണ്ണത്ത്, എഴുമങ്ങാട്

പുനരുദ്ധാരണം ചരിത്ര താളുകളിലേക്ക്

1954 - 55 ൽ ഓർമ്മകൾ തിരിക്കുമ്പോൾ ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിന്റെ അന്നത്തെ രക്ഷാധികാരിയും മൂത്തടികളുമായ എന്റെ വലിയമ്മാവൻ ദിവംഗദനായ ശ്രീ. ദിവാകരൻ അടികൾ ക്ഷേത്രത്തിന്റെ അറ്റകുറ്റ പണികൾ ചെയ്യിച്ചതായി ഓർക്കുന്നു. അതിനുശേഷം കൊല്ലവർഷം 2005 ൽ സമസ്രമായ പുനരുദ്ധാരണ ലക്ഷ്യം വച്ച് ഒരു പുനരുദ്ധാരണ യജ്ഞം ആരംഭിച്ചു. തട്ടകത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും വ്യത്യസ്ത മേഖലയിൽപ്പെട്ട അംഗങ്ങളേയും പങ്കാളികളാക്കി കൊണ്ട് ഒരു ക്ഷേത്ര പുനരുദ്ധാരണ സേവാ സമിതി രൂപീകരിക്കപ്പെട്ടു. അതിന്റെ പ്രവർത്തന ഫലമായി തുടർച്ചയായി താഴെ പറയുന്ന പ്രവർത്തനഫലങ്ങൾ ചരിത്ര പ്രാധാന്യത്തോടെ ഭക്തജന സമക്ഷം സമർപ്പിക്കുന്നു.

05.09.2005 വീരഭദ്ര സ്വാമിയുടേയും വിരുട്ടാണത്തമ്മയുടേയും പ്രതിഷ്ഠകൾ ബാലാലയത്തിലേക്ക് മാറ്റി സ്ഥാപിച്ചു. 05.12.2005 നവീകരണ പ്രക്രിയകൾ ആരംഭിച്ചു. ചെയ്യാൻ പോകുന്ന കാര്യങ്ങളെപ്പറ്റിയും അതിന്റെ ചുമതലകൾ വഹിക്കുന്ന സാരഥികളേയും വിശദീകരിക്കുന്ന ഒരു നോട്ടീസ് തയ്യാറാക്കി. ഇതിൽ പറയുന്ന പല വ്യക്തികളും ഇന്ന് ജീവിച്ചിരിപ്പില്ല. അവർക്ക് അനുശോചനങ്ങൾ നേരുകയും മറ്റുള്ളവരെ അനുമോദിക്കുകയും ചെയ്യട്ടെ.

19.4.2006 ൽ ശ്രീകോവിലിൽ ചെമ്പോല മേഞ്ഞ് സമർപ്പണം നടത്തി (Krishna Bras Craft & Door decors, തലശ്ശേരി) 20.5.2006 സോപാനം, ശ്രീകോവിലിലെ മുൻവശം ചുമർ, ബലിക്കൽ എന്നിവ പിച്ചള പൊതിഞ്ഞു സമർപ്പിച്ചു. ബലിക്കൽപുര (കിഴക്കേ നടയിൽ) ഗ്രാനൈറ്റ് വിരിച്ചു. 3.9.2008 ശ്രീകോവിൽ പണി പൂർത്തിയാക്കി. 2.8.2009 ബ്രഹ്മശ്രീ നീലകണ്ഠൻ നമ്പൂതിരിപ്പാട്, ക്ഷേത്രം തന്ത്രി നവീകരണ കലശം വിളംബരം ചെയ്തു. 3.12.2009 ക്ഷേത്രപാലകന്റെ ശ്രീകോവിലും തയ്യാറായി. ചുറ്റമ്പലം പുനരുദ്ധാരണം പൂർത്തിയാക്കി സമർപ്പിച്ചു. ക്ഷേത്രത്തിന്റെ ചുറ്റുമതിൽ നിർമ്മിച്ചു സമർപ്പണം നടത്തി. 3.11.2009 ചുറ്റമ്പലത്തിന്റെ നിലവും, പടികളും ഗ്രാനൈറ്റ് വിരിച്ചു. 16.1.2010 ക്ഷേത്രനടവാതിലുകളുടെ പണി പൂർത്തീകരിച്ചു.

16.5.2010 മുതൽ 26.5.2010 കൂടിനവീകരണ കലശം ഭംഗിയായി കൊണ്ടാടി. 16.5.2010 ദേശമംഗലം ഭജനസമിതിയുടെ ഭക്തിസാന്ദ്രമായ ദേവീ സ്തുതികളുടെ സി.ഡി. പ്രകാശിപ്പിച്ചു. 0.6.2010 സ്മരണിക ഔപചാരികമായി പത്മവിഭൂഷൻ ഡോ. ഇ.ശ്രീധരൻ (MD, DMRC) പ്രകാശനം ചെയ്തു. 0.6.2011 പ്രദക്ഷിണവഴി (കരിങ്കൽ) സമർപ്പണം.

അമ്പലമുറ്റത്തിന്റെ സ്ഥിതി വളരെ മോശമായിരുന്നു. 27.07.2010 ന് ശ്രീ. എ.വി.ഗോപാലകൃഷ്ണൻ,(മണി അയ്യർ) ആറങ്ങോട്ടുകര (ബോംബെ, ദുബായ്) ക്ഷേത്ര ദർശന സമയത്ത് ഒരു ലക്ഷം രൂപ തരികയും പ്രദക്ഷിണവഴി നിർമ്മാണം ആരംഭിക്കുവാൻ ഞങ്ങൾക്ക് പ്രചോദനം തരികയുായി. അന്ന് തുടങ്ങിവെച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഒരു ദിവസം പോലും വിടാതെ നിർബാധം ഇന്നും തുടരുന്നു. ഉത്തരവാദപ്പെട്ട ഭാരവാഹികൾക്ക് ഈ പ്രസ്ഥാനത്തിന്റെ ഉന്നമനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഉത്സാഹവും ഉണർവ്വും പകർന്നു തരാൻ ഭക്തജനങ്ങൾ നിർലോഭം സഹായിച്ചിട്ടുണ്ട്. സർവ്വോപരി വിരുട്ടാണത്തമ്മയുടെ അനുഗ്രഹാശ്ശിസ്സുകളും സമയാ സമയങ്ങളിലെ നിർദ്ദേശങ്ങളും കൊണ്ട് ആസൂത്രിത പരിപാടികൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നു എന്ന ചാരിതാർത്ഥ്യമുണ്ട്.

ഇവിടെ ഒരു പ്രത്യേക അനുഭവത്തെക്കുറിച്ച് പറയാതെ വയ്യ. കരിങ്കൽ പ്രദക്ഷിണ വഴി നിർമ്മാണത്തിൽ അഞ്ചു ഘട്ടങ്ങളുണ്ട്. ആദ്യത്തേത് വെടിപൊട്ടിക്കൽ, രണ്ടാമത് സൈസ് ആക്കുക, മൂന്നാമത് കൊത്തി വൃത്തിയാക്കുക നാലാമത് നിശ്ചിത സ്ഥലത്ത് എത്തിക്കുക, അഞ്ചാമത് അവ വിരിച്ച് ഉറപ്പിക്കുക എന്നിങ്ങനെയാണ്. കരാറു പ്രകാരം ഓരോ ലോറിയും എത്തുമ്പോൾ ചുരുങ്ങിയത് 50,000 രൂപ കരാറുകാരന് കൊടുക്കണമെന്ന വ്യവസ്ഥയുണ്ട്. അങ്ങനെ ഒരു പ്രാവശ്യം ട്രക്ക് വരുന്ന ദിവസം 30000 ക മാത്രമെ കയ്യിലുള്ളൂ. ഒരിടത്തു നിന്നും പണം കിട്ടാൻ വഴി കാണാതെ വിഷമിച്ചിരിക്കുമ്പോൾ അതാ വരുന്നു ഒരാൾ വളരെ കാലം ഫോണിലൂടെ മാത്രം സംസാരിച്ച് പരിചയമുള്ള, പക്ഷേ നേരിട്ട് കാണുന്നത് ആദ്യമായിട്ടാണ്. അദ്ദേഹം 25000 രൂപ എടുത്തുതന്നു 'എന്റെ കൈയ്യിൽ ഇതേ ഉള്ളൂ' എന്നു പറഞ്ഞ് യാത്രയായി. ഈ പണം ആ സന്നിഗ്ദ്ധഘട്ടത്തിൽ എത്തിക്കാൻ അദ്ദേഹത്തിന് ആരു പ്രചോദനം.

കൊടുത്തു ? അമ്പലം അടച്ച സമയം ഈ പണം തരാനായി വന്നതുപോലെ ! പല സന്ദർഭങ്ങളിലായി ഇങ്ങിനെയുള്ള വിവിധ അനുഭവങ്ങൾ കൊണ്ട് അമ്മ ഓരോ കാര്യങ്ങൾ നടത്തിക്കുകയാണെന്നു വേണം പറയാൻ. കൈയ്യിൽ കാശിരിക്കില്ലെന്നും എന്നാൽ കാര്യങ്ങളൊന്നും മുടങ്ങുകയില്ലെന്നും ധരിച്ചോളൂ എന്ന് ഒരു സ്വാമിജി എന്നെ ആശീർവാദിച്ചിട്ടുണ്ട്. ആ സ്വാമിജി വിരുട്ടാണത്തമ്മയല്ലെന്ന് ആർക്കറിയാം ? അമ്മേ ശരണം. 20.8.2011 നാഴികമണി സമർപ്പണം ശ്രീ.കെ.പി.അച്യുതൻനായർ, വിരുട്ടാണം (ചെന്നൈ) വക. 30.9.2011 നാഴികമണി സ്ഥാപിച്ചത് ശ്രീ. സത്യശീലൻ, കാര, കൊടുങ്ങല്ലൂർ. നാഴിക മണിയേക്കാൾ ചിലവേറിയ ഈ സമർപ്പണം പ്രത്യേകം അനുഗ്രഹീതം തന്നെ. 17.01.2012 മകരചൊവ്വ ദിവസം കിഴക്കേ നടയിൽ ഓട് ദീപസ്തംഭം സമർപ്പണം.

കൊടിമരകൂട് (സ്റ്റീൽ) 2012 ലെ ഉത്സസശേഷം തുറന്നുകിടന്ന കൊടിമരക്കുഴിൽ ഒരു കുട്ടി വീണു. ഭഗവതി സഹായത്താൽ കുട്ടിക്കൊന്നും സംഭവിച്ചില്ല. പക്ഷേ ഭാവിയിൽ ഇതുണ്ടാവാതിരിക്കാൻ അമ്മ തന്നെ നിർദ്ദേശത്താൽ ഇങ്ങിനെയൊരു കൂടുണ്ടാക്കുവാൻ സാധിച്ചുവെന്ന കൃതാർത്ഥതയുണ്ട്. 30.4.2012 Drift Irrigation ക്ഷേത്രത്തിനു ചുറ്റും സൗകര്യപ്രദമായ സ്ഥലങ്ങളിൽ ആവശ്യമായ പൂക്കൾ വെച്ചുപിടിപ്പിക്കുന്നതിന് എളുപ്പമായി വെള്ളം നനയ്ക്കാൻ സൗകര്യമൊരുക്കി. 03.05.2012 ക്ഷേത്രക്കുള നവീകരണം

ഉച്ചയ്ക്ക് ഊണു കഴിഞ്ഞ് ഒന്നു മയങ്ങി. മയക്കത്തിൽ ആരോ തട്ടിയുണർത്തി. അമ്പലത്തിലേക്ക് ചെല്ലാനായി ആജ്ഞാപിച്ചു. സമയം രുമണി, നല്ല ചൂട് കുടയുമെടുത്തനേരെ ചെന്നപ്പോൾ കണ്ട കാഴ്ച എന്നെ തികച്ചും അൽഭുതപ്പെടുത്തി. യാതൊരു പരിചയവുമില്ലാത്ത 4 ആൺകുട്ടികൾ ചൂണ്ടയിട്ട് കുളക്കരയിൽ. മത്സ്യത്തെ ഒന്നും കിട്ടിയിട്ടില്ല. എന്നെ കണ്ടതും അവർ ഓടിപ്പോയി. എന്റെ മനസ്സിൽ അപ്പോൾ തോന്നിയതാണ് ഭഗവതി നേരിട്ട് എന്നോട് പറഞ്ഞതുപോലെ. കുളത്തിന്റെ സ്ഥിതി പരിതാപകരമാണ് അതിനുവേണ്ട പരിഹാരം ഉടനെ ചെയ്യണം. ഏതായാലും 3 മാസം കൊണ്ട് (മഴക്കാലം തുടങ്ങുന്നതിന് മുമ്പ്) 4 ലക്ഷത്തോളം രൂപ എവിടെ നിന്നു വന്നു, എങ്ങിനെ ഈ സംരഭം പൂർത്തീകരിക്കുവാൻ സാധിച്ചു എന്നത് ഇന്നും ഒരു

ചോദ്യചിഹനമായി മനസ്സിൽ കിടക്കുന്നു. അമ്മേ ശരണം.

03.05.2012 കുളപ്പുര നിർമ്മാണം, (Stress) പ്രസന്നൻ അടികൾ മുത്തശ്ശിയുടെ ഓർമ്മക്കായി സമർപ്പിച്ചത്. 14.05.2012 ക്ഷേത്രക്കുളം മതിൽപ്പണി പൂർത്തീകരിച്ചു.

20.5.2012 ക്ഷേത്രക്കുളം മൂത്രപ്പുര (സ്ത്രീകൾക്കും ശാന്തിക്കാർക്കും) റൂഫിംഗ് ചെയ്തു. 21.5.2012 അമ്പലമുറ്റത്ത് കൊട്ടത്തളം നിർമ്മിച്ച് സമർപ്പിച്ചു. ചൂടുകാലത്ത് കുളത്തിലെ വെള്ളം വളരെ താഴ്ചയിൽ പോകുന്നു. വയസ്സായ ഒരു ഭക്തയുടെ അഭിപ്രായപ്രകാരം കാലും മുഖവും കഴുകുവാൻ കിഴക്കേ നടയിൽ നിർമ്മിച്ച് സമർപ്പിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.

16.11.2012 ശ്രീ വിനോദ് (വിരുട്ടാണം) ചുമതലയിൽ പാട്ടുകൊട്ടിൽ പുനരുദ്ധാരണവും സമർപ്പണവും വൃശ്ചികം 1 മുതൽ മകരചൊവ്വക്കു ശേഷമുള്ള വെള്ളിയാഴ്ച വരെ കളംപാട്ടും ബാക്കി സമയങ്ങളിൽ ആത്മീയ / ഭജനമുറിയും ഉപയോഗിക്കുന്നു.

21.11.2012 അമ്പലമുറ്റം മെറ്റൽ വിരിക്കൽ : കരിങ്കൽ പ്രദക്ഷിണവഴി നിർമ്മാണ ശേഷം തിരുമുറ്റത്ത് പുല്ല് വളരാതിരിക്കുവാനും, ചെളി, വഴുക്കൽ, പൊടിയടിക്കൽ, മണ്ണൊലിപ്പ്, വെള്ളം ഒഴുകിപോക്കും, കെട്ടിനിൽപ്പും എന്നിവയിൽ നിന്ന് മുക്തി നേടി വൃത്തിയോടും ശുചിത്വത്തോടും കൂടി ക്ഷേത്ര പരിസരത്തെ സംരക്ഷിക്കാ നുതകുന്നു. 17.01.2013 ജനറേറ്റർ ശ്രീ. ആലിക്കൽ സുരേഷ് ആറങ്ങോട്ടുകര (Spain) ക്ഷേത്രത്തിലെ എല്ലാവിധ വൈദ്യുതി ആവശ്യങ്ങളും പൂർത്തീകരിക്കപ്പെട്ടു.

20.05.2013 കിഴക്കേനടയിൽ നടപ്പാത നിർമ്മാണം. ഭക്തജനങ്ങൾക്ക് ഏതുകാലത്തും യാതൊരു ബുദ്ധിമുട്ടും കൂടാതെ ക്ഷേത്രത്തിലെത്താൻ സഹായകമാവും വിധം ദീപാലങ്കാരത്തോടെ നിർമ്മിച്ച് സമർപ്പിച്ചു.

20.5.2013 അന്നദാനമണ്ഡപം, ഓഡിറ്റോറിയം തറക്കല്ലിടൽ കർമ്മം ബ്രഹ്മശ്രീ കുമാരൻ നമ്പൂതിരിപ്പാട് ക്ഷേത്രം തന്ത്രി നിർവ്വഹിച്ചു. നടപ്പാത നിർമ്മാണവും അന്നദാനമണ്ഡപവും ഓഡിറ്റോറിയ നിർമ്മാണവും ശ്രീ സത്യപാലന്റെ (ബാബു) നേതൃത്വത്തിലാണ് നടത്തിയത്.

ഇതിന്റെ നിർമ്മാണം ഭക്തജനങ്ങളുടെ നിർലോഭമായ സഹായ സഹകരണത്താൽ 26.2.2015 (1190 കുംഭം 14) ഞായർ പൂർത്തിയായി. ചേലക്കര തൃത്താല നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ. മാരും, വരവൂർ, തിരുമിറ്റക്കോട്, ദേശമംഗലം എന്നീ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരും മറ്റനേക മഹദ് വ്യക്തികളുടേയും സാന്നിദ്ധ്യത്തിൽ സംപൂജ്യ സ്വാമി നിഗമാനന്ദ തീർത്ഥപാദർ, ഓംകാരാശ്രമം ദേശമംഗലം ഭദ്രദീപം തെളിയിച്ച് ഭക്തജനങ്ങൾക്കായി സമർപ്പിച്ചു. ഈ മണ്ഡപത്തിൽ ചോറൂണ്, ഉപനയനം, വിവാഹ നിശ്ചയം, വിവാഹ സൽക്കാരങ്ങൾ തുടങ്ങിയ ബഹുവിധ പരിപാടികൾ നടന്നു വരുന്നതിനാൽ ഏവർക്കും അഭിമാനിക്കാവുന്നതാണ്. തുടർന്നും ഈ മണ്ഡപത്തെ ഭക്തജനങ്ങൾ പ്രയോജനപ്പെടുത്തുവാൻ താൽപ്പര്യപ്പെടുന്നു

2015 ജൂലായ് 7 ന് ബലികല്ലുകൾ പിച്ചള പൊതിഞ്ഞു

13.1.2016 ന് ശ്രീകോവിലിലെ തൂക്കുവിളക്കുകൾ മുഴുവനും പുതിയതു വാങ്ങിച്ചു. ശ്രീകോവിലിനു ചുറ്റുമുള്ള തൂക്കുവിളക്കുകളും പുതിയതു വാങ്ങിച്ചു. ഇതോടെ ക്ഷേത്രപാലകന്റെ ശ്രീകോവിലിന്റെ ചുറ്റും തൂക്കുവിളക്കുകൾ സ്ഥാപിക്കുവാൻ സാധിച്ചു. ശ്രീ. സോമസുന്ദരൻ (തൃശ്ശൂർ) ശ്രീ രമേഷ് കുളങ്ങര മഠം ദേശമംഗലം, ശ്രീ. വേണുഗോപാൽ ഓങ്ങല്ലൂർ പട്ടാമ്പി എന്നിവരുടെ സഹായം എടുത്തു പറയേണ്ടിയിരിക്കുന്നു.

2016 മുതൽ നവരാത്രി 3 ദിവസം വിവിധ കലാപരിപാടികളോടെ ആഘോഷിക്കുന്നുണ്ട്.

2017 മാർച്ച് 5 ന് (1192 കുംഭം 21) രോഹിണി നക്ഷത്രത്തിൽ ഉത്സവം കൊടിയേറ്റ ദിവസം രാവിലെ എടക്ക, നാദസ്വരം എന്നീ വാദ്യഘോഷങ്ങളോടെ, ശ്രീവീരസ്ഥാനം വിരുട്ടാണത്തമ്മക്ക് തിരുമുഖം ചാർത്തിയ അതേ ഭക്തന്റെ വകയായി ശ്രീവീരഭദ്രസ്വാമിക്കും വെള്ളി കൊണ്ടുള്ള തിരുമുഖം ക്ഷേത്രം തന്ത്രി കല്ലൂർ മന ബ്രഹ്മശ്രീ കൃഷ്ണജിത് നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ ചാർത്തുകയുണ്ടായി. ഭദ്രശിൽപ കലാലയ മഞ്ചേരിയിലെ ശ്രീ.ഹരികൃഷ്ണൻ നമ്പൂതിരിയുടെ മേൽനോട്ടത്തിലാണ് തിരുമുഖം നിർമ്മിച്ചത്.

ശ്രീ മണികണ്ഠന്റെ ചുമതലയിൽ ഇരുകുറ്റൂർ ദേശത്തിന്റെ വകയായി 05.04.2017 ഗോപുര നിർമ്മാണത്തിന്റെ തറക്കല്ലിടൽ ചടങ്ങ് മൂത്തടികൾ നിർവ്വഹിച്ചു.

ക്ഷേത്രത്തിന്റെ സ്ഥലപരിധി മനസ്സിലാക്കി ക്ഷേത്രത്തിന്റെ 1 ഏക്കറിലധികം വരുന്ന ഭൂമി ശ്രീമതി നങ്ങേലിക്കുട്ടി അടീശ്വാർ ക്ഷേത്രത്തിലേക്ക് 05.04.2017 ന് സമർപ്പിക്കുകയുായി.

30.9.2017 ന് ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ ഗോപുര സമർപ്പണ ചടങ്ങ് നടന്നു. ഇതിന്റെ നടവാതിലുകൾ ആനയാണ് തുറന്നത് എന്ന കാര്യം പ്രത്യേകം അനുസ്മരിക്കുന്നു. ചെട്ടിപ്പടിയിലെ നമ്പ്യംകുറുപ്പത്ത് ശ്രീ മണികണ്ഠന്റെ നേതൃത്വത്തിൽ ചുരുങ്ങിയ സമയം കൊണ്ട് ഈ ക്ഷേത്രത്തിന്റെ മുഖഛായ തന്നെ മാറിയതിൽ എല്ലാ ഭക്തജനങ്ങൾക്കും അഭിമാനിക്കാം. ശ്രീ മണികണ്ഠന് പ്രത്യേക അനുമോദനങ്ങൾ നേരുന്നു.

ജീർണ്ണോദ്ധാരണത്തിന്റെ ഭാഗമായി ശ്രീ മണികണ്ഠന്റെ ചുമതലയിൽ 30.06.2018 ക്ഷേത്ര കാര്യാലയത്തിന് മൂത്തടികൾ തറക്കല്ലിട്ടും.

ശ്രീ എ.വി. ഗോപാലകൃഷ്ണൻ(മണി അയ്യർ) (മുംബൈ ആറങ്ങോട്ടുകര) സ്പോൺസർ ചെയ്ത സോളാർ പാനൽ 15.01.2019 മകരചൊവ്വ ദിവസം കാലത്ത് 8 മണിക്ക് വിശിഷ്ട വ്യക്തികളുടേയും ഭക്തജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ പ്രവർത്തനം ആരംഭിച്ചു. ലോകത്തിലെ സോളാർ ഇലക്ട്രിസിറ്റിയിൽ പ്രവർത്തിക്കുന്ന ആദ്യത്തെ ആരാധനാലയം എന്ന പദവി ഈ ക്ഷേത്രത്തിന് ലഭിച്ചു എന്നതും വളരെ അഭിമാനത്തോടെ പറയാം. M/s. Tata Power Solar പാലക്കാട് ആണ് ഇത് ചെയ്തുതന്നത്. ശ്രീ ഗോപാലകൃഷ്ണന് പ്രത്യേകം നന്ദി പറയട്ടെ.

13 മാർച്ച് 2019 ഉത്സവം കൊടിയേറ്റ ദിവസം വൈകുന്നേരം സംപൂജ്യസ്വാമി സദ്ഭവാനന്ദജി (ശ്രീരമാകൃഷ്ണ മഠം, പുറനാട്ടുകര, തൃശ്ശൂർ) കാര്യാലയ സമർപ്പണം ഭക്തജനങ്ങളുടേയും ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ നമ്പൂതിരിപ്പാടിന്റേയും സാന്നിദ്ധ്യത്തിൽ നടന്നു.

ക്ഷേത്രത്തിന്റെ വെബ് സൈറ്റിൽ എല്ലാ കാര്യങ്ങളും ഉൾകൊള്ളിച്ചു കൊണ്ട് www.viruttanamtemple.com ആരംഭിച്ചിട്ടുണ്ട്. ഇതിലേക്ക് ഏവരേയും സ്വാഗതം അരുളുന്നു അതുപോലെ whatsapp, facebook ക്ഷേത്രത്തിന്റെ ഫോൺ നമ്പർ എന്നിവയിലൂടേയും ക്ഷേത്രത്തെപ്പറ്റി എല്ലാ കാര്യങ്ങളും ലോകത്തെവിടെ ആണെങ്കിലും ലഭ്യമാണ്. ഈ വകയെല്ലാം ഭക്തജനങ്ങളുടെ നിർലോഭമായ സഹായ സഹകരണങ്ങൾ കൊണ്ടും സർവ്വോപരി വിരുട്ടാണത്തമ്മയുടെ കൃപാകടാക്ഷത്താലും അനുഗ്രഹം കൊണ്ടും മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചത്. ഇതിലേക്ക് വേണ്ടി ഏതു രൂപത്തിൽ പ്രവർത്തിച്ചവർക്കും ക്ഷേത്രത്തിന്റെ പേരിൽ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

2024 ജൂൺ 9 നും 2025 ജൂൺ 28 നും കാലത്ത് 8 മുതൽ ഉച്ചക്ക് 1 മണിവരെ ഐടീസ് കണ്ണാശുപത്രി മലപ്പുറം ശ്രീവീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിൽ സൗജന്യ നേത്രപരിശോധന ക്യമ്പ് നടത്തുകയുണ്ടായി. ധാരാളം പേർക്ക് ഇതിന്റെ പ്രയോജനംലഭ്യമായി.

****

നവീകരണ കലശം

ഇന്ന് ജീവിച്ചിരിപ്പുള്ളവരുടെ ഓർമ്മയിലെ ആദ്യത്തെ നവീകരണ കലശം ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിൽ 2010 മെയ് 16 മുതൽ 26 കൂടി (11 ദിവസം) നടത്തുകയുണ്ടായി.

നവീകരണ കലശത്തോടനുബന്ധിച്ചുള്ള പുനഃപ്രതിഷ്ഠ 2010 മെയ് 23 ഞായറാഴ്ച കാലത്ത് 8 മണിക്കും 9 മണിക്കും ഇടയിലുള്ള ശുഭ മുഹൂർത്തത്തിൽ നടന്നു. ദേവീ ചൈതന്യത്തിൽ വന്നിട്ടുള്ള കുറവ് പരിഹരിച്ച് വിധിയാംവണ്ണം മംഗളകരമായി നവീകരണം നിർവ്വഹിക്കുന്നതോടെ ക്ഷേത്രത്തിനും ദേശവാസികൾക്കും, വരും തലമുറക്കും ഐശ്വര്യവും, പുണ്യഫലങ്ങളും, ആയുരാരോഗ്യ സൗഖ്യങ്ങളും സിദ്ധിക്കും എന്നുള്ളത് ശാസ്ത്ര പ്രോക്തമാണ്.

ക്ഷേത്രതേജസ്സ് എക്കാലവും മങ്ങലേൽക്കാതെ നിലനിൽക്കണം എന്ന പ്രാർത്ഥനയോടെയാണ് പ്രതിഷ്ഠ നടത്തുന്നത്. എങ്കിലും പല കാരണങ്ങൾ കൊണ്ടുണ്ടാകുന്ന കേടുപാടുകൾ, അശുദ്ധി എന്നിവ കൊണ്ട് ദേവീ ചൈതന്യത്തിന് മങ്ങലേൽക്കുന്നു. അതോടെ ദേവിയുടെ അനുഗ്രഹ ശക്തിയും കുറഞ്ഞുവരുന്നു.

നിത്യനിദാന പൂജാനിവേദ്യങ്ങൾക്കോ ഭക്തജനങ്ങളുടെ വഴിപാടു സമർപ്പണങ്ങൾ കൊണ്ടോ ഈ കുറവ് നികത്താൻ കഴിയില്ല. ചൈതന്യ വർദ്ധകങ്ങളായ ഉപരികർമ്മങ്ങളും ദോഷശാന്തി കർമ്മങ്ങളും ആവശ്യമായി വരുന്നു. ഇത്തരം ചൈതന്യവർദ്ധക ചടങ്ങുകളിൽ ഏറ്റവും ബൃഹത്തും അത്യുൽകൃഷ്ടവും ആണ് നവീകരണ കലശം. ക്ഷേത്ര ചൈതന്യ വർദ്ധനവിനും, നാടിന്റെ ഐശ്വര്യത്തിനും കാരണഭൂതമായ നവീകരണ കലശം ഈ ക്ഷേത്രത്തിൽ നടത്തുവാൻ സാധിച്ചത് ദേവീഭക്തരുടെ സഹായ സഹകരണങ്ങൾ കൊണ്ടു മാത്രമാണ്. നവീകരണ കലശത്തിൽ പങ്കെടുക്കുവാനുള്ള ഭാഗ്യം ജീവിതത്തിൽ അസുലഭമായേ സിദ്ധിക്കാറുള്ളൂ.

11 ദിവസം നീണ്ടുനിന്ന ഈ മഹായജ്ഞത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചത് ക്ഷേത്രം തന്ത്രി കല്ലൂർ ബ്രഹ്മശ്രീ നീലകണ്ഠൻ നമ്പൂതിരിപ്പാടാണ്. (late).

ആത്മീയ പ്രഭാഷണങ്ങൾ

2009 ആഗസ്റ്റ് 2 മുതൽ 9 കൂടി (184 കർക്കിടകം 17-24) ശ്രീമദ് ഭാഗവത സഹ്താഹ യജ്ഞം. യജ്ഞാചാര്യൻ - ഭാഗവതകോകിലം ബ്രഹ്മശ്രീ വെൺമണി കൃഷ്ണൻ നമ്പൂതിരിപ്പാട്. 2009 ഡിസംബർ 06 (1185 വൃശ്ചികം 21) ഞായറാഴ്ച കാലത്ത് 9-12 വരെ അദ്ധ്യാത്മികാചാര്യനായ സംപൂജ്യ സ്വാമിജി ഉദിത് ചൈതന്യജിയുടെ ഭക്തി പ്രഭാഷണം. 10.1.2010 സ്വാമി ദുർഗ്ഗ പ്രിയാനന്ദ സരസ്വതി ഭക്തി പ്രഭാഷണം. 2010 ഫെബ്രുവരി 17 (1185 കുംഭം 6-14) മുതൽ 26 കൂടി ശ്രീമദ് ദേവീ ഭാഗവത നവാഹയജ്ഞം ഭാഗവതാചാര്യയും പണ്ഡിത വരേണ്യയുമായ ഭാഗവതരത്നം ശ്രീമതി ആലപ്പാട്ട് അമ്മിണിയമ്മ.(late) 2010 മെയ് 16 (1185 ഇടവം 2) സംപൂജ്യ സ്വാമിജി ഭൂമാനന്ദതീർത്ഥജി മഹാരാജ് നവീകരണ കലശം ഉത്ഘാടനവും അനുഗ്രഹ പ്രഭാഷണവും നടത്തി. 2010 ഡിസംബർ 18-25 വരെ (1185 ധനു 3-10 വരെ) ശ്രീമദ ഭാഗവത സപ്താഹ യജ്ഞം പരമാചാര്യ ഭാഗവത രത്നം ശ്രീമതി ആലപ്പാട്ട് അമ്മിണിയമ്മ. 11.03.2011 വെള്ളി സ്വാമി ഉദിത് ചൈതന്യജി ഭക്തി പ്രഭാഷണം 10-12 . 10.6.2011 വെള്ളിയാഴ്ച തെക്കേമഠം ശങ്കരാനന്ദ ബ്രഹ്മാനന്ദ ഭൂതിസ്വാമിയാർ ഭക്തി പ്രഭാഷണം. ദേശമംഗലം ഭജനസമിതി തയ്യാറാക്കിയ വിരുട്ടാണത്തമ്മയുടെ ഭക്തിസാന്ദ്രമായ സി.ഡി. ക്ഷേത്രം തന്ത്രിക്ക് നൽകി പ്രകാശനം ചെയ്തു. 03.12.2011 ശനിയാഴ്ച സാളഗ്രാമം ആശ്രമസ്ഥാപകനും സ്കൂൾ ഓഫ് ഭഗവത് ഗീതയുടെ ഉപജ്ഞാതാവുമായ സംപൂജ്യ സ്വാമിജി സന്ദീപാനന്ദഗിരിയുടെ ഭക്തി പ്രഭാഷണം. 02.03.2012 ഡോ. ഗോപാലകൃഷ്ണൻ. എൻ പ്രമുഖ ശാസ്ത്രജ്ഞൻ ഉirector, Indian Institute of Scientific Heritage, Thiruvananthapuram. 28.2.2012, 5.3.2012 പരമാചാര്യ ഭാഗവത രത്നം (late) ശ്രീമതി ആലപ്പാട്ട് അമ്മിണിയമ്മ നാരായണീയ സപ്താഹം. 04.07.2016 മുതൽ ദേവീഭാഗവത നവാഹയജ്ഞം, ഭാഗവത ഭക്തദാസൻ ശ്രീ രാജഗോപാലൻ പട്ടാമ്പിയുടെ നേതൃത്വത്തിൽ നടന്നു.11.12.2016 മുതൽ 18.12.2016 വരെ ഭാഗവത സപ്താഹയജ്ഞം സംപൂജ്യ സ്വാമി നിഗമാനന്ദ തീർത്ഥപാദർ ഓംശാരാശ്രമം, ദേശമംഗലം. ഇതേദിവസം 2024 കർക്കിടകമാസത്തിൽ രാമായണ മാസാചരണത്തിലന്റെ ഭാഗമായി 30 ദിവസവും വിവിധതരത്തിൽ പണ്ഡിത ശ്രേഷഠരുടെ പ്രഭാഷണം നടത്തുകയുണ്ടായി.

പഞ്ചലോഹത്തിടമ്പ് വാർക്കൽ
ഉത്സവം - പള്ളിവേട്ട ദിവസം

2.3.2010 ന് പഞ്ചലോഹത്തിടമ്പ് വാർക്കൽ : ബ്രഹ്മശ്രീ ഹരി നമ്പൂതിരിയുടെ സാന്നിദ്ധ്യത്തിൽ കൊടകര സുബ്രഹ്മണ്യൻ ആചാരിയുടെ നേതൃത്വത്തിൽ ക്ഷേത്ര മതിൽക്കകത്തു വെച്ച് ഭഗവതിയുടെ പഞ്ചലോഹത്തിടമ്പ് പുതുതായി വാർത്തെടുത്തു.

ബിംബപ്രയാണം

പഞ്ചലോഹത്തിടമ്പും ഉപദേവതാ ബിംബങ്ങളും വഹിച്ചുകൊണ്ടുള്ള ബിംബ പ്രയാണം 2010 മെയ് 9 ഞായറാഴ്ച കാലത്ത് ഷൊർണ്ണൂരിലുള്ള ആര്യങ്കാവ് ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട് ദേശമംഗലം, കൂട്ടുപാത, കോതപുരം ക്ഷേത്രം, കാളകശ്വേരം ക്ഷേത്രം, പല്ലൂർ നരസിംഹമൂർത്തി ക്ഷേത്രം, കുടപ്പാറ ക്ഷേത്രം, കൊയ്യൂർ സുബ്രഹ്മണ്യ ക്ഷേത്രം, മച്ചിൽ കുടപ്പാറ ഭഗവതി ക്ഷേത്രം, തിരുമിറ്റക്കോട് ചെറുകാട്, തിരുമിറ്റക്കോട് ശിവക്ഷേത്രം, തിരുമിറ്റക്കോട് ചോറ്റാനിക്കര ക്ഷേത്രം, എഴുമങ്ങാട്, ആറങ്ങോട്ടുകര, തലശ്ശേരി, പിലക്കാട് ഇരുത്തിപ്പറമ്പ്, കീഴ്ത്തളി ക്ഷേത്രം, നടുവട്ടം, തിച്ചൂർ, ഇട്ടോണം, കറുകപുത്തൂർ, ചാത്തന്നൂർ, ചിറക്കൽ, പുതുക്കുളങ്ങര, പെരിങ്കന്നൂർ, ചെട്ടിപ്പടി, തളി, വിരുട്ടാണം എന്നീ സ്ഥലങ്ങളിൽ വിഗ്രഹഘോഷയാത്ര നടത്തി വൈകുന്നേരം 7 മണിക്ക് വിരുട്ടാണം ക്ഷേത്രത്തിൽ തിരിച്ചെത്തി.

സമർപ്പണം



ശ്രീവീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിന്റെ ഐതിഹ്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, നിത്യനിദാന പൂജാദി കർമ്മങ്ങൾ, ആണ്ടുവിശേഷങ്ങൾ തുടങ്ങി പലവിധ കാര്യങ്ങളെകുറിച്ച് ഇതുവരേയും ആധികാരികമായി ലിഖിത രേഖകളൊന്നും എവിടേയും ലഭ്യമല്ല. കൊല്ലവർഷം 2005 മുതൽ ആരംഭിച്ച നവീകരണ പ്രക്രിയകൾ ഒരുവിധം പരിസമാപ്തിയിലെത്തിയപ്പോൾ തന്ത്രിവര്യൻ ചിരകാലാഭിലാഷമായ നവീകരണ കലശ തീയതി 2009 ഓഗസ്റ്റ് 3 ന് ക്ഷേത്ര സന്നിധിയിൽ വിളംബരം ചെയ്യുകയുണ്ടായി. ഈ സന്ദർഭത്തിൽ ക്ഷേത്രത്തിന്റെ ഈ വക കാര്യങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് തട്ടകത്തിലെ ഭക്തജനങ്ങളെ അറിയിക്കുവാനും വരും തലമുറകൾക്ക് പകർന്നു കൊടുക്കുവാനും കഴിയുംവിധം ഒരു സ്മരണിക ഇറക്കണമെന്ന ആഗ്രഹം ഇതോടെ സഫലമാകുകയാണ്. ചൈതന്യവർദ്ധക ചടങ്ങുകളിൽ ഏറ്റവും ബൃഹത്തും അത്യൽകൃഷ്ടവും ആയ നവീകരണ കലശം വിധി പ്രകാരം 2010 മെയ് 16-26 കൂടി (1185 ഇടവം 2 മുതൽ 12 കൂടി) നടക്കുകയുണ്ടായി.

ക്ഷേത്ര പുനരുദ്ധാരണത്തിനും നവീകരണ കലശത്തിന്റെ ഭംഗിയായ നടത്തിപ്പിനും അഹോരാത്രം അദ്ധ്വാനിച്ച ധാരാളം സൻമനസ്സുള്ള വ്യക്തികളുണ്ട്. അതുപോലെ സാമ്പത്തികമായും സാധനങ്ങളായും നിർലോഭം സഹായിച്ചവരും ധാരാളമുണ്ട്. ചില മഹത് വ്യക്തികളുടെ ഉപദേശങ്ങളും അനുഗ്രഹങ്ങളും ഈ സംരംഭത്തിന ് ലഭിച്ചിട്ടുണ്ട്. അവരെയൊക്കെ പേരെടുത്ത് പ്രസിദ്ധപ്പെടുത്തുക എളുപ്പമല്ല. എന്നാലും ഞങ്ങളുടെ അകമഴിഞ്ഞ സന്തോഷവും നന്ദിയും രേഖപ്പെടുത്തുന്നു.

എല്ലാറ്റിനും പുറമേ സർവ്വേശ്വരിയുടെ അനുഗ്രഹം കൊണ്ട് ഞങ്ങൾക്ക് ഈ **'സ്മരണിക'** പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ഇതിന്റെ എല്ലാ ഭാരവാഹികളും സന്തുഷ്ടരാണ്. വരും തലമുറക്ക് ഈ ക്ഷേത്രത്തെപ്പറ്റിയും ദേവിയുടെ കഥകളെ കുറിച്ചും അറിയുവാൻ ഈ സ്മരണിക ഉപയോഗപ്പെടുമെന്ന് കരുതട്ടെ. അതിനായി ഈ സ്മരണിക രണ്ടു കയ്യുംനീട്ടി സ്വീകരിച്ചാലും.

വിരുട്ടാണത്തമ്മയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ചു കൊണ്ട്

സോവനീയർ കമ്മിറ്റി

ഭക്തജനങ്ങളെ,

ശ്രീവീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിന്റെ കാലപഴക്കം നിർണ്ണയിക്കുവാൻ കഴിയാത്തവിധം ചരിത്രാതീതവും പൗരാണീകവുമാണ്. ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ് മഹാ തപസ്വിയായ ഋഷീശ്വരനാൽ പ്രതിഷ്ഠിതമാണ് ഈ ക്ഷേത്രമെന്ന് വിശ്വസിക്കപ്പെടുന്നു. കാലപഴക്കം കൊണ്ടുവന്ന കേടുപാടുകൾ തീർക്കുന്നതിന് മുന്നോടിയായി 1994 മെയ് 9 ാം തീയതി ശ്രീ നാഗലശ്ശേരി രാഘവൻനായരുടെ നേതൃത്വത്തിൽ ജ്യോതിഷ പണ്ഡിതന്മാരുടെ ദേവപ്രശ്നം ക്ഷേത്രത്തിൽ വെച്ച് നടന്നു.

ദേവപ്രശ്ന വിധിപ്രകാരം ക്ഷേത്രപുനരുദ്ധാരണ സേവാ സമിതി രൂപീകരിച്ച് സമിതിയുടെ പ്രവർത്തന ഫലമായി ശ്രീകോവിൽ മുഴുവനായി കരിങ്കല്ലിൽ പണിത് ചെമ്പോല മേയുന്നതിനും, സോപാനം, ശ്രീകോവിലിന്റെ കട്ടിള, മുൻവശം ചുമർ എന്നിവ പിച്ചള പൊതിയുന്നതിനും സാധിച്ചു എന്നത് ചാരിതാർത്ഥ്യജനകമാണ്. ശ്രീകോവിലിന്റെ മുറ്റം കരിങ്കൽ വിരിച്ച് നാലമ്പലത്തിന്റെ കേടുപാടുകൾ തീർത്ത് ശിവൻ, ക്ഷേത്രപാലൻ, ഗണപതി, ഭദ്രകാളി, ഭുവനേശ്വരി, സുബ്രഹ്മണ്യൻ എന്നീ ഉപദേവതാ ശ്രീകോവിലുകളും പുതുക്കി പണിതു. അതോടൊപ്പം ഉപദേവതാ ബിംബങ്ങളും പുതുതായി ഉണ്ടാക്കി. 2010 മെയ് 9 ന് കാലത്ത് 7 മണിക്ക് ആര്യങ്കാവ് ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട് തട്ടകങ്ങളിലൂടെ ബിംബപ്രയാണം നടത്തി സന്ധ്യയോടെ ക്ഷേത്രത്തിൽ എത്തിചേർന്നു. ബലിക്കല്ലുകൾ, സപ്ത മാതൃക്കൾ, ബലിപീഠം, അർച്ചനിബിംബം എന്നിവയും പുതുക്കി പണിതു. എല്ലാറ്റിനും ഉപരിയായി ഭഗവതിയുടെ പഞ്ചലോഹ തിടമ്പ് ക്ഷേത്രാങ്കണത്തിൽ തന്നെ വെച്ച് ഉത്സവം പള്ളിവേട്ട ദിവസം 2.3.2010 ന് പുതുതായി വാർത്തെടുത്തു. ക്ഷേത്രത്തിലെ തീർത്ഥകുളവും ഒരു ഭാഗം കരിങ്കൽ കൊണ്ട് പുതുക്കി പണിത് സുന്ദരമാക്കി. ഇത്രയും ബൃഹത്തായ പുനരുദ്ധാരണ പ്രക്രിയ സുഗമമായി നടന്നത് നാട്ടുകാരുടേയും ഭക്തജനങ്ങളുടേയും നിർലോഭമായ സഹായ സഹകരണങ്ങൾ ഒന്നുകൊണ്ടുമാത്രമാണെന്നുള്ള തിരിച്ചറിവിൽ അവരോരോരുത്തരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. സർവ്വോപരി ദേവിയുടെ അനുഗ്രഹവർഷം വിഘ്നങ്ങളൊന്നുമില്ലാതെ നമ്മെ മുന്നോട്ടു നയിച്ചു.

ഇനിയുള്ള ദിവസങ്ങൾ ഭക്തജനങ്ങളായ നമുക്ക് ആഹ്ളാദത്തിന്റേതാണ്. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് അവസാന ഘട്ടത്തിലെ ക്ഷേത്ര നവീകരണ കലശയത്നം 2010 മെയ് 16 മുതൽ 26 കൂടി (1185 ഇടവം 2 മുതൽ 12 കൂടിയ) ദിവസങ്ങളിൽ തന്ത്രി കല്ലൂർ മന ബ്രഹ്മശ്രീ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ഇതോടെ ക്ഷേത്രത്തിനും ദേശനിവാസികൾക്കും ഇന്നുള്ളതിലും പതിന്മടങ്ങ് ഐശ്വര്യവും ചൈതന്യവും അഭിവൃദ്ധിയും കൈവരുമെന്നാണ് നവീകരണ കലശത്തിന്റെ പ്രാധാന്യവും വിശ്വാസവും.

സോവനീയർ പ്രസിദ്ധീകരണത്തിനായി ഭക്തിനിർഭരമായ ലേഖനങ്ങളും ആശംസാപത്രങ്ങളും കവിതകളും നൽകി ഈ സദുദ്യമത്തെ പ്രോൽസാഹിപ്പിച്ച സ്വാമിജിമാരോടും ലേഖകൻമാരോടുമുള്ള നന്ദി ഹൃദയപൂർവ്വം രേഖപ്പെടുത്തുന്നു. സോവനീയർ നിർമ്മാണത്തിൽ പ്രത്യേക വിദഗ്ദ്ധരല്ലാത്ത ഞങ്ങൾക്ക് വീഴ്ചകൾ വരാതിരിക്കാൻ കഴിയുന്നത്ര ശ്രദ്ധിച്ചിട്ടും പരിശ്രമിച്ചിട്ടുമുണ്ട്. എന്നിരുന്നാലും ഏതെങ്കിലും തരത്തിലുള്ള ചെറിയ തെറ്റുകുറ്റങ്ങൾ വന്നിട്ടുങ്കിൽ ശ്രീ വിരുട്ടാണത്തമ്മയും അമ്മയുടെ ഭക്തജനങ്ങളും സദയം പൊറുക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ സ്മരണിക അമ്മയുടെ തൃപ്പാദങ്ങളിൽ സവിനയം ഭക്ത്യാദരപൂർവ്വം സമർപ്പിക്കുന്നു.

എല്ലാ തട്ടകങ്ങൾക്കും, തട്ടകനിവാസികൾക്കും ഭഗവതി സർവ്വ ഐശ്വര്യങ്ങളും സമാധാനവും പ്രദാനം ചെയ്ത് അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഭഗവതിയുടെ പ്രസാദമായി സമർപ്പണം ചെയ്യുന്നു.

കൃതജ്ഞതയോടെ,

ജനറൽ കൺവീനർ, സോവനീയർ കമ്മിറ്റി

സോവനീർ കമ്മറ്റി

മുഖ്യരക്ഷാധികാരി :

ബ്രഹ്മശ്രീ നീലകണ്ഠൻ നമ്പൂതിരിപ്പാട് (ക്ഷേത്രം തന്ത്രി, കല്ലൂർ മനു

രക്ഷാധികാരികൾ:

ബ്രഹ്മശ്രീ പരമേശ്വരൻ അടികൾ

(മുത്തഅടികൾ ശ്രീവിരുട്ടാണം ഭഗവതി ക്ഷേത്രം)

പത്മവിഭൂഷൺ ഡോ. ഇ. ശ്രീധരൻ എളാട്ടുവളപ്പിൽ, (മാനേജിംഗ് ഡയറക്ടർ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്)

ശ്രീ.കെ.പി. കുമാരൻ നായർ, നരിക്കുഴി, വിരുട്ടാണം

ചെയർമാൻ:

ശ്രീ.വി.കെ.എസ് അടികൾ, ഗായത്രി, വിരുട്ടാണം

വൈസ് ചെയർമാൻ:

ശ്രീ.മോഹനൻ കൊണ്ടയൂർ,

ശ്രീ ഗംഗാധരൻ തിരുമിറ്റക്കോട്,

ശ്രീ വിജയൻ ദേശമംഗലം

ശ്രീ.വി.കെ.രാജഗോപാലൻ അടികൾ, Retd HM (വിരുട്ടാണം)

ശ്രീ.വി.കെ.മോഹൻകുമാർ അടികൾ, വിരുട്ടാണം

ജനറൽ കൺവീനർ:

/ എഡിറ്റർ : ശ്രീ.പി.ബാലൻനായർ, വിരുട്ടാണം

ജോ.കൺവീനർ:

ശ്രീ.കെ.പിതാംബരൻ, വിരുട്ടാണം

ട്രഷറർ:

ശ്രീ.വി.കെ. നീലകണ്ഠൻ അടികൾ, വിരുട്ടാണം

എക്സിക്യൂട്ടീവ്

കമ്മറ്റി : ശ്രീ. വി.പി.മോഹനൻ, തിരുമിറ്റക്കോട്

ശ്രീ.കെ.പി. ചന്ദ്രൻ, തിരുമിറ്റക്കോട്

ശ്രീ.കെ.കെ.മോഹനൻ, കൊണ്ടയൂർ

ശ്രീ.എ.പി.ഗോപിനായർ, തലശ്ശേരി

ശ്രീ.കെ.ആർ ഉണ്ണികൃഷ്ണൻ, തലശ്ശേരി

ശ്രീ.പി. കെ.കൃഷ്ണൻ, തലശ്ശേരി

ശ്രീ. രാമചന്ദ്രൻ, തളി

ശ്രീ.സുശാന്ത് (കണ്ണൻ) ആറങ്ങോട്ടുകര

വികസനതാളുകൾ

മാർച്ച് 2010 ചെള്ളിപ്പടി മുതൽ അമ്പലം വരെ റോഡ് ടാർ പണി പൂർത്തിയാക്കി. ആദ്യമായി അമ്പലനടയിൽ നിന്ന് ബസ് സർവ്വീസ് KL-10-M 8242 ഞായറാഴ്ച ചിന്നൂസ് തുടങ്ങി. (10.1.2010) ഈ സർവ്വീസ് സാങ്കേതിക കാരണങ്ങളാൽ പിന്നീട് നിർത്തലാക്കി.

2008 മുതൽ ഉത്സവകാലത്തും പ്രതിഷ്ഠാദിനം ഉത്രം നാളുകളിലും അന്നദാനം നടത്തിവരുന്നു. സോവനിയർ കമ്മറ്റി 04.10.2009 ന് രൂപീകരിച്ചു. നവീകരണ കലശത്തോടനുബന്ധിച്ച് സോവനിയർ പ്രകാശനം ചെയ്തു.

ആതുരസേവാ - ഡോ. E. സുഷമ 24.1.2010 മുതൽ അമ്പല പരിസരത്ത് രാവിലെ 9 മണി മുതൽ 10 മണി വരെ (എല്ലാ 2 ാം ഞായറാഴ്ചയും) ഡോ. ടി.എൻ.രാജൻ (ഹോമിയോ) എല്ലാ മാസവും 3 ാം ഞായറാഴ്ചയും സൗജന്യമായി രോഗികളെ പരിശോധിച്ചു വരുന്നു.

ഈ സേവനങ്ങൾക്ക് പ്രാദേശികമായി ആവശ്യകത കുറഞ്ഞു കിരുന്നതിനാൽ 1 വർഷത്തിനുശേഷം നിർത്തലാക്കപ്പെട്ടു.

ക്ഷേത്രത്തിന് ചുറ്റും ഭക്തജനങ്ങളുടെ സൗകര്യാർത്ഥം (വാഹനയാത്രയടക്കം) റോഡുകൾ നിർമ്മിക്കുവാൻ വിരുട്ടാണത്തമ്മ കടാക്ഷിച്ചു. അധികം താമസിയാതെ ഈ റോഡുകൾ വൃത്തിയാക്കി തരുവാൻ വരവൂർ പഞ്ചായത്തധികൃതർ ഉറപ്പു നൽകിയിട്ടുണ്ട്. അതുപോലെ തളി വിരുട്ടാണം റോഡും അധികം താമസിയാതെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

സാധാരണ ദിവസത്തെ പൂജാവിധികൾ

കാലത്ത് 5.30 ന് അഭിഷേകം മലർ നിവേദ്യം അവിൽ / മലർ നിവേദ്യം - അവിൽ / മലർ

6 - 7 ഉഷപൂജ (കാലത്തെ പൂജ) നിവേദ്യം ശർക്കര പായസം

9 - 10 ഉച്ചപൂജ നിവേദ്യം ശർക്കര, പാൽ പായസം

വൈകുന്നേരം ദീപാരാധന

അത്താഴപൂജ - നിവേദ്യം പായസം

7.30 ന് നട അടക്കൽ

ആഘോഷങ്ങൾ / അനുഷ്ഠാനങ്ങൾ

1. മകരചൊവ്വ - മകരമാസത്തിലെ മുപ്പട്ടുചൊവ്വ

2. ഉത്സവം - കുംഭമാസത്തിലെ രോഹിണി നക്ഷത്രം കൊടിയേറ്റം, അത്തം നാളിൽ ആറാട്ട്

3. ചാന്താട്ടം - മേടമാസത്തിലെ ഉത്രം നാളിൽ ചാന്താട്ടം നടത്തുന്നതാണ്.

4. പ്രതിഷ്ഠാദിനം - എടവമാസത്തിൽ ഉത്രം നക്ഷത്രം

5. നിറ / കർക്കിടകവാവ് കഴിഞ്ഞ് അടുത്ത ഞായറാഴ്ച ദിവസം കാലത്ത് ഇല്ലംനിറ കൊണ്ടാടുന്നു.

6. പുത്തിരി ചിങ്ങത്തിലെ ഉത്രാടം നാളിൽ

7. നവരാത്രി - സരസ്വതിപൂജ. കാലത്ത് 7 മണി മുതൽ എഴുത്തിനിരുത്തൽ (സാധാരണ ദിവസങ്ങളിൽ കാലത്ത് 9.30 ന് എഴുത്തിനിരുത്തൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്) മൂന്ന് ദിവസം വൈകുന്നേരങ്ങളിൽ കലാ സാംസ്കാരിക പരിപാടികളുണ്ട്.

8. മണ്ഡലം കളമെഴുത്തു പാട്ട് വൃശ്ചികം 1 മുതൽ മകരചൊവ്വക്കു ശേഷമുള്ള വെള്ളിയാഴ്ച വരെ. കുംഭമാസത്തിൽ രോഹിണി നാൾ മുതൽ ഉത്രം നക്ഷത്രം വരെ ഉത്സവം കൊടിയേറ്റം മുതൽ പള്ളിവേട്ട വരെ (9 ദിവസം)

9. എല്ലാ മാസവും ഉത്രം നക്ഷത്രം നാമജപം, ഭജന, ഭദ്രകാളീ മഹാത്മ്യം, നാരായണീയ പാരായണം (കാലത്ത് 6 മണി മുതൽ) ഉച്ചക്ക് അമൃതഭോജനം എന്നിവയും വൈകുന്നേരം നിറമാല, ചുറ്റുവിളക്ക്, കേളി എന്നിവയും ഉണ്ടായിരിക്കും..

ദേവി ക്ഷേത്രം നവീകരണം

ജ്യോതിഷ ചക്രവർത്തി പെരിങ്ങോട് ശങ്കരനാരായണൻ
(റിട്ടയേഡ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ)

സ്മരണിക 2010 ൽ നിന്ന്

ഒരു ക്ഷേത്രം പുനരുദ്ധാരീകരിക്കപ്പെട്ടാൽ ആ നാടും അഭിവൃദ്ധിപ്പെട്ടു. ഒരു ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്ക് അഞ്ചു കാര്യങ്ങളാണ് വേതെന്ന് തന്ത്രസമുച്ചയം വ്യക്തമാക്കുന്നു.

"ആചാര്യതപസ്സാമ്നായ ജപേന നിയമേന ച
ഉത്സവാനേനന്നദാനേന ക്ഷേത്രവൃദ്ധിസ്തു പഞ്ചത"

എന്നാണ് പ്രമാണം. ആചാര്യതപസ്സ് എന്നാൽ തന്ത്രിയുടെ തപസ്സാണ്. ആചാര്യന്മാരുടെ തപസ്സ് എന്നും ആവാം. ആമ്നായ ജപമെന്നാൽ വേദജപം. ഗുരുവായൂരിൽ എന്നും വേദജപമുല്ലോ. മുറജപം വാരമിരിക്കൽ എന്നിവയിൽ പ്രധാന ചടങ്ങ് വേദജപമാണ്. നിയമം വേണം എന്നുവച്ചാൽ, വ്യവസ്ഥ വേണമെന്നാണ്. ഒരു ക്ഷേത്രത്തിൽ ഗണപതിഹോമം ഇന്നസമയത്ത്, പന്തീരടിപൂജ, ഉഷപൂജ, ദീപാരാധന, അത്താഴപൂജ, നടയടയ്ക്കൽ, പ്രതിഷ്ഠാദിനം, ഉത്സവം കൊടികയറൽ മുതലായവക്കെല്ലാം ഒരു വ്യവസ്ഥ വേണം. വ്യവസ്ഥയില്ലാത്ത ക്ഷേത്രത്തിന് അഭിവൃദ്ധിയുണ്ടാകില്ലെന്ന് സാരം. ഉത്സവവും അന്നദാനവും പ്രധാനമാണ്. അംകുരാദി, പടഹാദി, ദ്വജാതി എന്നീ മൂന്നുവിധത്തിലാണ് ഉത്സവം കൊടികയറൽ. ഉത്സവത്തിന്റെ പ്രധാന ചടങ്ങ് ശ്രീഭൂതബലി, ഉത്സവബലി മുതലായവയാണ്. ഉത്സവം കൊടികയറി കൊടി ഇറക്കുന്നതുവരെ നാടിന്റെ ഉൽസവമാണ്. നാടിന്റെ ഉത്സവകാലത്ത് ക്ഷേത്രത്തിനുള്ളിലും പുറത്തും പല പരിപാടികളും ചടങ്ങുകളും നടക്കും. ഏതു ക്ഷേത്രത്തിലും അന്നദാനം വിശേഷമായി വേണ്ടതാകുന്നു. പ്രസാദ ഊട്ട് എന്ന പേരിലറിയപ്പെടുന്ന ഈ അന്നദാനം മഹത്തരമാണ്. നമസ്ക്കാരം എന്ന വഴിപാടിന്റെ ഒരു ചടങ്ങാണ് ബ്രാഹ്മണർക്ക് ഊണ് നൽകൽ. ശ്രാദ്ധത്തിന്റെ ഒരു ചടങ്ങാണല്ലോ ഇണങ്ങന് ഭക്ഷണം നൽകി അനുഗ്രഹം വാങ്ങൽ. ഗുരുവായൂരും, ധർമ്മസ്ഥാനത്തും, ശബരിമലയിലും, കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിലും, പഴനിയിലും, മമ്മിയൂരും, തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിലും, കൊടുങ്ങല്ലൂരിലും അന്നദാനമുണ്ട്.

നവനഹി ബഹുദാനം അന്നദാനസ്സമാനം എന്നാണ് പ്രമാണം. ഒരു ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്ക് ഈ അഞ്ചു കാര്യങ്ങൾ ഒഴിച്ചു കൂടാത്തതാണ്. ഇന്നത്തെ അവസ്ഥ പലയിടത്തും ശോചനീയമാണ്.

"കോവിലിൽ വിളക്കില്ലാ, പൂജയോ ദയനീയം
പുറമെ വെടിക്കെട്ടും പൂരവും ഗംഭീരങ്ങൾ" -

എന്ന സ്ഥിതിയിലായിരിക്കുന്നു ഇക്കാലത്തെ ദേവാലയങ്ങളുടെ സ്ഥിതി.

സർവ്വവ്യാപിയായ ഈശ്വരൻ ഒന്നുമാത്രമുള്ള സ്ഥിതിക്ക് ആ ഈശ്വരൻ എല്ലാ ദിക്കിലുമുള്ള സ്ഥിതിക്ക് എന്തിനാണ് നാം ക്ഷേത്രങ്ങളിൽ (ദേവാലയങ്ങളിൽ) പോകുന്നത്. ഈശ്വരനെ വ്യത്യസ്തമായി പൂജിക്കുന്നത് ? ഇങ്ങനെയൊരു ചോദ്യമുണ്ടാകുമെന്ന് കരുതിയായിരിക്കും നമ്മുടെ പൂർവ്വികന്മാർ അതിനു മറുപടി തന്നിട്ടുള്ളത്. ഈശ്വരൻ എല്ലാ ദിക്കിലും നിറഞ്ഞുനിൽക്കുന്നു. എന്നാൽ ഈശ്വര ചൈതന്യം ക്ഷേത്രങ്ങളിൽ കൂടുതലാണ്. സർവ്വത്രഗോസീ ഭഗവൻഖലുാ വ്യജനേന വായു എന്ന തന്ത്രസമുച്ചയത്തിലെ വരികൾ ശ്രദ്ധിക്കുക. എല്ലാ ദിക്കിലും കാറ്റുണ്ട് (വായു ഉണ്ട്) എന്നാൽ വീശറി കൊണ്ട് വീശുമ്പോൾ കാറ്റ് കൂടുതൽ ലഭിക്കുന്നു. അതുപോലെയത്രേ ഈശ്വരചൈതന്യവും. കാറ്റ് സർവ്വത്രയുണ്ടെങ്കിലും വീശറി കൊണ്ട് വീശുമ്പോഴോ പങ്ക ഉപയോഗിക്കുമ്പോഴോ കൂടുതൽ കാറ്റ് ലഭിക്കുന്നതുപോലെ ക്ഷേത്രചൈതന്യം ക്ഷേത്രങ്ങളിൽ കൂടി വരുന്നു.

"കാറ്റെങ്ങുമുണ്ടെന്നാലും
പങ്കതൻ കീഴിലേറ്റം
കാറ്റുണ്ടതുപോൽ ദൈവചൈതന്യമേറും കാവിൽ"-

എന്ന കവി വാക്യം ഇവിടെ ശ്രദ്ധേയമാണ്. യാഗത്തിന് അരണി കടഞ്ഞ് തീ ഉണ്ടാകുന്നതുപോലെ തന്ത്രിയുടെ മനശക്തിയിൽ നിന്ന് പ്രപഞ്ചശക്തിയായ ഈശ്വരചൈതന്യം ആവാഹിച്ച് ബിംബത്തിൽ അവരോധിക്കപ്പെടുന്നു. അർച്ചകസ്യ പ്രഭാവേന ശില ഭവതിശങ്കരി ! എന്നതും സംഭവിക്കുന്നു. പൂജാരിയുടെ നിത്യനിവേദ്യ പൂജാദികളാൽ കല്ല് ദൈവമായി മാറുന്നു. അതാണ് വിഗ്രഹാരാധനയുടെ പൊരുൾ. വിഗ്രഹത്തിൽ ദൈവചൈതന്യം (പ്രപഞ്ചശക്തി) ആവാഹിക്കുകയും ഉദ്ധ്വസിക്കുകയും ചെയ്യുന്നു. ഒരു കുളത്തിലെ ജലം കൈകുമ്പിളിലെടുത്ത് ആ ജലം മേൽപ്പോട്ട്

അർപ്പിക്കുമ്പോൾ ആ ജലം വീണ്ടും ജലാശയത്തിൽ തന്നെ (കുളത്തിൽ) വീഴ്ത്തുന്നതു പോലെയുള്ള ഒരു പ്രവർത്തനം തന്നെയാണിതും. ഈശ്വരചൈതന്യം സർവ്വത്രയുണ്ടെങ്കിലും ചൈതന്യത്തിന്റെ തീവ്രത ക്ഷേത്രങ്ങളിലേറിയിരിക്കുന്നു

ഒരു ക്ഷേത്രത്തിൽ പലവിധ കാരണങ്ങളെ കൊണ്ടും ചൈതന്യലോപം സംഭവിക്കാം. രക്തം, മലം, മൂത്രം എന്നിവയുടെ പതനം, ആർത്തവാശുദ്ധി, പുലവാലായ്മ, അപ്രദക്ഷിണം, അന്യമന്ത്രയജ്ഞം, ചേര, കൂമൻ മുതലായവയുടെ പ്രവേശം, ബിംബത്തിന് ഛേദം, നീച പ്രവേശം, അഗ്നിബാധ, മാലിന്യം തുടങ്ങി അനേകം കാര്യങ്ങളാൽ ക്ഷേത്രചൈതന്യത്തിന് കോട്ടം വരാം. അതിനു പരിഹാരമാണ് നവീകരണ കലശം കൊണ്ടുദ്ദേശിക്കുന്നത്. ഏതു ക്ഷേത്രമായാലും പന്ത്രു വർഷത്തിലൊരിക്കൽ നവീശരണ കലശം വേണ്ടതാകുന്നു. ഒരു മൊബൈൽ ഫോണിന്റെ ചാർജ് കുറയുമ്പോൾ നാം ചാർജിലിട്ട് ബാറ്ററിയുടെ ശക്തി വർദ്ധിപ്പിക്കുന്നു. അതുപോലെ വിഗ്രഹചൈതന്യം കൂട്ടുന്ന ഒന്നാണ് നവീകരണകലശമെന്ന് ഏകദേശം ഉപമയായി പറയാം.

ഒരു പ്രതിഷ്ഠ നടത്തുമ്പോൾ സൂര്യചന്ദ്രൻമാരും നക്ഷത്രങ്ങളും ഉള്ള കാലത്തോളം ക്ഷേത്ര ചൈതന്യം നിലനിൽക്കണം എന്ന് പ്രാർത്ഥിച്ചാണ് തന്ത്രി പ്രതിഷ്ഠ നടത്തുന്നത്. എന്നാൽ ക്ഷേത്ര തേജസ്സ് പല കാരണങ്ങളാൽ കുറയുന്നതു മൂലം ഭക്തജനങ്ങൾക്കു ദൈവബിംബത്തിൽ നിന്നും ലഭിക്കേ അനുഗ്രഹകല വേവിധത്തിൽ ലഭിക്കാതെ വരുന്നു. ഇടയ്ക്ക് ഒരു മുറപോലെ ഇതിനു പരിഹാരമാണ് മന്ത്രതന്ത്ര സിദ്ധികൾ കൊണ്ടുള്ള പരിഹാരക്രിയകളും നവീകരണകലശവും.

ഗുരുവായൂർ ക്ഷേത്രത്തിൽ ഗുരുവായൂരപ്പന് എല്ലാ വർഷവും യഥാവിധി ബ്രഹ്മകലശം ആടാറുണ്ട്. ഗുരുവായൂരിലെ ചൈതന്യത്തിന്റെ രഹസ്യം അതാണ്. ഭാരിച്ച സംഖ്യ അതിനുവേ വരികയാൽ എല്ലാ ക്ഷേത്രങ്ങളിലും അത് നിർവ്വഹിക്കുവാൻ കഴിയുകയില്ല. ചൈതന്യ വർദ്ധക വിതാനങ്ങളിൽ ഏറ്റവും ശ്രേഠമായത് നവീകരണകലശമാണ്. നഷ്ടപ്പെട്ട ദേവചൈതന്യത്തെ വീണ്ടും ശക്തമാക്കുന്നു. മുഴുവൻ ചൈതന്യത്തോടെ.

ഒരു ക്ഷേത്രം ജീർണ്ണോദ്ധാരണ കർമ്മങ്ങളിൽ ഏർപ്പെട്ടാൽ നൂറുയാഗം നടത്തിയതിനു തുല്യഫലമാണത്രേ ലഭിക്കുക. അതുപോലെ തന്നെ ക്ഷേത്രത്തിൽ പ്രതിഷ്ഠാ സമയത്ത് ദർശനം നടത്തുന്നതായാൽ ആയിരം ക്ഷേത്രങ്ങൾ തൊഴുന്ന ഫലമാണുള്ളത്.

"ആപദി കിം കരണീയം
സ്മരണീയം ചരണയുഗളമംബായാ"

ആപത്തിൽ എന്തു ചെയ്യണം. സാക്ഷാൽ പരാശക്തിയെ സ്മരിക്കുകയാണ് വേണ്ടത്. അംബയെ സ്മരിച്ചാൽ (ദേവിയെ ഭജിച്ചാൽ) ബ്രഹ്മാവിനെപ്പോലും കിങ്കരനാക്കാമെന്ന് കൂടി ധ്വനിയുണ്ട്. കാക്കശ്ശേരി കുട്ടിയായ ഭട്ടതിരിപ്പാട് പണ്ഡിത ശ്രേഷ്ഠനായ ഉദ്ദണ്ഡശാസ്ത്രികളെ തർക്കത്തിൽ പരാജയപ്പെടുത്തിയ കഥ കേട്ടിട്ടില്ലേ. ആ കാക്കശ്ശേരിയുടെ വരികളാണ് മേലുദ്ധരിച്ചത്. പരദേശത്തു നിന്ന് വന്ന ഉദ്ദണ്ഡശാസ്ത്രികൾ, കാഴ്ചയിൽ ഉയരം കുറഞ്ഞ കുട്ടിയായിരുന്ന കാക്കശ്ശേരി ഭട്ടതിരിപ്പാടിനെ കണ്ടപ്പോൾ ആകാരം ഹ്രസ്വ യെന്ന് കളിയാക്കി പറഞ്ഞു. കുട്ടിയായ കാക്കശ്ശേരി ഭട്ടതിരിപ്പാട് മറുപടി പറഞ്ഞത് ആകാരം ന ഹ്രസ്വ: ആകാരം ദീർഘാഹ എന്നാണ്. ഇതുകേട്ട മാത്രയിൽ തന്നെ ഉദ്ദണ്ഡശാസ്ത്രികൾ വിഷണ്ണനായി. ആകാരം എന്നാൽ ആ എന്ന അക്ഷരം. ആകാരം എന്ന സ്വരം ദീർഘമാണല്ലോ. അ കാരം അ എന്ന സ്വരം ഹ്രസ്വവുമാണ്. ഇതാണല്ലോ വാസ്തവം. അതുകൊണ്ട് ആകാരം ഹ്രസ്വമല്ല. ദീർഘമാണ് എന്ന് കാക്കശ്ശേരി തിരിച്ചടിച്ചു. ഇങ്ങനെ പല കഥയും കാക്കശ്ശേരി ഭട്ടതരിയെപ്പറ്റി പറയാറുണ്ട്. ഏത് കാക്കയെ കാലും തിരിച്ചറിഞ്ഞിരുന്നുവത്രെ കാക്കശ്ശേരി ഭട്ടതിരിപ്പാട്. ഉദ്ദണ്ഡ ശാസ്ത്രികൾ ശാസ്ത്ര തർക്ക സദസ്സുകളിൽ തത്തമ്മയെ കൊണ്ടുവന്ന് ശരിയായ ഉത്തരം തത്തമ്മയെ കൊുതന്നെ പറഞ്ഞ് എതിരാളിയെ പരിഹസിച്ച് കളിയാക്കിയിരുന്നുവത്രെ. ഇത് മണത്തറിഞ്ഞ കാക്കശ്ശേരി തർക്കം നടക്കുന്ന സ്ഥലത്ത് ഒരു പൂച്ചയേയും കൊണ്ടുവന്നുവെന്ന് ഐതിഹ്യം. പൂച്ചയുടെ സാമീപ്യത്താൽ തത്തമ്മ പേടിച്ച് ഒരു ശബ്ദവും പുറപ്പെടുവിക്കാതിരുന്നുവത്രെ. ആ കാക്കശ്ശേരി ഭട്ടതിരിപ്പാട് ഭജിച്ചിരുന്ന ക്ഷേത്രമാണത്രേ വിരുട്ടാണത്ത് ദേവീ ക്ഷേത്രം എന്ന് കേട്ടിട്ടുണ്ട്.

കാക്കശ്ശേരി ഭട്ടതിരിപ്പാടും കൊടുങ്ങല്ലൂർ കുഞ്ഞുകുട്ടൻ തമ്പുരാനും മഹാകവികാളിദാസനും ദേവീ ഭക്തന്മാരായിരുന്നു. ശ്രീ ആദിശങ്കരാചാര്യനും ദേവീ

ഉപാസകനായിരുന്നു. കാളിദാസനെ കവിയാക്കിയത് ഭദ്രകാളിയുടെ വാളിന്റെ അഗ്രം കൊണ്ട് കാളിദാസന്റെ നാവിൽ അക്ഷരമെഴുതിച്ചാണെന്നാണല്ലോ ഐതിഹ്യം. ലോകത്തിൽ ഏറ്റവും വലിയ ശക്തിചൈതന്യം പരാശക്തിയാണ്. ത്രിമൂർത്തികൾ പോലും പരാശക്തിയുടെ അധീനതയിലാണത്രേ. മാതൃദേവോഭവ യെന്നത് പ്രസിദ്ധമാണല്ലോ. തങ്ങളുടെ മക്കളുടെ ഏതു കുറ്റത്തിനും മാപ്പു കൊടുക്കുന്ന കോടതിയാണ് അമ്മ. വാത്സല്യം, കാരുണ്യം, സ്നേഹം, ക്ഷമ തുടങ്ങിയ ഗുണങ്ങളുടെ കേദാരമാണ് അമ്മ. നമ്മൾ എത്ര തന്നെ പ്രതിഫലം നൽകിയാലും അമ്മയോടുള്ള കടം വീട്ടുവാൻ കഴിയുകയില്ല. അമ്മ തന്നെയാണ് ദൈവം. സ്വന്തം അമ്മയെ പരിരക്ഷിക്കാത്ത ആരും തന്നെ ക്ഷേത്രത്തിൽ പോയിട്ടു കാര്യമില്ല. ഭൂമിയേക്കാൾ വലുതേതെന്ന് ഒരിക്കൽ ധർമ്മപുത്രർ മറുപടി പറഞ്ഞ ഉത്തരം അമ്മ എന്നു തന്നെയാണ്. കുപുത്രന്മാർ ഉണ്ടായാലും 'കുമാതാ ന ഭവതി' എന്നാണല്ലോ വാക്യം. അതായത് ദുഷ്ടയായ അമ്മ ഉണ്ടാവുകയില്ല എന്നു സാരം.

പെറ്റമ്മയുടെ മഹത്വത്തെ ഉദ്ഘോഷിച്ച് ശ്രീ ജഗത് ഗുരു ആദിശങ്കരാചാര്യൻ രചിച്ച ഒരു ശ്ലോകമുണ്ട്. അതിന്റെ മനോഹരമായ പരിഭാഷ ഇപ്രകാരമാണ്.

"നിക്കട്ടെ പേറ്റു നോവിൻ കഥ
രുചി കുറയും കാലവും തൻ ചടയും
പൊയ്ക്കോട്ടെ കൂട്ടിടേണ്ട, മലമതി
ലൊരുകൊല്ലം കിടച്ചും കിടപ്പും
നോക്കുമ്പോൾ ഗർഭമാകും വലിയ
ചുമടെടുക്കുന്നതിൻ കൂലി മകനു-
മതു നിലയ്ക്കുള്ളോരമ്മേ തൊഴുന്നേൻ"

ഈ അമ്മയുടെ സങ്കൽപ്പത്തിലുള്ള ദേവീ ചൈതന്യമാണ് വിരുട്ടാണത്തമ്മ.

മറ്റു സ്ഥലങ്ങളെക്കാളും അനുകൂലോർജം ഒരു ക്ഷേത്രത്തിൽ കുടിയിരിക്കുമെന്ന് ഡ്രൌസിങ്ങ് റോഡ് എന്ന ചെറിയ ഉപകരണം വെച്ച് പരീക്ഷിച്ച് നമുക്ക് ബോദ്ധ്യപ്പെടാവുന്നതാണ്. ഒരു നിലവിളക്ക് നെയ്യോ, നല്ലെണ്ണയോ ഉപയോഗിച്ച് കത്തിച്ച സ്ഥലത്തും അനുകൂലോർജം കൂടുതലാണ്. കേരളത്തിൽ മാതൃരൂപത്തിൽ ദേവീ ക്ഷേത്രങ്ങൾ (കാവുകൾ) ധാരാളമുണ്ടായിരുന്നു. 18 ദുർഗ്ഗാ ക്ഷേത്രങ്ങൾ എന്നൊക്കെകേട്ടിട്ടില്ലേ.

ആടിക്കൊണ്ടാൽ ദൈവം കുടികൊള്ളും എന്നതിനെ അന്വർത്ഥമാക്കി കൊണ്ടു ശ്രീ വിരുട്ടാണത്ത് വസിക്കുന്ന സർവ്വൈശ്വര്യദായിനിയായ ജഗദംബികയുടെ പാദാരവിന്ദങ്ങളിൽ അടിയന്റെ സഹസ്രപ്രണാമം. സൽസന്താനലബ്ധിക്കും ആപൽശാന്തിക്കും ശത്രുസംഹാരത്തിനും, ശാന്തിക്കും, ഐശ്വര്യത്തിനും, നല്ല വിദ്യാഭ്യാസലബ്ദ്ധിക്കും, കലയ്ക്കും, നല്ല ദാമ്പത്യജീവിതത്തിനും, ഗ്രഹപ്പിഴ ശാന്തിക്കും, യശസ്സിനും ഇവിടെ ഭജിച്ച് യഥാശക്തി വഴിപാടു ചെയ്യുന്നത് ഏറ്റവും വിശേഷമാകുന്നു. വിരുട്ടാണത്ത് വേല ചരിത്രപ്രാധാന്യമുള്ള വേലയാകുന്നു. അതിൽ എട്ടാംകളം വേല പെരിങ്ങോടും ആചരിച്ചുപോന്നിരുന്നു. ഈ ക്ഷേത്രത്തിൽ പൂജ നടത്തുന്ന അടികൾ എന്ന സ്ഥാനപ്പേരോടു കൂടിയവർ കൊടുങ്ങല്ലൂരമ്മയെ പൂജിക്കുന്ന അടികൾമാർ തന്നെയെന്നത് ഏറെ പ്രാധാന്യമുള്ള കാര്യമാണ്. ഒരേ പീഠത്തിൽ തന്നെ ദേവിയുടേയും വീരഭദ്രന്റേയും പ്രതിഷ്ഠയുള്ള ഈ വിരുട്ടാണത്തു ക്ഷേത്രം ഐതിഹ്യങ്ങളിലും അൽഭുതങ്ങളിലും ആചാരങ്ങളിലും വേറിട്ടു നിൽക്കുന്നു.

****

ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതിക്ഷേത്രം

വഴിപാട് വിവരം

1. സാധാരണ പുഷ്പാഞ്ജലി	: 7
2. രക്ത പുഷ്പാഞ്ജലി	: 10
3. ഗുരുതി പുഷ്പാഞ്ജലി	: 20
4. ശത്രുസംഹാര പുഷ്പാഞ്ജലി	: 20
5. ഭാഗ്യസുക്ത പുഷ്പാഞ്ജലി	: 20
6. സ്വയംവര പുഷ്പാഞ്ജലി	: 20
7. സാരസ്വതസൂക്തം പുഷ്പാഞ്ജലി	: 20
8. ഐക്യമത്യസൂക്തം പുഷ്പാഞ്ജലി	: 20
9. ആയു സൂക്തം പുഷ്പാഞ്ജലി	: 20
10. ലളിതസഹസ്രനാമ പുഷ്പാഞ്ജലി	: 25
11. പട്ട് ചാർത്തൽ	: 30
12. മോതിരം ചാർത്തൽ	: 30
13. താലി ചാർത്തൽ	: 50
14. എണ്ണ	: 20, 30, 50, 100
15. നെയ്യ്	: 30
16. വിളക്ക്, മാല	: 30
17. മാല	: 20
18. പായസം	: 50
19. കൂട്ടുപായസം	: 100
20. ശർക്കര പാൽ പായസം (ഉച്ചപൂജയ്ക്ക്	: 100
21. തിരുമധുരം	: 51
22. ചോറൂണ്	: 101
23. ഭഗവതി സേവ	: 151
24. നിവേദ്യം	: 30

അരിപ്പറ	:	101
നെൽപ്പറ	:	101
നാണയപ്പറ	:	1001
അയ്മ്പറ	:	501
കെടാവിളക്ക്	:	151
വാഹന പൂജ (2 വീലർ)	:	101
വാഹന പൂജ (4 വീലർ)	:	201

മുൻകൂട്ടി ബുക്ക് ചെയ്യേണ്ട വഴിപാടുകൾ

1.	കഠിനപായസം	:	100
2.	അപ്പം	:	50
3.	ഒറ്റപ്പം	:	30
4.	ഗണപതിഹോമം	:	51
5.	വിവാഹം	:	501
6.	ഒരു നേരത്തെ പൂജ	:	201
7.	ത്രികാലപൂജ	:	301
8.	ഒരു ദിവസത്തെ പൂജ	:	501
9.	ദീപസ്തംഭം	:	501
10.	ചുറ്റുവിളക്ക്	:	2000
11.	കളമെഴുത്തുപാട്ട്	:	3500
12.	സ്പെഷ്യൽ കളം		4000
13.	ദാരികാവധം ചൊല്ലൽ	:	300
14.	ചാന്താട്ടം	:	5001
15.	നിറമാല	:	300



തന്ത്രിമാരും സേവാ സമിതി അംഗങ്ങളും



ക്ഷേത്ര വാദ്യക്കാർ



ക്ഷേത്രത്തിലെ കഴകകാർ



ക്ഷേത്ര ജീവനക്കാർ

വിവാഹം / ചോറൂണ് (അന്നപ്രാശം) എന്നിവ ക്ഷേത്ര ദർശന സമയത്ത് മാത്രം നടത്താവുന്നതാണ്.

ഉത്സവകാലത്ത്

അന്നദാനം

കാലത്ത്	:	5,000
ഉച്ചക്ക്	:	20,000
രണ്ടു നേരം കൂടി	:	25,000

ക്ഷേത്രത്തിൽ ദിവസേന പ്രഭാത ഭക്ഷണം (കാലത്ത് 6 മണി മുതൽ 10 മണി വരെ) ഇതിന് ഒരു ദിവത്തെ ചിലവ് 2500 രൂപ എന്ന നിരക്കിൽ സ്പോൺസർ ചെയ്യാവുന്നതാണ്.

ശ്രീ വീരസ്ഥാനം വിരുട്ടാണത്തമ്മയുടെ ലാമിനേഷൻ ചെയ്ത ഫോട്ടോ ക്ഷേത്ര കൗറിൽ ലഭ്യമാണ്.

നാമജപം

എല്ലാ മാസവും ഉത്രം നക്ഷത്രത്തിൽ കാലത്ത് 6 മണി മുതൽ വൈകുന്നേരം 6 മണി വരെ നാരായണീയ പാരായണം, നാമജപം, അമൃത ഭോജനം, ചുറ്റുവിളക്ക്, നിറമാല, കേളി എന്നിവ ഉണ്ടായിരിക്കുന്നതാണ്.

ശ്രീ വീരസ്ഥാനം വിരുട്ടാണത്തമ്മ ഭജനസമിതി, കൊട്ടിപ്പാറ, ദേശമംഗലം അമ്മയുടെ ഭക്തിസാന്ദ്രമായ കീർത്തനങ്ങൾ പ്രമുഖ പിന്നണിഗായകൻ ശ്രീ മധുബാലകൃഷ്ണനും മറ്റു പ്രശസ്തരും ആലപിച്ച് ആൽബമാക്കിയിരിക്കുന്നു. ഈ സി.ഡി ഭക്തജനങ്ങൾക്ക് ക്ഷേത്രകൗണ്ടറിൽ നിന്നും വാങ്ങാവുന്നതാണ്.

ക്ഷേത്ര ദർശനസമയം
കാലത്ത് 5.30 മുതൽ 10 മണി വരെ
വൈകുന്നേരം 5.30 മുതൽ 7.30 വരെ

സംഭാവനകൾ അയക്കേണ്ട വിലാസം

Viruttanam Bhagawathi Temple
P.O. Thali, Via. Varavoor, Thrissur (Dt),
Kerala - 680 585
web : www.viruttanamtemple.com
Mob : 9846236688, 9645150312
email : vksadigal@gmail.com

Bank of BARODA
servey No: 312 2p
Thichur Village Branch
THRISSUR- 680 609
AC/No: 62800200001065
IFSC: BARBOVJYHIC


ആശംസകൾ

സർവ്വമംഗള മംഗല്യേ സർവാർത്ഥ സാധികേ
ശരണ്യേ ത്ര്യംബികേ ദേവീ നാരായണീ നമോസ്തുതേ

ധർമ്മമാണ് മനുഷ്യ സമൂഹത്തെ നേർവഴിയിലൂടെ നടത്തുന്നത്. അതിനാലാണ് ധർമ്മേണ ഗമനമൂർദ്ധ്വം ഗമനമധസ്താത് ഭവത്യധർമ്മേണ (ധർമ്മചരണത്താൽ മനുഷ്യർക്ക് ഉയർച്ചയുണ്ടാകുന്നു, അധർമ്മം പ്രവർത്തിക്കുന്നതിലൂടെ അധഃപതനവും) എന്ന് സനാതന മൂല്യങ്ങളെനന്നായി അറിയുന്ന ഋഷിമാർ സമൂഹത്തോട് പറഞ്ഞത്. വ്യക്തിയുടേയും, കുടുംബത്തിന്റേയും, സമൂഹത്തിന്റേയും, രാഷ്ട്രത്തിന്റേയും ധർമ്മങ്ങളെ മനസ്സിലാക്കി ഒരാൾ തന്റെ കടമകളേയും കർത്തവ്യങ്ങളേയും ഉൾക്കൊണ്ട് പ്രവർത്തിച്ചാൽ മാത്രമെ അവനവനും സമൂഹത്തിനും പ്രയോജനപ്പെടുകയുള്ളൂ. ഈ കർത്തവ്യങ്ങളെ വേണ്ട രീതിയിൽ അറിയാത്തതിനാലോ, ഓരോരുത്തരും അത് പാലിക്കപ്പെടാത്തതോ ആണ് ഇന്ന് സമൂഹത്തിൽ കാണുന്ന മൂല്യ ച്യുതികൾക്ക് കാരണം.

ഈ സാഹചര്യത്തിലാണ് നമ്മുടെ ക്ഷേത്രങ്ങളുടേയും അനുഷ്ഠാന രീതികളുടേയും എല്ലാം മഹത്വം പ്രസക്തമാകുന്നത്. കാരണം ക്ഷേത്രങ്ങളിലൂടെയാണ് നമ്മുടെ ആത്മീയ മൂല്യങ്ങളും ധാർമ്മിക ബോധവും സാംസ്കാരിക പൈതൃകങ്ങളും പ്രചരിക്കേണ്ടത്. ഈ ഉത്തരവാദിത്വം വേണ്ട രീതിയിൽ മനസ്സിലാക്കി തന്നെയാണ് നമ്മുടെ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രം പൂർണ്ണമായും പ്രവർത്തിക്കുന്നത്. നാടിന്റെ ആദ്ധ്യാത്മിക ചൈതന്യ വർദ്ധനവിനും, സമൂഹത്തിൽ ധാർമ്മിക ബോധ പ്രചരണത്തിനും സാമൂഹിക ഐക്യത്തിനും ഊന്നൽ നൽകി പ്രവർത്തിക്കുന്ന ക്ഷേത്ര ഭാരവാഹികൾക്കും, ഭഗവതിയുടെ അനുഗ്രഹം എപ്പോഴും ഉണ്ടായിരിക്കട്ടെ എന്നും, നാൾക്കുനാൾ ക്ഷേത്രവും നാടും ഭക്തജനങ്ങളും അഭിവൃദ്ധിപ്പെടട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട്

സദ്ഗുരു സേവയിൽ സ്വാമി നിഖിലാനന്ദ സരസ്വതി
ജ്ഞാനാനന്ദ കുടീരം, ഇരുനിലംകോട്.



ചിത്രം : നീണ്ടൂർ രാമചന്ദ്രൻ, തലശ്ശേരി